2010 സെപ്റ്റംബർ
ഹി.ശ 1389 - തബൂക്ക്
1431 റംസാൻ - ശവ്വാൽ
പുസ്തകം 82 ലക്കം 9
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ് - പാകിസ്താനിലെ പ്രളയം**

6 **ദൈവഭയം പാപമോചനമാർഗ്ഗം**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്ബ

7 ***വിശുദ്ധ ഖുർആൻ നമ്മെ സംരക്ഷിക്കും***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

ലേഖനം

10 ***യേശുവിന്റെ യാഥാർത്ഥ്യം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

13 ***രമ്യമനോഹരമായ പ്രപഞ്ചവ്യവസ്ഥ***
മുഹമ്മദ് സഫറുല്ലാഹ് ഖാൻ

17 **പാകിസ്താൻ പ്രകൃതിദുരന്തം: *യാദൃശ്ചികമോ?***
എ.എം. മുഹമ്മദ് സലിം

22 ***ലണ്ടൻ: മുസ്‌ലിം പ്രവാസി* നേതാക്കളുടെ പറുദീസ**
അബ്ദുറഹ്മാൻ, കൊടിയത്തൂർ

26 ***പരലോകത്തെ മൗദൂദിയൻ ന്യായവാദം***
പി.എ. മുഹമ്മദ് സലീം, കൊടുങ്ങല്ലൂർ

31 ***അന്യഗ്രഹജീവികൾ***
എം. മുബാറക്ക് അഹ്മദ്, കരുനാഗപ്പള്ളി

കവിത

12 ***രക്തപുഷ്പമങ്ങൾ***
എച്ച്.എസ്. കാവശ്ശേരി

ചോദ്യോത്തരം

16 ***നേരത്തെ മരിക്കുന്നവരുടെ വിധി***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

കുറിപ്പുകൾ

33 ***കേരളത്തിലെ മുബാഹല; ഇശാഅത്ത് പ്രസിഡണ്ടിന്റെ സത്യസാക്ഷ്യം.***

36 ***വാർത്തകൾ***

41 ***അനുസ്മരണം***

**ചീഫ് എഡിറ്റർ** : മുഹമ്മദ് ഇസ്മായിൽ Mob : 9446656123
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob : 8907182933, 9895263384, **E-mail: salimqld@yahoo.in**
**മാനേജർ** : അഹ്മദ് ഹസ്സൻ Mob : 9446482108

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Muslim Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്


അപ്പോൾ കുത്തിയൊലിക്കുന്ന വെള്ളത്തോടുകൂടിയ ആകാശത്തി ന്റെ കവാടങ്ങൾ നാം തുറന്നുവിട്ടു. നാം ഭൂമിയിൽ നിന്ന് ഉറവുകളൊഴുക്കുകയും ചെയ്തു. അപ്പോൾ (ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നുമുള്ള) വെള്ളം നിർണ്ണിതമായൊരു കാര്യത്തിന് കൂടിച്ചേർന്നു... തീർച്ചയായും നാം അതിനെ ഒരു ദൃഷ്ടാന്തമായി വിട്ടിരിക്കുന്നു. എന്നാൽ ഉപദേശം സ്വീകരിക്കുന്ന വല്ലവനുമുണ്ടോ. (54:12-16)

## നബിവചനം

മുആദ് (റ)നിന്നും നിവേദനം: മർദ്ദിതന്റെ പ്രാർത്ഥനയെ സൂക്ഷിക്കുക; അവനും അല്ലാഹുവിന്നുമിടക്ക് യാതൊരു മറയും ഉണ്ടായിരിക്കില്ല .

**(ബുഖാരി)**

**യുഗശബ്ദം**



# നൂഹിന്റെ കാലം കൺമുമ്പിൽ വരും

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരേയും ദൈവത്തിന്റെ രക്ഷയിൽ തെളിച്ചുകൂട്ടുന്നതിന് ആവുന്നതും ശ്രമിച്ചു. എന്നാൽ നിയതി നിയമം പൂർത്തിയാകേണ്ടതു ആവശ്യമാണല്ലോ! ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത്. നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിനു പാത്രമായിത്തീരുന്നതിന് പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവിൻ. ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമത്രെ. ഏതൊരുവൻ സർവ്വശക്തനെ ഭയപ്പെടുന്നില്ലയോ അവൻ മൃതപ്രായനാകുന്നു. ജീവനുള്ളവനല്ല. *(ഹഖീഖത്തുൽ വഹി. 1905)*

മുഖക്കുറിപ്പ്

# പാകിസ്താനിലെ പ്രളയം

നൂഹ് നബി(അ)യുടെ കാലം അനുസ്മരിപ്പിക്കുന്ന ഒരു മഹാപ്രളയത്തിന്റെ കെടുതിയിലാണ് പാകിസ്താൻ. ഒരു മാസമായി തുടരുന്ന പ്രളയം വീണ്ടും രൂക്ഷമാവുകയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നാഗരികതകളുടെ വളർത്തമ്മയായ സിന്ധുനദി പാകിസ്താനിലെ നഗരങ്ങളും ഗ്രാമങ്ങളും തകർത്ത് കൂലംകുത്തി ഒഴുകയാണ്. പാകിസ്തന്റെ ഇരുപത് ശതമാനം ഭൂമി പ്രളയജലത്തിന്നടിയിലാണ്. രണ്ട് കോടിജനതയെ നേരിട്ട് ബാധിച്ച ഈ പ്രളയത്തിൽ ഇത് വരെ 1700 പേർ മരിച്ചതായാണ് റിപ്പോർട്ട്. മരണസംഖ്യയുടെ യഥാർത്ഥവിവരം ഇത് വരെ തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പകർച്ചവ്യാധികളും, ഭക്ഷ്യക്ഷാമവും വമ്പിച്ച ഭീഷണിയായി നില്ക്കുന്നു. 20 ലക്ഷം ആളുകൾ ഭവനരഹിതരായി ഒരു കോടിയോളം ആളുകളെ ദുരിതാശ്വാസക്യാമ്പുകളിൽ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. കാർഷിക രാജ്യമായ പാകിസ്താന്റെ കൃഷിയും കാലിസമ്പത്തും വമ്പിച്ച തോതിൽ നശിപ്പിക്കപ്പെട്ടു. റോഡുകളും പാലങ്ങളും തകർന്നതിന് കയ്യും കണക്കുമില്ല. 'മന്ദഗതിയിലുള്ള സുനാമി' (Slow motion tsunami) എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ജലപ്രളയം ഈയടുത്തകാലത്തൊന്നും സംഭവിച്ചിട്ടില്ലാത്ത തുല്യതയില്ലാത്ത ഒരു പ്രകൃതി ദുരന്തമാണ്. പൂർണമായും പരാശ്രയത്തിലായി, ലോകത്തിനുമുമ്പിൽ കൈനീട്ടി നില്ക്കുന്ന പാകിസ്താൻ ദശാബ്ദങ്ങൾ കഴിഞ്ഞാൽ മാത്രമേ സാധാരണഗതിയിലേക്ക് തിരിച്ചുവരാനാവൂ എന്ന് വിലയിരുത്തപ്പെടുന്നു.

ഈ ദുരിത മഹാസാഗരത്തിൽ പാകിസ്താൻ ഭരണകൂടം അന്തംവിട്ടു നിൽക്കുകയാണ്. പാകിസ്താൻ പ്രളയത്തോടനുബന്ധിച്ച് ഐക്യരാഷ്ട്രസഭ ന്യൂയോർക്കിൽ വിളിച്ചുചേർത്ത പ്രത്യേക സമ്മേളനത്തിൽ ലോകരാഷ്ട്രങ്ങളോട് ഉദാരമായി സംഭാവന ചെയ്യാൻ സെക്രട്ടറി ജനറൽ ബാൺ കി മൂൺ അഭ്യർത്ഥിക്കുണ്ടായി. വളരെ ഉദാസീനമായ പ്രതികരണമാണ് അമേരിക്കയിൽ നിന്നും യൂറോപ്യൻ നാടുകളിൽ നിന്നും ഉണ്ടായത്. അമേരിക്ക, യൂറോപ്പ്, ഇന്ത്യ എന്നിവിടങ്ങളിൽ നിന്നുള്ള സഹായധനം വാങ്ങരുതെന്ന് തീവ്രവാദികൾ പ്രസ്താവിച്ചിട്ടുണ്ട്. ഈ രാജ്യങ്ങളിൽ നിന്നും ദുരിതാശ്വാസപ്രവർത്തകരെത്തിയാൽ ആക്രമിക്കുമെന്നും തീവ്രവാദികളുടെ ഭീഷണിയുണ്ട്.

കൊലപാതകങ്ങളുടേയും അസഹിഷ്ണുതയുടേയും അക്രമണത്തിന്റേയും കൂത്തരങ്ങായ പാകിസ്താനിൽ പല സ്ഥലങ്ങളിലും ഭരണം തീവ്രവാദികളുടെ കൈകളിലാണ്. ഈ പ്രളയക്കെടുതിയിലും ആ ഹീനത്വം പാകിസ്താനിൽ ആവർത്തിക്കപ്പെട്ടു. അഹ്മദികൾക്കും ന്യൂനപക്ഷങ്ങൾക്കുമെതിരെ ഏകപക്ഷീയമായ ആക്രമണങ്ങളും അതുപോലെ മുസ്‌ലിം ഗ്രൂപ്പുകൾ തമ്മിലും ശിയാക്കളും സുന്നികളും തമ്മിലും ബോംബേറിന്റേയും കൂട്ടക്കുരുതികളുടേയും അറ്റമില്ലാത്ത പരമ്പരകളും അവിടെ തുടരുകയാണ്. വർഷങ്ങളായി ചോരയും കണ്ണീരുമൊഴുകാത്ത ഒരു ദിനം പോലും പാകിസ്താനിലുണ്ടായിട്ടില്ല. എല്ലാം പരിശുദ്ധമായ ഇസ്‌ലാമിന്റെ പേരിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഈ പശ്ചാത്തലമുള്ള പാകിസ്താനിൽ ഈ പ്രളയം കേവലം യാദൃശ്ചികമാണോ? പാകിസ്താനെ ഇനി അല്ലാഹുവിന് മാത്രമേ രക്ഷിക്കാൻ സാധിക്കൂ. രണ്ട് മാസം മുമ്പ് ലാഹോറിലെ മസ്ജിദുകളിൽ വെച്ച് അഹ്മദികൾ കൂട്ടക്കൊലക്കിരയായപ്പോൾ ഈ കോളത്തിലെഴുതിയ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ.

*'നിരപരാധരും ഭക്തരുമായ സത്യാത്മാക്കളുടെ വിശുദ്ധ രക്തം ചിന്തിയിട്ടും അല്ലാഹു പ്രതികരിക്കാതിരിക്കുമെന്ന് ആരും കരുതേണ്ട. ദ്രോഹികളായ ജനത്തിനുമേൽ അല്ലാഹുവിന്റെ കോപതാപങ്ങൾ പെയ്തിറങ്ങിയ ഖുർആനിലെ ചരിത്രസത്യങ്ങൾ കേവലം രാക്കഥകളോ പുരാവൃത്തങ്ങളോ അല്ല. അവ എക്കാലവും സജീവമായ ചരിത്രനിയമങ്ങളാണെന്നോർക്കുക. പാകിസ്താൻ ഇന്ന് അധഃപതനത്തിന്റെ അഗാധഗർത്തങ്ങളിലേക്ക് പതിച്ചുകൊണ്ടിരിക്കുന്ന നിർഭാഗ്യമായൊരു ദേശമാണ്. സർവശക്തനായ ദൈവം പാകിസ്താനുമേൽ കരുതിവെച്ചിരിക്കുന്നത് എന്താണെന്ന് നമുക്ക് കാത്തിരുന്നു കാണാം. അല്ലാഹു പറയുന്നു.*

***'അക്രമികൾ പ്രവർത്തിക്കുന്ന ചെയ്തികളെക്കുറിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നീ ഒരിക്കലും ധരിച്ചുപോകരുത്. കണ്ണുകൾ തുറിച്ചു മേൽപോട്ട് നോക്കുന്ന ഒരു നാളത്തേക്ക് അവർക്ക് അവസരം നീട്ടിക്കൊടുക്കുക മാത്രമാണ് അവൻ ചെയ്യുന്നത്.'*** (14:43)'

ഹദ്റത്ത് അഹ്മദ് (അ)

# ദൈവഭയം പാപമോചനമാർഗ്ഗം

**പാ**പത്തിൽനിന്ന് വിരമിച്ച് ഭദ്രമായി നടന്നുകൊള്ളുമെന്നുള്ള 'ബൈയ്യത്തി'ലെ പ്രതിജ്ഞാവാചകം ഉച്ചരിച്ചുതുകൊണ്ടു മാത്രം കാര്യമായില്ല. അതു ആവർത്തിച്ചാവർത്തിച്ചു പറയുന്നതായാൽ തന്നെയും ദൈവം തൃപ്തിപ്പെടാൻ പോകുന്നില്ല. നിങ്ങളിൽ ഒരു ഹൃദയപരിവർത്തനവും ദൈവഭയവും ഉണ്ടായിത്തീരുമ്പോൾ മാത്രമേ ദൈവദൃഷ്ടിയിൽ നിങ്ങൾക്കൊരു വിലയുണ്ടാകുന്നുള്ളൂ. അല്ലാതെ, ബൈയ്യത്ത് ചെയ്തതിൽപിന്നെയും പഴയപടി ദുർവ്വിചാരങ്ങളും ദുശ്ശീലങ്ങളും നിങ്ങളിൽ അവശേഷിക്കുന്നുവെങ്കിൽ, ഈ ബൈയ്യത്ത് കൊണ്ടുള്ള പ്രയോജനമെന്ത്? സകലവിധ പാപങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള മഹത്തായ മാർഗ്ഗം ദൈവഭയമാകുന്നു. അതില്ലെങ്കിൽ, കല്ക്കണ്ടത്തിന്മേൽ ഉറുമ്പ് പറ്റിക്കൂടുന്നപോലെ മനുഷ്യനെ പറ്റിപ്പിടിച്ചിരിക്കുന്ന പാപങ്ങളിൽനിന്ന് അവനു രക്ഷ പ്രാപിക്കാൻ സാദ്ധ്യമാകയില്ല. ഭയമുള്ളപ്പോൾ ജന്തുക്കൾ പോലും ആർക്കും ഹാനിവരുത്തുവാൻ അശക്തങ്ങളായിത്തീരുന്നു. പൂച്ച പാൽ വളരെ ഇഷ്ടപ്പെടുന്നുവെങ്കിലും അതിനെ സമീപിച്ചാൽ ശിക്ഷ കിട്ടുമെന്നു ബോധമുള്ളപ്പോൾ അതിന്റെ അടുക്കൽ ചെല്ലുന്നില്ല. പറവകൾ കെണിയിൽ അകപ്പെടുമെന്നു ഭീതിയുള്ളപ്പോൾ ധാന്യമണികൾ കൊത്തിത്തിന്നാൻ അടുക്കുന്നില്ല. ഇങ്ങനെ വിവേകമില്ലാത്ത ജീവികൾ പോലും ആപൽശങ്കയുള്ളപ്പോൾ ഹാനികരമായതിൽനിന്നു അകന്നുനില്ക്കുന്നതായി നാം കാണുന്നുണ്ടല്ലോ. എന്നിരിക്കെ ബുദ്ധിജീവിയായ മനുഷ്യൻ ദോഷബാധയിൽനിന്നകന്ന് ഭയഭക്തിയോടെ ജീവിക്കേണ്ടതു എത്രമാത്രം ആവശ്യമാണ്. പ്രത്യക്ഷത്തിൽ നാം കാണുന്നതും ആപൽശങ്കയുള്ളപ്പോൾ മനുഷ്യൻ നിയമം ലംഘിക്കുവാനോ അരുതാത്തതു ചെയ്യുവാനോ മുതിരുന്നില്ലെന്നതാണ്. പ്ലേഗ് ബാധിച്ച ഒരു ഗ്രാമത്തിൽ ചെല്ലാൻ പറഞ്ഞാൽ ആരും അതിനു ധൈര്യപ്പെടുന്നില്ല. അഥവാ മേലധികാരത്തിലെ കല്പനയനുസരിച്ചു ഒരുവൻ പോകേണ്ടിവരുന്നതായാൽതന്നെ ഭയചകിതനായിട്ടായിരിക്കും അവിടെ ചെല്ലുക. രോഗബാധയെക്കുറിച്ചുള്ള ഭീതിയാൽ നിർദ്ദിഷ്ടകാര്യം തൽക്ഷണം നിർവ്വഹിച്ച് അവിടെനിന്ന് ഓടി രക്ഷപ്പെടാൻ അയാൾ ശ്രമിക്കുന്നതായിരിക്കും. ആകയാൽ, മനുഷ്യൻ തനിക്കു ഹാനികരമായിത്തീരുന്ന പാപകൃത്യം ചെയ്യുവാൻ മുതിരുന്നത് അവന്റെ ഹൃദയത്തിൽ ദൈവഭയം ഇല്ലാതായതുകൊണ്ടുതന്നെയാണ്. എന്നാൽ അത്യന്താപേക്ഷിതമായ ഈ ദൈവഭക്തി എങ്ങനെ ഉണ്ടായ് വരും? ഇതിലേക്കു അത്യാവശ്യം വേണ്ടത് ദൈവജ്ഞാനമാണ്. ദൈവത്തെ സംബന്ധിച്ച് അറിവു വർദ്ധിച്ചുവരുന്തോറും ദൈവത്തിങ്കലുള്ള ഭയഭക്തിയും സംവൃദ്ധമായ് വരും. (ആർ നിന്നെ അറിയുന്നുവോ അവനത്രെ നിന്റെ നേർക്ക് അധികം ഭയഭക്തി കാണിക്കുന്നത്) എന്ന ഒരു കവിതാശകലത്തിൽ പറയപ്പെട്ടിരിക്കുന്നപോലെ ഇക്കാര്യത്തിൽ കാതലായിരിക്കുന്നതു അറിവുതന്നെയാണ്. അതിന്റെ ഫലം ഭയഭക്തിയും. അറിവു സിദ്ധിക്കുമ്പോൾ മനുഷ്യൻ കരുതലുള്ളവനായിത്തീരുന്നു. നിസ്സാരമായ കൃമികീടങ്ങളെക്കുറിച്ചു തന്നെയും അവൻ ബോധവാനായിത്തീരുന്നു. ചെള്ള്, കൊതുക് തുടങ്ങിയ കീടങ്ങളുടെ കെടുതികളിൽനിന്നുപോലും രക്ഷനേടാൻ അവൻ ശ്രമിക്കുന്നു. എന്നാൽ സർവ്വശക്തനും സകലജ്ഞനും അഖിലസാക്ഷിയും ആകാശജീവികളുടെ അധിനാഥനുമായ ദൈവത്തിന്റെ വരുതികളെ അതിലംഘിക്കുവാൻ മനുഷ്യൻ എന്തുകൊണ്ടാണ് ധൃഷ്ടനായിത്തീരുന്നത്. ആലോചിച്ചുനോക്കുന്നപക്ഷം അതു ദൈവജ്ഞാനത്തിന്റെ അഭാവത്താൽ തന്നെയാണെന്നു ബോദ്ധ്യമാകുന്നതാണ്.

*(തക്രീരോൻകാ മജ്മുഅഃ - പ്രാരഭം)* ❒

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)
ഖലീഫത്തുൽ മസീഹ് V

ഖുത്ബ

# വിശുദ്ധ ഖുർആൻ നമ്മെ സംരക്ഷിക്കും

## 20-8-2010 ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവ്വഹിച്ച ഖുത്ബയിൽ നിന്ന്

വിശുദ്ധ ഖുർആൻ തുടക്കം മുതൽ അവസാനം വരെ തൗഹീദിനെക്കുറിച്ചാണ് പറയുന്നത്. തൗഹീദിനുവേണ്ടിയാണ് അത് സർപ്പിച്ചിട്ടുള്ളത്. പ്രവാചകന്മാരഖിലവും വന്നതും തൗഹീദിന്റെ പ്രചാരണത്തിന് തന്നെ. തൗഹീദിന്റെ അദ്ധ്യാപനം ഏറ്റവും കൂടുതൽ നൽകിയത് വിശുദ്ധ ഖുർആനാണ്. തൗഹീദ് തന്നെയാണ് ഒരു മതത്തിന്റെ അടിത്തറ. ഇക്കാലത്ത് ഏതൊരു യോദ്ധാവിനെയാണോ അല്ലാഹു നിയോഗിച്ചത് അദ്ദേഹം ഈ അദ്ധ്യാപനത്തെ അത്യുത്കൃഷ്ഠമായ രീതിയിൽ ജനസമക്ഷം സമർപ്പിക്കുകയുണ്ടായി. അങ്ങനെ സൃഷ്ടികൾക്ക് സ്രഷ്ടാവിന്റെ സ്ഥാനം നൽകിയവർക്ക് പോലും മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യോടും അനുയായികളോടും മതപരമായ ചർച്ചകൾ ചെയ്യരുതന്ന് അണികളോട് പ്രഖ്യാപിക്കേണ്ടതായി വന്നു. ഇന്നുള്ള കൃസ്തുമതത്തിന്റെ അടിത്തറ ത്രിത്വത്തിലാണ് നിലകൊള്ളുന്നത്. തൗഹീദ് മുഖേന ഇവരുടെ അടിത്തറയാണിളകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് ഈസാ മസീഹിന്റെ വചനങ്ങളിലൂടെ, ബൈബിളിലൂടെ യേശു ദൈവത്തിന്റെ പുത്രനല്ലെന്ന് തെളിയിക്കുകയുണ്ടായി. മാത്രമല്ല ദൈവത്തിന്റെ മകനായിത്തീരാൻ ആർക്കും സാധ്യവുമല്ല.

വിശുദ്ധ ഖുർആന്നെതിരിൽ രംഗത്തിറങ്ങിയിരിക്കുന്ന അമേരിക്കൻ ചർച്ച് ആദ്യത്തെ ആക്ഷേ പം ഉന്നയിച്ചിരിക്കുന്നത് തന്നെ ഹദ്റത്ത് ഈസയെ വിശുദ്ധ ഖുർആൻ ദൈവത്തിന്റെ പുത്രനായി അംഗീകരിക്കുന്നില്ല എന്നാണ്. മോക്ഷം ലഭിക്കുന്നത് മനുഷ്യപ്രവർത്തനത്തിലൂടെയാണന്നും യേശുവിന്റെ കുരിശുമരണത്തിലൂടെയല്ലെന്നും ഖുർആൻ പറയുന്നു എന്നും അവർ ആക്ഷേപിക്കുന്നു. എന്നാൽ ഈസാ നബി ഇത് തന്നെയാണ് വിശ്വസിച്ചിരുന്നതെന്ന കാര്യം പോലും ഈ ബുദ്ധിക്ക് അന്ധത ബാധിച്ചവർ അറിയാതെ പോയി. അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളെ പിന്നീടവർ മാറ്റിത്തിരുത്തുകയാണ് ചെയ്തത്. അല്ലാഹുവിന്റെ സ്ഥാനത്ത് ഒരു മനുഷ്യനെ ഇവർ പ്രതിഷ്ഠിച്ചിരിക്കുകയാണ്. ചുരുക്കത്തിൽ ഒരു മാർഗവും ഇല്ലാതെയാകുമ്പോൾ മനുഷ്യന് രക്ഷപ്പെടാൻ വേണ്ടി തന്റെ ഭീകരഭാവം അവർ എടുത്ത് പ്രയോഗിക്കുന്നു. 'ഡോവ് വേൾഡ് ഔട്ട് റീച്ച് സെന്റർ ചർച്ച് ' എന്ന പേരിലുള്ള ഒരു സഭയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സത്യത്തെ പ്രചരിപ്പിക്കുക എന്നത് വിശുദ്ധ ഖുർആന്റെ മനോഹരമായ അദ്ധ്യാപനമാണ്. നേർമാർഗവും ദുർമാർഗവും വ്യക്തമാക്കിയിട്ടുണ്ട്. ഇത് അംഗീകരിപ്പിക്കാൻ ഒരു നിർബന്ധനത്തിന്റെയും ആവശ്യമില്ല. ആർക്ക് വേണമെങ്കിലും സ്വീകരിക്കാം. ആർക്ക് വേണമെങ്കിലും നിരാകരിക്കാം. വിശുദ്ധ ഖുർആന്റെ രൂപത്തിൽ ഇറക്കപ്പെട്ട ഈ ഗ്രന്ഥത്തെ ജനങ്ങളിൽ എത്തിക്കുക എന്നതാണ് പ്രവാചകന്റെ കടമ. ഹിദായത്ത് നൽകുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. ഈ മനോഹരമായ അദ്ധ്യാപനത്തെയാണോ കുത്സിത ശ്രമത്തിലൂടെ അഗ്നിക്കിരയാക്കാൻ ആഗ്രഹിക്കുന്നത്?

ഇവിടെ ഭീകരവാദം പ്രചരിപ്പിക്കുന്നത് ഈ ക്രിസ്ത്യൻ സഭയോ അതോ മുസ്‌ലിംകളോ? ഈ സഭ അവരുടെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ല. ബൈബിൾ പറ

യുന്നത് ഒരു കവിളത്തടിച്ചാൽ മറ്റെ കവിളും കാണിച്ചുകൊടുക്കണം എന്നാണ്. മതവിദ്വേഷം പ്രചരിപ്പിക്കാൻ ബൈബിൾ എവിടെയും പറഞ്ഞിട്ടില്ല. പല ക്രിസ്ത്യൻ ചർച്ചുകളും ഈ ചർച്ചിന്റെ ഈ നിന്ദ്യമായ പദ്ധതിയെ അപലപിക്കുകയുണ്ടായി. അവരുടെ പ്രവർത്തനങ്ങളിൽ ഞങ്ങൾ പങ്കാളികളാകില്ലെന്ന് അവർ പ്രസ്താവനകൾ ഇറക്കിയിട്ടുണ്ട്. ബുദ്ധിയുള്ളവരും സമാധാനകാംക്ഷികളുമായവരുടെ പ്രതികരണം ഇതായിരിക്കേണ്ടതാണ്. അഹ്മദിയ്യാ ജമാഅത്ത് മീഡിയകൾ മുഖേനയും മറ്റു മാർഗങ്ങളിലൂടെയും ഈ ഡോവ് ചർച്ചിനെ അവരുടെ കുത്സിതശ്രമത്തിൽ നിന്നും തടയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഡോവ് എന്നാൽ ക്രിസ്തുമതത്തിലെ പരിശുദ്ധാത്മാവിന്റെ അടയാളമാണ്. ഈസാനബിയിൽ പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് ഇറങ്ങി എന്നാണ് പറഞ്ഞുവരുന്നത്. ഇതിനെതിരെ ഒരു പ്ലാനോടുകൂടി പ്രവർത്തിക്കാൻ ഞാൻ അമേരിക്കൻ ജമാഅത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലോ കത്തുള്ള മറ്റു ജമാഅത്തുകളും ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ പ്രവൃത്തി ലോകത്ത് കുഴപ്പമുണ്ടാക്കുന്ന ഒന്നാണെന്ന് ധരിപ്പിക്കണം. സ്നേഹം പരക്കുന്നതിന് പകരം വിദ്വേഷത്തിന്റെയും പകയുടേയും മതിലുകളാണ് ഇത് സ്ഥാപിക്കുക.

ഹദ്റത്ത് ഈസാ(അ)യ്ക്കും ഹദ്റത്ത് മർയമിനും വിശുദ്ധ ഖുർആൻ നൽ കിയിരിക്കുന്ന സ്ഥാനം ഇവർക്കാർ ക്കും കാണാൻ കഴിയുന്നില്ല. വി ശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും ആദരിക്കുന്നു. ചുരുക്കത്തിൽ ഇവരുടെ ഈ പ്രവൃത്തി വെറുപ്പും വിദ്വേഷവും സംജാതമാക്കുകയേ ഉള്ളൂ. നിർഭാഗ്യവശാൽ കാലത്തിലെ ഇമാമിനെ വിശ്വസിക്കാത്തതുകാരണം കടിഞ്ഞാണില്ലാതെ ഛിന്നഭിന്നമായിക്കിടക്കുന്ന മുസ്‌ലിം കളിൽനിന്ന്, അതല്ലെങ്കിൽ തങ്ങളു ടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നവരുടെ കൈകളിൽ തങ്ങളുടെ കടിഞ്ഞാണുകൾ ഏൽപ്പിച്ചിരിക്കുന്ന മുസ്‌ലിംകളിൽ നിന്ന് ഇതിന് തെറ്റായ രീതിയിലുള്ള പ്രതികരണം ഉണ്ടായേക്കാം. ഇന്ന് ലോകത്തിന് വേണ്ടത് ശാന്തിയാണ്. സ്നേഹമാണ്, സാഹോദര്യമാണ്. യുദ്ധങ്ങളുടെ നാശങ്ങളിൽ നിന്നുള്ള രക്ഷയാണ്, നാശത്തിൽ നിന്നു രക്ഷപ്പെടുന്നതിന് ദൈവപ്രീതി കരഗതമാക്കുകയാണ് ഇന്ന് ലോകത്തിന് വേണ്ടത്. അത് കരസ്ഥമാക്കുന്നതിന് ക്രിസ്തീയ സമൂഹവും ശരിയായ രീതിയിൽ പ്രവർത്തിക്കേണ്ടതാണ്. അതോടൊപ്പം യഥാർത്ഥ രീതിയിൽ മുസ്‌ലിംകളും പ്രതികരിക്കേണ്ടതാണ്. തെളിവുകൾ നിരത്തിക്കൊണ്ട് സംവദിക്കാവുന്നതാണ്. വൈജ്ഞാനിക ചർച്ചകളാകാവുന്നതാണ്. എന്നാൽ എപ്പോഴും മറ്റുള്ളവരുടെ മതവികാരത്തെ മാനിക്കേണ്ടതാണ്.

മുസ്‌ലിംകൾ തിരുനബി(സ)യോടും വിശുദ്ധ ഖുർആനോടും സ്നേഹമുണ്ടെന്ന് വാദിക്കുന്നവരാണെങ്കിൽ അല്ലാഹു അയച്ച അവന്റെയും തിരുനബി(സ)യുടേയും പ്രവചനപ്രകാരം ആഗതനായ ആ നേതാവിനെ അവർ അന്വേഷിക്കേണ്ടതാണ്. മാനവരാശിക്ക് മാർഗദീപമായ വിശുദ്ധ ഖുർആൻ ഇറങ്ങിയ മാസത്തിൽ മാർഗദർശനത്തിന് സ്വീകരിക്കേണ്ടത് വിശുദ്ധ ഖുർആൻ കാണിച്ചുതന്ന മാർഗമാകട്ടെ. വിശുദ്ധ ഖുർആൻ ഏതൊരു സ്ഥാനമാണോ ഹിദായത്തിന് നിശ്ചയിച്ചിട്ടുള്ളത് അത് നിങ്ങൾ കരസ്ഥമാക്കുക. ഹിദായത്ത് ലഭിക്കുവാൻ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ദുആ അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്നു. നിഷ്കപടമായി ഈ ദുആ നാം ചെയ്താൽ തീർച്ചയായും അല്ലാഹു വഴികാട്ടിത്തരുന്നതാണ്. ഈ ദുആ മുഖേന അമുസ്‌ലിംകൾക്ക് പോലും അല്ലാഹു വഴികാട്ടുന്നു. അപ്പോൾ മുസ്‌ലിംകൾക്ക് തീർച്ചയായും വഴികാട്ടുന്നതാണ്. നമ്മുടെ മുസ്‌ലിം സഹോദരങ്ങൾ നമ്മുടെ ഈ സന്ദേശവും ആഗ്രഹവും മനസ്സിലാക്കി പ്രവർത്തിച്ചിരുന്നെങ്കിൽ എത്ര നന്നായേനെ! അങ്ങനെ അവർക്ക് ഇരുലോകത്തും നന്മ ലഭിക്കുമായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഓർക്കുക വിശുദ്ധ ഖുർആൻ യഥാർത്ഥ അനുഗ്രഹങ്ങളുടെ ഉറവിടവും മോക്ഷത്തിനുള്ള നേരായ മാർഗവുമാണ്. വിശുദ്ധ ഖുർആനനുസരിച്ച് പ്രവൃത്തിക്കുന്നില്ലെന്നത് അവരുടെ തെറ്റാണ്. ഇതനുസരിച്ച് പ്രവൃത്തിക്കാത്തവരിൽ ഒരു കൂട്ടർ ഇതിൽ തീരെ വിശ്വാസമില്ലാത്തവരാണ്. അവർ ഇതിനെ ദൈവത്തിന്റെ വചനമായി മനസ്സിലാക്കുന്നില്ല. ഇവർ വളരെ വിദൂരമായ വഴികേടിലാണ്. എന്നാൽ ഇത് ദൈവികവചനമാണെന്ന് വിശ്വസിക്കുകയും മോക്ഷത്തിനുള്ള യഥാർത്ഥ ശമനൗഷധവുമായി കരുതുകയും എന്നിട്ട് അതനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ എന്തുമാത്രം ആശ്ചര്യവും ദുഃഖവുമുള്ള കാര്യമാണിത്. അവരിൽ ചിലർ ജീവിതത്തിൽ ഒരിക്കൽപോലും അതിനെ പാരായണം ചെയ്യാത്തവരാണ്. അല്ലാഹുവിന്റെ വചനത്തെ ഈ രീതിയിൽ തിരസ്ക്കരിക്കുകയും അശ്രദ്ധരായി ജീവിക്കുകയും ചെയ്യുന്നവരുടെ ഉദാഹരണം വളരെ തെളിവാർന്ന പല രോഗങ്ങൾക്കും ശമനൗഷധം ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു നീരുറവയുണ്ടെന്ന ദൃഢബോധ്യമുള്ള വ്യക്തിയെപ്പോലെയാണ്. എന്നാൽ ഈ

അറിവെല്ലാം ഉണ്ടായിട്ടും ദാഹിച്ച് പരവശനായി വിവിധതരം രോഗങ്ങ ൾക്ക് അടിമപ്പെട്ടിട്ടുള്ള ഒരാൾ ആ നീരുറവയുടെ അടുത്തേക്ക് പോകു ന്നില്ലെങ്കിൽ അവന്റെ ദൗർഭാഗ്യ മെന്നല്ലാതെ മറ്റെന്തു പറയാൻ!!! അയാൾ ആ നിരുറവയിൽ നിന്ന് മധുരമനോഹരവും ഔഷധമൂല്യ ങ്ങൾ നിറഞ്ഞതുമായ വെള്ളം പാനം ചെയ്ത് ആനന്ദപുളകിതനാ കുകയാണ് ചെയ്യേണ്ടിയിരുന്നത്. ഈ ഉറവിടത്തെക്കുറിച്ച് അജ്ഞരാ യവർ അകന്നിരിക്കുന്നവനെപ്പോ ലെ ഇവനും അകന്നിരിക്കുന്നു. അങ്ങനെ മരണം വന്ന് അവനെ നശിപ്പിക്കുന്നത് വരെ അവൻ അതിൽ നിന്നും അകന്നു തന്നെ ഇരിക്കുന്നു. അത്തരം വ്യക്തിയുടെ സ്ഥിതി വളരെ പരിതാപകരം തന്നെ. മുസ്ലിംകളുടെ അവസ്ഥ ഇങ്ങനെയാണ്. എല്ലാ വിജയങ്ങളു ടേയും ഉന്നതികളുടേ യും കുഞ്ചിക വിശുദ്ധ ഖുർആനാണെന്ന് അവർ ക്കറിയാം. അതിനനുസരിച്ചാണ് അവർ പ്രവർത്തിക്കേണ്ടത്. എന്നാൽ അൽപം പോലും അതി നെ അവർ ഗൗനിക്കുന്നില്ല.

ഒരു വ്യക്തി അകമഴിഞ്ഞ സഹാനുഭൂതിയോടും ഗുണകാംക്ഷ യോടും കൂടി, അല്ലാഹുവിന്റെ കൽ പനയാലും ഇച്ഛയാലും ഈ ഭാഗ ത്തേക്ക് ക്ഷണിക്കുമ്പോൾ അദ്ദേ ഹത്തെ കള്ളനും ദജ്ജാലുമാണെ ന്ന് പറഞ്ഞ് തള്ളിക്കളയുന്നു. ഇതി നെക്കാളും വലിയ കഷ്ടം ഈ സമൂഹത്തിന് ഇനി എന്താണുള്ളത്. ഇക്കാലത്തും ഇത് തന്നെയാണ് അവസ്ഥ. വിശുദ്ധ ഖുർആനെക്കു റിച്ച് പഠിക്കുന്നത് പോകട്ടെ അതൊ ന്ന് പാരായണം ചെയ്യാൻ പോലും അവർ ശ്രമിക്കുന്നില്ല. അതിനുപ കരം മുസ്ലിം നാമധാരികളായ ഉല മാവർഗം പഠിപ്പിച്ചുകൊടുത്തതു പോലെ അവർ ഉരുവിടുന്നു. തിരു നബി ഖാത്തമുന്നബിയ്യീനാണ്, അതിനു ശേഷം യാതൊരുവിധ പ്രവാചകകന്മാർക്കും വരാൻ സാ ധ്യമല്ല. മിർസാ ഗുലാം പ്രവാചക നാണെന്നാണ് വാദിച്ചിരിക്കുന്നത് എന്നാണ് അവർ പറയുന്നത്. അവർ അദ്ദേഹത്തിന്റെ വാദങ്ങൾ എന്താണെന്ന് അന്വേഷിച്ചിരുന്നുവെ ങ്കിൽ, അദ്ദേഹത്തിന്റെ തെളിവുകൾ എന്താണെന്ന് പഠനവിധേയമാക്കിയി രുന്നുവെങ്കിൽ എത്ര നന്നായേനെ. പാകിസ്താനിലും ചില മുസ്ലിം നാടുകളിലും പണ്ഡിതന്മാർ ഇതി നെക്കുറിച്ച് പഠിക്കുന്നത് തന്നെ വിരോധിച്ചിരിക്കുകയാണ്. അഹ്മദി കളോട് ഇവരോട് സംസാരിക്കു ന്നതും ഇവരോട് സലാം പറയുന്നത് പോലും ശിർക്കാണെന്നാണ് പറയു ന്നത്. ക്രിസ്ത്യാനികൾ ഭീകരത ഒരു ഭാഗത്ത് കാണിക്കുമ്പോൾ ഇവർ അഹ്മദികൾക്കെതിരിൽ ഭീകരത കാണിക്കുന്നു. ഇവരിൽ ഒരു വിഭാ ഗം ഇങ്ങനെയുള്ള ഭീകരതകൾ കാണിക്കാൻ തുടങ്ങിയപ്പോഴാണ് ക്രിസ്ത്യാനികൾക്കും ധൈര്യം വന്നത്. അഹ്മദികൾ പറയുന്നത് തെറ്റാണെങ്കിൽ അവരെ ഖണ്ഡിക്കു വാനുള്ള ധൈര്യം പോലും മു സ്ലിംകൾ കാണിക്കുന്നില്ല. അഹ് മദികളോട് സംസാരിച്ചാൽ നഷ്ടപ്പെ ട്ടുപോകുന്ന വിശ്വാസമാണോ ഇവ രുടേത്? ഉലമാക്കളുടെ പിറകിൽ കൂടി പൊതുജനവും അവരുടെ ഇരുലോകനന്മകളും കളഞ്ഞുകുളി ക്കുകയാണ്.

അഹ്മദികൾ തങ്ങളുടെ ജീവി തം വിശുദ്ധ ഖുർആന്നനുഗുണ മാക്കി മാറ്റേണ്ടതാണ്. നമുക്ക് ലഭി ച്ചിരിക്കുന്ന ഈ അനുഗ്രഹീത മാ സത്തെ നമ്മുടെ ആത്മീയ അഭിവൃ ദ്ധിക്കായും വിശുദ്ധ ഖുർആനെ ജീവിതത്തിൽ പകർത്തുന്നതിനാ യും വിനിയോഗിക്കുക. അതിനായി നിത്യവും നാം ഖുർആൻ പാരാ യണം ചെയ്യുന്നവരും അതിന്റെ കൽപനകളെക്കുറിച്ച് ശ്രദ്ധിക്കുന്ന വരുമായി മാറണം. അതിനായി പരി ശ്രമിക്കണം. ചില കാര്യങ്ങൾ ചെ യ്യാനും ചിലതിൽ നിന്ന് വിട്ടുനിൽ ക്കാനും അല്ലാഹു പറഞ്ഞിട്ടുണ്ട്. നമ്മുടെ ലക്ഷ്യസ്ഥാനത്തേക്കെത്തി ക്കുന്ന മാർഗം ഇതുമുഖേന ലഭിക്കു ന്നതാണ്. ദൈവപ്രീതിയാണ് ഒരു മുഅ്മിനിന്റെ ലക്ഷ്യസ്ഥാനം.

ലക്ഷ്യസ്ഥാനത്തെത്താൻ ആ ദ്യപടി അദൃശ്യയാഥാർത്ഥങ്ങളി ലുള്ള വിശ്വാസമാണ്. ഇമാൻ ബിൽ ഗൈബ് ആണ്. ഇത് നിസ്സാര കാര്യ മല്ല. ഈ ഈമാൻ ബിൽ ഗൈബ് എന്ന അവസ്ഥയാണ് ഈമാന്റെ വിവിധ പദവികളിലേക്ക് എത്തിക്കു ക. ഇത് അല്ലാഹുവിനെ പ്രാപിക്കാ നുള്ള മാർഗത്തിലേക്ക് നമ്മെ കൊ ണ്ടുപോകുന്നു. അത് അല്ലാഹു വിന്റെ അദ്ധ്യാപനങ്ങളെ മനസ്സിലാ ക്കാൻ കഴിയുന്ന മാർഗമാണ്. ഇത് അല്ലാഹുവുമായുള്ള ബന്ധം വർദ്ധി പ്പിക്കുവാനുള്ള മാർഗമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് ഒരു സ്ഥലത്ത് ഇതിനെ വിശദീകരിച്ചത് ഇങ്ങനെയാണ്.

ദൈവദർശനവും ദൈവികഭാ ഷണവും മുത്തഖിയുടെ അവസ്ഥ യിൽ കരഗതമാകുന്നില്ല. അതുകൊ ണ്ടാണ് അവർക്ക് പ്രഥമമായി ഈമാൻ ബിൽ ഗൈബിന്റെ (അ ദൃശ്യ യാഥാർത്ഥ്യങ്ങളിലുള്ള വി ശ്വാസം) അനിവാര്യമായി വരുന്ന ത്. കാരണം ശക്തമായ തെളിവുക ളുടെ അടിസ്ഥാനത്തിലാണ് അല്ലാ ഹുവിന്റെ അസ്തിത്വത്തിൽ അവർ വിശ്വസിക്കുന്നത്. ആ അവസ്ഥ സന്ദേഹത്തിന്റേയും ദൃഢജ്ഞാന ത്തിന്റെ ഇടയിലുള്ള അവസ്ഥ യാണ്. ❒

(വിവ: മൗലവി എം. നാസിർ അഹ്മദ്).

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (അ)

ലേഖനം

# യേശുവിന്റെ യാഥാർത്ഥ്യം

**മനുഷ്യനായ യേശു സഹിച്ച വമ്പിച്ച ത്യാഗങ്ങളാണ് ആ മഹാത്മാവിനെ മഹത്വത്തിലേക്കുയർത്തുന്നത്. അല്ലാതെ ദൈവപുത്രനാണെന്ന മിഥ്യാസങ്കല്പമോ അതിശയപ്രവൃത്തികളോ അല്ല.**

**പോ**ളിയൻ ക്രിസ്തുമതമോ അതല്ല യേശുവിന്റെ ശിഷ്യനും ആദിമ ക്രിസ്ത്യാനികളുടെ നേതാവുമായിരുന്ന സാത്വികനായ യാക്കോബിന്റെ ക്രിസ്തുമതമോ ഏതാണ് തെരഞ്ഞെടുക്കേണ്ടത് എന്നത് തീർച്ചയായും ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിൽപ്പെട്ടതാണ്. എന്നാൽ ക്രിസ്തു മതത്തിന്റെ മുഖ്യധാര ഏകദൈവ വിശ്വാസത്തിൽ വളരെയേറെ വികസിച്ചു മുന്നോട്ടുപോയിട്ടുണ്ട് എന്ന വസ്തുത നമുക്ക് ഇവിടെ സ്ഥാപിക്കേണ്ടതുണ്ട്. പിൽക്കാലത്ത് ക്രിസ്തുമതത്തിൽ കൂട്ടിചേർക്കപ്പെട്ട യേശുവിന്റെ ദൈവപുത്രസങ്കല്പം, ത്രിത്വം, പാരമ്പര്യ പാപസിദ്ധാന്തം, പാപവിമോചനം, യേശുവിന്റെ ശാരീരികമായ ഉയിർത്തെഴുന്നേൽപ് മുതലായ അർത്ഥശൂന്യമായ കഥകളിൽ നിന്നും സങ്കീർണ്ണമായ ക്രിസ്തുമത സിദ്ധാന്തങ്ങളിൽ നിന്നുമെല്ലാം അവർ വിദൂരസ്ഥരായി ഒഴിഞ്ഞുമാറി. ക്രിസ്തുസഭയുടെ ആദ്യകാല നേതാക്കന്മാരിലൊരാളായ സാത്വികനായ യാക്കോബിന്റെ വീക്ഷണങ്ങൾ അക്കൂട്ടത്തിൽ ഏറ്റവും പ്രമുഖമാണ്. അത് ലളിതവും, സത്യസന്ധവും, ആഭ്യന്തരവൈരുദ്ധ്യങ്ങളില്ലാത്തതും മിഥ്യയുടെ പുകമറക്കുള്ളിലെ വിരുദ്ധോക്തികളിൽ നിന്ന് മുക്തവുമായിരുന്നു. ക്രിസ്തുമതത്തിലെ ഏകദൈവവാദത്തിന്റെ (Unitarianism) ചരിത്രം പഠിക്കുമ്പോൾ ത്രിത്വത്തിന്റെ മുദ്രാവാക്യത്തിൽ സങ്കീർണ്ണമാവാത്ത യേശുവിന്റെ സംശുദ്ധമായ യഥാർത്ഥ സഭയുടെ ഏറ്റവും ആധികാരികമായ സിദ്ധാന്തം ഏകദൈവതത്വമാണെന്ന് യാതൊരു സംശയത്തിനുമിടയില്ലാത്ത വിധം സ്ഥാപിക്കപ്പെടുന്നതാണ്.

ഈ ലഘു പ്രബന്ധം ക്രിസ്തു പ്രബോധിക്കാത്ത മറ്റേതെങ്കിലും വിശ്വാസത്തിലേക്ക് ക്രിസ്ത്യാനികളെ പരിവർത്തിപ്പിക്കാനുള്ള ശ്രമമല്ല. എന്ന് ദയവ് ചെയ്ത് ഓർക്കുക. ക്രിസ്തു തന്നെ പ്രബോധിച്ച പരിപാവനവും സ്വച്ഛവുമായ വിശ്വാസത്തിലേക്കും കർമ്മത്തിലേക്കും മടങ്ങിവരാൻ ക്രിസ്ത്യാനികളോടുള്ള സത്യസന്ധവും എളിയതുമായ ഒരു നിവേദനം മാത്രമാണിത്. കെട്ടുകഥകളിൽ നിന്നും ക്രിസ്തുമതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചുവരാനുള്ള ആത്മാർത്ഥമായ ഒരു ശ്രമം മാത്രം. യാഥാർത്ഥ്യങ്ങളാവട്ടെ കെട്ടുകഥകളേക്കാൾ അതീവ മനോഹരവും സത്യസന്ധവുമാണ്. അത് ഹൃദയത്തേയും മസ്തിഷ്കത്തേയും ഒരുപോലെ തൃപ്തിപ്പെടുത്തുന്നു.

യുക്തിബോധത്തേയും ശാസ്ത്രീയ പുരോഗതിയിൽ നിന്നും ഉത്ഭൂതമാകുന്ന പ്രബുദ്ധതയേയും വെല്ലുവിളിച്ചുകൊണ്ട് കഴിഞ്ഞ രണ്ടായിരം വർഷമായി ക്രിസ്തുമതത്തെ നിലനിൽക്കാൻ സഹായിച്ചത് യേശുവിന്റെ യാഥാർത്ഥ്യത്തിനു ചുറ്റും നെയ്തെടുത്ത ഇതിഹാസങ്ങളോ ത്രിത്വത്തിന്റെ മിഥ്യാ സങ്കല്പങ്ങളോ ആയിരുന്നില്ല; .യേശുവിന്റെ ആളത്വത്തിന്റെ സൗന്ദര്യവും അദ്ധ്യാപനങ്ങളുടെ ചാരുതയുമാണ്. ക്രിസ്തുമതത്തിന്റെ സത്യത്തേയും സാരത്തേയും നിലനിർത്തിയത്. ആളുകളെ ക്രിസ്തുമതത്തിൽ ചേർത്തു നിർത്തിയത് യേശുവിന്റെ ദൈവിക വ്യക്തിത്വമായിരുന്നില്ല. മറിച്ച്, ഹൃദയഹാരിയായ അദ്ദേഹത്തിന്റെ ദിവ്യ സ്വഭാവശീലങ്ങളാണ്. തന്റെ വിശ്വാസാദർശങ്ങൾ മാറ്റാൻ വേണ്ടി അതിഭയാനകമായ സകല പീഡനങ്ങൾ നടത്തപ്പെട്ടിട്ടും അതിനെയെല്ലാം തൃണവൽഗണിച്ച് ഉദാത്ത മൂല്യങ്ങൾക്ക് വേണ്ടിയുള്ള യേശുവിന്റെ ഉജ്ജ്വലമായ ത്യാഗവും സഹനവും സ്ഥൈര്യവുമായിരുന്നു യഥാർത്ഥത്തിൽ ക്രിസ്തുമതത്തിന്റെ നട്ടെല്ലായി

വർത്തിച്ചത്. ഇന്നും അത് വശ്യമനോഹരവും സ്നേഹാർദ്രവുമാണ്. എക്കാലത്തും അത് അങ്ങനെയായിരുന്നു. അത് ക്രിസ്ത്യാനികളുടെ മനസ്സിനേയും ഹൃദയത്തേയും വമ്പിച്ച തോതിൽ സ്വാധീനിച്ചു. ആയതിനാൽ അവർ വഴിപിരിഞ്ഞു പോവാതെ ക്രിസ്തു മതത്തിന്റെ യുക്തിഭംഗങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ട് ക്രിസ്തു മതവുമായി കൂടിച്ചേർന്നു നിന്നു.

കേവലം ദുർബലനായ ഒരു മനുഷ്യൻ മാത്രമായിരുന്നു യേശു. അതിൽകവിഞ്ഞ് അദ്ദേഹം ഒന്നുമല്ലായിരുന്നു. തന്നെ പരാജയപ്പെടുത്താൻ ഗൂഢാലോചന നടത്തിയ ഇരുട്ടിന്റെ ശക്തികളെ യേശു അതിജയിക്കുകയും പരാജയപ്പെടുത്തുകയും ചെയ്തു എന്നതിലാണ് യേശുവിന്റെ മഹത്വം കുടികൊള്ളുന്നത്. യേശുവിന്റെ വിജയം ആദം സന്തതികൾക്കാകമാനം അഭിമാനപൂർവ്വം പങ്കിടാവുന്ന ഒന്നാണ്. അതിഘോരമായ അഗ്നിപരീക്ഷകൾക്കും തീവ്ര വേദനകൾക്കും മുമ്പിൽ അചഞ്ചലനായി സഹനപൂർവ്വം നിന്നുകൊണ്ട് മനുഷ്യത്വം പഠിപ്പിച്ച യേശു ആദമിന്റെ മഹാന്മാരായ സന്താനങ്ങളിലൊരാളാണെന്ന വസ്തുത മുസ്‌ലിം വീക്ഷണകോണിലൂടെ നാം കണ്ടുകഴിഞ്ഞു. അങ്ങേയറ്റം തീഷ്ണമായ പരീക്ഷകളുടെ ദ്രംഷ്ടങ്ങൾക്കിടയിലും അദ്ദേഹം കീഴടങ്ങാതെ സ്ഥൈര്യപൂർവ്വം നിലകൊണ്ടു. അതായിരുന്നു യേശുവിന്റെ പാവനമായ നേട്ടം. യേശു സഹിച്ച യാതനയും വേദനയുമാണ് മനുഷ്യത്വത്തെ വീണ്ടെടുക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. അതുപോലെ മരണത്തിൽ നിന്നും രക്ഷപ്പെടാൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടാണ്. അദ്ദേഹം സ്വേച്ഛയാൽ മരണം തിരഞ്ഞെടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ യാതനാപൂർണമായ അവസ്ഥയിൽ നിന്നുള്ള ഒളിച്ചോട്ടത്തിനു സമാനമായി അത് തീരുമായിരുന്നു. എങ്ങനെയാണ് ഒരാൾക്ക് അതിനെ ഒരു ധീരകൃത്യമായി കണക്കാക്കാൻ സാധിക്കുക? സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ പോലും ഒരാൾ ആത്മഹത്യ ചെയ്യുകയാണെങ്കിൽ അതൊരു ഭീരുവിന്റെ കൃത്യമായി മാത്രമേ കണക്കാക്കാനാവൂ. പരീക്ഷകൾക്ക് മുമ്പിൽ മരണത്തിലൂടെ രക്ഷപ്പെടുക എന്നതിനേക്കാൾ യാതനകൾ അഭിമുഖീകരിച്ചുകൊണ്ട് ജീവിക്കലാണ് ഏറ്റവും ഉത്തമമമായിട്ടുള്ളത്. മനുഷ്യവംശത്തിന് വേണ്ടി മരണം സ്വയം സ്വീകരിച്ചുകൊണ്ടുള്ള യേശുവിന്റെ പരമോന്നത ത്യാഗം എന്നത് വെറും പൊള്ളയായ വൈകാരികത മാത്രമാണ്. അന്തസ്സാരശൂന്യമാണ് ആ സങ്കല്പം.

യേശുവിന്റെ മഹത്വം അദ്ദേഹത്തിന്റെ ജീവിതകാലത്തുള്ള പരമമായ ത്യാഗത്തിലാണ് നിലകൊള്ളുന്നത് എന്ന കാര്യം നാം വീണ്ടും ഊന്നി പറയുന്നു. സുഖത്തിനും എളുപ്പത്തിനും പകരമായി ജീവിതത്തിലുടനീളം കടുത്ത യാതനകൾ ഏറ്റുവാങ്ങി അദ്ദേഹം പ്രലോഭനങ്ങളെ അതിജീവിച്ചു. ദിനേന അദ്ദേഹം മരണവുമായി ഏറ്റുമുട്ടി. പക്ഷേ, അദ്ദേഹം മരണത്തിനു മുമ്പിൽ നിന്നു കൊടുത്തില്ല. പാപികളെ പരിശുദ്ധ ജീവിതത്തിലേക്ക് ആനയിക്കാൻ വേണ്ടി അദ്ദേഹം ജീവിച്ചു. മരണത്തിനു മുമ്പിൽ സ്വയം അടിയറവ് പറഞ്ഞു കൊണ്ടല്ല അദ്ദേഹം മരണത്തെ കീഴടക്കിയത്. മറിച്ച് മരണത്തിന് മുമ്പിൽ തലകുനിക്കാൻ വിസമ്മതിച്ചുകൊണ്ടാണ് അദ്ദേഹം മരണത്തെ കീഴടക്കിയത്. ഒരു സാധാരണ മനുഷ്യൻ തകർന്നുപോകുമായിരുന്ന മരണത്തിന്റെ കരാളവക്ത്രത്തിൽ നിന്നും അദ്ദേഹം ജീവിതത്തിലേക്ക് വന്നു. മരണത്തെ അദ്ദേഹം വ്യക്തമായും തോൽപ്പിച്ചു. അങ്ങനെ യേശു തന്റെ സത്യം സ്ഥാപിച്ചു. സന്ദേഹത്തിന്റെ ഒരു നിഴൽ പോലുമില്ലാത്ത വിധത്തിൽ അദ്ദേഹത്തിന്റെ വചനങ്ങളെല്ലാം സത്യമാണെന്ന് തെളിയിച്ചു. ഇങ്ങനെയാണ് നാം യേശുവിനെ കാണുന്നത്. അതുകൊണ്ടാണ് നാം യേശുവിനെ സ്നേഹിക്കുന്നത്. അദ്ദേഹത്തിന്റെ വചനം ദൈവത്തിന്റെ വചനമായിരുന്നു. ആ വചനങ്ങൾ അദ്ദേഹത്തിന്റെ ദേഹേഛയുടെ വചനങ്ങളായിരുന്നില്ല. ദൈവം അദ്ദേഹത്തോട് പറയാൻ കല്പിച്ചതെന്തോ അത് മാത്രമാണ് അദ്ദേഹം പറഞ്ഞത്. അതിൽ കൂടിയോ കുറച്ചോ അദ്ദേഹം പറഞ്ഞില്ല. ജീവിതത്തിലുടനീളം അദ്ദേഹം ദൈവത്തെ ആരാധിച്ചു. ദൈവത്തെ മാത്രം ആരാധിച്ചു. ഒരു മനുഷ്യനോടും തനിക്ക് മുമ്പിലോ തന്റെ മാതാവിന്റെയോ, പരിശുദ്ധാത്മാവിന്റെയോ മുമ്പിലോ ശിരസ്സ് കുനിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടില്ല. ഇതാണ് യേശുവിനെപറ്റിയുള്ള യാഥാർത്ഥ്യം. ഈ യാഥാർത്ഥ്യത്തിലേക്ക് എല്ലാ വിഭാഗങ്ങളിലും എല്ലാ വിശ്വാസത്തിലും പെട്ട ക്രിസ്ത്യാനികളെ ഞങ്ങൾ ക്ഷണിക്കുന്നു. (Christianity: A Journey from Facts to Fiction - എന്ന പുസ്തകത്തിൽ നിന്ന്). ❐

## ഗുരുതരമായ വാക്ക്

**അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറയുന്നവർക്ക് മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയുമാണ്... അവരുടെ വായിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല.**

**(വി. ഖുർആൻ - 18:5-6)**

കവിത

എച്ച്.എസ്. കാവശ്ശേരി

# രക്തപുഷ്പങ്ങൾ

ലാഹോറിൻ വീരശുഹദാക്കളേ
ലോകൈക ദീനിന്റെ യോദ്ധാക്കളേ
ജീവനും നൽകിക്കൊണ്ടേകി നിങ്ങൾ
ജീവിക്കുമുജ്ജ്വല മാതൃകകൾ

ചാവേറിൻ ഭീകരതാണ്ഡവത്തിൽ
ജീവൻ വെടിഞ്ഞ സഹോദരരേ
സുസ്ഥിരപാദരായ് നിങ്ങളാഹാ
സൃഷ്ടിച്ചു വിശ്വാസ വീരഗാഥ!

പ്രാർഥനാ വേളയിൽ മസ്ജിദിങ്കൽ
പ്രാണനർപ്പിച്ചു സൗഭാഗ്യർ നിങ്ങൾ
ഐഹിക ജീവിതം സന്ത്യജിച്ചു
ദൈവീക സംപ്രീതി കൈവരിച്ചു

ചീറുന്നൊരായുധങ്ങൾക്കു മുന്നിൽ
വീറോടെ നെഞ്ചു വിരിച്ചു നിങ്ങൾ
ചാവേറിൻ ഭീകരതക്കെതിരിൽ
ധീരതയോടടരാടി നിങ്ങൾ

ആയുധങ്ങൾക്കു കെടുത്തിടുവാൻ
ആവുമോ മുഅ്മിനിൻ ആത്മവീര്യം!
ചാവേറുകൾക്കു കവർന്നിടുവാൻ
ആവുമോ മുഅ്മിനിൻ ആത്മധൈര്യം!

പുണ്യസ്വഹാബത്തിൻ സ്ഥൈര്യമല്ലീ
കണ്ണുകളാലങ്ങു കണ്ടു ഞങ്ങൾ!
മോക്ഷാർഹ സംഘത്തിൻ ലക്ഷണങ്ങൾ
സാക്ഷാത്കരിച്ചു ഹാ പുണ്യർ നിങ്ങൾ!

സത്യവിശ്വാസ സുഗന്ധമേകും
രക്തപുഷ്പങ്ങളായ് തീർന്നു നിങ്ങൾ
ഭക്തർ തൻ നാഡിയിലെന്നുമെന്നും
രക്തം തിളപ്പിക്കും ഓർമ നിങ്ങൾ!

ഈമാൻ തുടിക്കും വിവരണങ്ങൾ
ഈറൻ മിഴിയുമായ് കേട്ടു ഞങ്ങൾ
നൊമ്പരം കൊള്ളുന്നു നെഞ്ചകങ്ങൾ
നേരുന്നു നിങ്ങൾക്കു ഭാവുകങ്ങൾ

ഇല്ല, മരിക്കുകയില്ല നിങ്ങൾ
അല്ലാഹുവിന്റെ പൊൻതാരകങ്ങൾ
ആദരവോടെയുയർന്നു മിന്നും
ആകാശലോകത്തു നിങ്ങളെന്നും

രക്തത്തിൽ ചാലിച്ചെഴുതി നിങ്ങൾ
സത്യവിശ്വാസ നിദർശനങ്ങൾ
ആയിരമായിരം പിൻമുറകൾ-
ക്കാവേശദീപങ്ങളാകും നിങ്ങൾ

സ്വർല്ലോകപ്പൂന്തോപ്പിലെന്നും നിങ്ങൾ
ഉല്ലസിക്കട്ടെ പുംസ്കോകിലങ്ങൾ
ശേഷിക്കും പിൻമുറക്കാരിലീശൻ
വർഷിച്ചീടട്ടെ യനുഗ്രഹങ്ങൾ.

ലാഹോറിൻ വീര ശുഹദാക്കളേ
ലോകൈക ദീനിന്റെ യോദ്ധാക്കളേ
ജീവനും നൽകിക്കൊണ്ടേകി നിങ്ങൾ
ജീവിക്കുമുജ്ജ്വല മാതൃകകൾ.

❒

മുഹമ്മദ് സഫറുല്ലാഹ് ഖാൻ

ലേഖനം

# രമ്യമനോഹരമായ പ്രപഞ്ച വ്യവസ്ഥ

**രമ്യ മനോഹരമായി അല്ലാഹു സൃഷ്ടിച്ച ഈ പ്രപഞ്ചത്തിന്റെ സന്തുലന വ്യവസ്ഥയിൽ നിന്ന് എണ്ണിയാലൊടുങ്ങാത്ത കാരുണ്യങ്ങളാണ് പ്രവഹിക്കുന്നത്.**

പ്രപഞ്ചത്തിൽ മുഴുക്കെ തികവാർന്ന രമ്യത കാണാം. യാതൊരു പൊരുത്തക്കേടും വിയോജിപ്പും കാണുവാൻ സാധ്യമല്ല. *'ആരുടെ കൈയിലാണോ പരമാധികാരം സ്ഥിതിചെയ്യുന്നത്. അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായി കഴിവുള്ളവനാണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിന് വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു. ഏഴാകാശങ്ങളെ ക്രമികമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണിക്കുകയില്ല. നീ വീണ്ടും നോക്കുക വല്ല അസാംഗത്യവും നീ കാണുന്നുണ്ടോ വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും (67: 2-5).*

പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളുമായുള്ള പാരസ്പര്യത്തെ പരിപാലിക്കുന്നത് അല്ലാഹുവാണ്. അവൻ അതിനെ നാശത്തിൽ നിന്നും തടയുന്നു. *'തീർച്ചയായും ആകാശങ്ങളേയും ഭൂമിയേയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങിപോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചുനിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നുവനുമാകുന്നു (35:42)*

ദിവ്യമായ അടയാളങ്ങൾ എന്ന നിലക്ക് ഈ രമ്യമായ പാരസ്പര്യത്തിന്റെ വിവധ വശങ്ങളിലേക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. *'രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ അന്ധകാരത്തിലായിത്തീരുന്നു. സൂര്യൻ അതിന്റെ നിശ്ചിതദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ. ചന്ദ്രന് നാം ചില താവളങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് (അവസാനം) പഴയ ഈന്തക്കുലത്തണ്ടു പോലെ ആയിത്തീരുന്നു സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിക്കുന്നു. (36:38 - 41)*

അല്ലാഹു ആദരണീയമായ രീതിയിലുള്ള ഒരു സന്തുലിതത്വം സ്ഥാപിച്ചിരിക്കുന്നു. കാരുണ്യത്തിന്റെ നിരന്തരമായ അനസ്യൂതി ഉല്പാദിതമാക്കാൻ വേണ്ടിയാണ് അത് അഭികല്പന ചെയ്യപ്പെട്ടിരിക്കുന്നത്. *'അല്ലാഹുവത്രെ സത്യപൂർണമായ ഈ ഗ്രന്ഥത്തേയും തുലമാനത്തേയും ഇറക്കിയവൻ (42:18). ' ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ഈ സംന്തുലനത്തിന്റെ ക്രമം ഭംഗപെടുത്താതിരിക്കാൻ വേണ്ടി' (55:8,9)*

രാവു പകലും തമ്മിലുള്ള

വ്യത്യസ്തത പാലിക്കപ്പെടുന്നത് ഈ സന്തുലനത്തിന്റെ ഭാഗമായാണ്. ഇതാണ് ഭൂമിയിൽ മനുഷ്യജീവിതം സാധ്യമാക്കിമാറ്റുന്നത്. മനുഷ്യ വംശത്തിന് കാരുണ്യത്തിന്റെ അവർണ്ണനീയമായ സരണികൾ ഈ മാറ്റങ്ങളിൽ നിന്നും സംജാത മാക്കുന്നു. *'ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നു). അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ) ഞങ്ങളുടെ നാഥാ!, നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്നും) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ' (3:191, 192)* എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രപഞ്ചവ്യവസ്ഥ ഈ വിധം ക്രമീകരിച്ചു മനുഷ്യന് കഴിവുകൾ നൽകിയിരിക്കുന്നത് അവൻ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ്. 'നാം നിങ്ങളെ ഇണകളായി സൃഷ്ടിക്കുകയും ചെയ്തുവല്ലോ. നാം നിങ്ങൾക്ക് നിദ്രയെ ഒരു വിശ്രമമാക്കുകയും രാവിനെ ഒരു മറയാക്കുകയും പകലിനെ ഉപജീവനസമ്പാദനത്തിനുള്ള അവസരമാക്കുകയും ചെയ്തു. നിങ്ങളുടെ മുകളിൽ നാം സുഭദ്രസപ്തകം നിർമിക്കുകയും വെട്ടിത്തിളങ്ങുന്ന ഒരു ദീപം (സൂര്യൻ) നാം സ്ഥാപിക്കുകയും ചെയ്തു. നാം ഇടതിങ്ങിയ മേഘങ്ങളിൽ നിന്ന് കുത്തിയൊലിക്കുന്ന ജലം ഇറക്കുകയും ചെയ്തു. അതുമൂലം ധാന്യങ്ങളും സസ്യങ്ങളും ഇടതൂർന്ന് സമൃദ്ധങ്ങളായ തോട്ടങ്ങളും നാം ഉതിപാദിപ്പിക്കുന്നതിനു വേണ്ടി (78 – 9 – 17).

മനുഷ്യന് നൽകപ്പെട്ട ഇതെല്ലാം അവൻ അനുഭവിക്കുകയും രമ്യമനോഹരമായ ഈ പ്രപഞ്ചവ്യവസ്ഥ സ്ഥാപിച്ച സ്രഷ്ടാവിന്റെ ജ്ഞാനത്തെ സംബന്ധിച്ചും അല്പം മാത്രമായി ചിന്തിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ച് തീഷ്ണമായ ഒരു താക്കീത് മനുഷ്യനെ ഓർമ്മിപ്പിച്ചു. *'പറയുക നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ അല്ലാഹു നിങ്ങളുടെ മേൽ പുനരുത്ഥാന നാൾവരേക്കും പകലിനെ നിരന്തരമായി നിലനിർത്തിയിരുന്നെങ്കിൽ അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്ക് കൊണ്ടു വന്നുതരിക? അപ്പോൾ നിങ്ങൾ കാണുകയില്ല? നിങ്ങൾക്ക് വേണ്ടി രാവും പകലും സൃഷ്ടിച്ചുതന്നത് അവന്റെ കാരുണ്യത്തിൽ പെട്ടതാണ് അതിൽ (രാത്രിയിൽ) നിങ്ങൾ വിശ്രമിക്കുന്നതിനും( പകലിൽ) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും വേണ്ടി, നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടിയും* (28:72 –74)

അപരിമിതമായ എല്ലാ അനുഗ്രഹങ്ങളുടേയും കേദാരമാണ് അല്ലാഹു. എന്നാൽ അവൻ എല്ലാറ്റിനും അളവ് നിശ്ചയിച്ചിരിക്കുന്നു. *'ഒരു വസ്തുവിന്റേയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവല്ലാതെ നാം അത് ഇറക്കാറില്ല' (15:22) ഭൂമിയിലെ ജലവിതരണത്തെ പറ്റിയുള്ള ഒരു ചിത്രീകരണം നൽകുന്നത് കാണുക '(ജലാംശങ്ങൾ) വഹിച്ചു കൊണ്ടുപോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു നിങ്ങൾ അതിന്റെ നിക്ഷേപകരല്ലതാനും* (15:23)

ഭൂമിയിലെ ജീവജാലങ്ങൾക്കായി ജലം സംഭരിച്ച് വിതരണം ചെയ്യുന്ന ഈ സംവിധാനത്തെപറ്റി ഒരു നിമിഷത്തെ ചിന്ത നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നു. സമുദ്രങ്ങൾ തീർച്ചയായും ഏറ്റവും ബൃഹത്തായ ജലസംഭരണികളാണ്. സൂര്യന്റെ പ്രവർത്തനത്താൽ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈർപ്പമേറിയ കാറ്റ് ജലബാഷ്പത്തെ മേഘരൂപത്തിൽ വഹിച്ചു കൊണ്ടുപോകുകയും മഴ ആവശ്യമുള്ള ഭൂമേഖലകളിൽ വർഷിക്കുകയും ചെയ്യുന്നു.

*"കാറ്റുകളെ അയക്കുന്നത് അല്ലാഹുവാണ്. അങ്ങനെ അവ മേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് താനുദ്ദേശിക്കുന്നവിധം അവൻ അതിനെ ആകാശത്ത് വ്യാപിപ്പിക്കുകയും അതിനെ അവൻ പല കഷ്ണങ്ങളായും ചെയ്യുന്നു. അപ്പോൾ അതിന്റെ ഇടയിൽ നിന്നും മഴ ബഹിർഗമിക്കുന്നത് നിനക്കു കാണാം. അങ്ങനെ തന്റെ ദാസന്മാരിൽ താനുദ്ദേശിക്കുന്നവർക്ക് അവനത് എത്തിച്ചു കൊടുക്കുമ്പോൾ അവരതാപെട്ടെന്ന് സന്തുഷ്ടരായിത്തീരുന്നു അതിന് മുമ്പേ അത് (മഴ) അവർക്ക് വർഷിച്ചുകൊടുക്കുന്നതിന് തൊട്ടുമുമ്പേ അവർ തികച്ചും നിരാശരായിരിക്കുകയായിരുന്നെങ്കിലും. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങൾ നോക്കുക. ഭൂമി നിർജ്ജീവമായതിന് ശേഷം അവനെങ്ങിനെ*

***അതിനെ ജീവിപ്പിക്കുന്നു?*** (30:49 – 51)

മേഘത്തിൽ നിന്നും വർഷിക്കപ്പെടുന്ന ശുദ്ധമായ ജലം വരണ്ടതും വരൾച്ച ബാധിച്ചതുമായ ഭൂമിയിലേക്ക് കൃഷിക്കും, മരങ്ങൾക്കും, ഔഷധികൾക്കും നേരിട്ട് വിതരണം ചെയ്യുകയും അടിമണ്ണിൽ ശേഖരിക്കപ്പെടുകയും മാത്രമല്ല ചെയ്യുന്നത്. ആ വർഷജലം ഭൂമിയുടെ ജലാവശ്യങ്ങൾക്ക് പുനർവിതരണം ചെയ്യപ്പെടാനായി സ്ഥിരമായ ജലസംഭരണികളായി വൻതോതിൽ ഹിമരൂപത്തിൽ പർവ്വതശൃംഖലങ്ങളിലും ഉന്നതപീഠഭൂമികളിലും, ഹിമാനികളിലും നിക്ഷേപിക്കപ്പെടുന്നു. ***'നീ കാണുന്നില്ലേ, അല്ലാഹു മേഘങ്ങളെ മെല്ലെ മെല്ലെ ചലിപ്പിക്കുന്നു എന്നിട്ട് അവയെ തമ്മിൽ കൂട്ടിച്ചേർക്കുന്നു. പിന്നെ അവയെ മേല്ക്കുമേലായി അട്ടികളാക്കിത്തീർക്കുകയും ചെയ്യുന്നു. അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴപുറത്ത് വരുന്നത് നിനക്ക് കാണാം. ആകാശത്ത് നിന്ന് അതിലെ പർവ്വതതുല്യമായ മേഘങ്ങളിൽ നിന്ന് അല്ലാഹു ആലിപ്പഴം വർഷിക്കുകയും അതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അവൻ അതിനെ തെറ്റിച്ചുകളയുകയും ചെയ്യുന്നു.*** (24:44)

ഒരു ഭാഗം കൊണ്ട് മറ്റൊരു ഭാഗത്തെ നവീകരിക്കുന്ന രീതിയിൽ ചാക്രികമായാണ് ഈ വ്യവസ്ഥയെ അവൻ ക്രമപ്പെടുത്തിയിരിക്കുന്നത്. സമുദ്രങ്ങൾ, മഴ, ആലിപ്പഴം, മഞ്ഞ് മുതലായവയിലൂടെ ജലവിതരണം പൂരനർനവീകരിക്കപ്പെടുന്നു. അതുപോലെ അരുവികൾ, നദികൾ, അഗ്നിപർവ്വതങ്ങളിൽ നിന്നുള്ള ലാവാപ്രവാഹം എന്നിവയിലൂടെ ശുദ്ധജലം കടലിൽ ഒഴുകിയെത്തി നവീകരിക്കപ്പെടുന്നു. ***'നിശ്ചമായും പാറകളിൽ തന്നെ, അരുവികൾ അതിൽ നിന്നും പൊട്ടിയൊഴുകുന്ന (ചില)തുമുണ്ട്. അവയിൽ സ്വയം പൊട്ടിപ്പിളരുന്ന ചിലതുമുണ്ട്. അങ്ങ നെ അവയിൽ നിന്നും വെള്ളം നിർഗമിക്കുന്നു.*** (2:75). ശുദ്ധജലത്തിന്റെ വിതരണവും അതുപോലെ സമുദ്രജലത്തിന് ആവശ്യമായ ജലത്തിന്റെ വിതരണവും സന്തുലനപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്രമീകരണമാണ് ഈ ചാക്രിക വ്യവസ്ഥ. ***'അവനത്രെ രണ്ട് ജലഖണ്ഡങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കുവാൻ സുഖമുള്ള ശുദ്ധജലം. മറ്റേത് അരോചകമായ ഉപ്പുവെള്ളം. അത് രണ്ടിന്റെയും മദ്ധ്യത്തിൽ അവനൊരു മറയും ശക്തിമത്തായ തടസ്സവും ഉണ്ടാക്കിയിരിക്കുന്നു*** (25:54). ***'രണ്ട് ജലാശയങ്ങൾ സമമായിരിക്കുന്നില്ല. ഒന്ന് രുചികരവും കുടിക്കാൻ സുഖകരവുമായ ശുദ്ധജലം മറ്റേത് കടു ത്ത ഉപ്പുരസമുള്ള വെള്ളം ഓരോന്നിൽ നിന്നും പുതുമാംസം നിങ്ങൾ ഭക്ഷിക്കുന്നു. നിങ്ങൾ ധരിക്കുന്ന ആഭരണങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു. (തിരമാലകളെ) ഭേദിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളെ അതിൽ നീ കാണുന്നു. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളന്വേഷിക്കുവാനും നിങ്ങൾ നന്ദി കാണിക്കാനും വേണ്ടിയാണിത്.*** (35:13). ***'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്ന് തരിക*** (68:31).

പ്രകൃതിയിൽ സ്ഥാപിക്കപ്പെട്ട ഈ ചാക്രികവ്യവസ്ഥയിൽ കരുതിക്കൂട്ടിയുള്ളതോ ആകസ്മികമായതോ ബോധപൂർവ്വമോ അബോധ

പൂർവ്വമോ ആയ ഗൗരവപൂർവ്വമുള്ള ഇടപെടൽ നിശ്ചിതമായ പരിണിതഫലങ്ങളുണ്ടാക്കും. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അഭൂതപൂർവ്വമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുള്ള ഇക്കാലത്ത് പ്രകൃതിയിലെ ചാക്രികവ്യവസ്ഥയിൽ ഇടപെടാനും അതിനെ തടസ്സപ്പെടുത്താനുമുള്ള സാധ്യത പലമടങ്ങു വർദ്ധിച്ചിരിക്കുന്നു. ആയതിനാൽ ഈ ചാക്രികവ്യവസ്ഥയെ സംബന്ധിച്ച് കൂലങ്കുഷമായ പഠനങ്ങളും ഗവേഷണങ്ങളും ജാഗ്രതയും ആവശ്യമാണ്. ധാർമികവും ആത്മീയവുമായ മൂല്യങ്ങളിലൂടെ ഇതെല്ലാം നവീകരിക്കപ്പെടേണ്ടതുണ്ട്. ദൈവകാരുണ്യത്താൽ പ്രവർത്തനങ്ങളും അനുഗ്രഹീതവും ശക്തിദായകവുമായിത്തീരാറുണ്ട്. ദൈവവുമായുള്ള ഐക്യപ്പെടലിലൂടെയാണ് ഇത് സാധ്യതമാവുക. നമ്മോട് ഇങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ***"പറയുക സർവ്വാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു; നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾ ക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജ്ജീവമായതിനെയും നീ ഉത്ഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു.*** (3:27, 28) ❐

ചോദ്യോത്തരം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് IV

# നേരത്തെ മരിക്കുന്നവരുടെ വിധി

## ലണ്ടനിൽ നടന്ന ചോദ്യോത്തര സദസ്സിൽ നിന്ന്

**ചോദ്യം:** മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം ദൈവത്തെപ്പറ്റി യഥാർത്ഥജ്ഞാനം നേടുകയും അവന്റെ ഗുണങ്ങളെ ജീവിതത്തിൽ പ്രകാശിപ്പിക്കുകയുമാണെന്നാണ്. ഒരു മുസ്‌ലിം എന്ന നിലയിൽ ഞാൻ മനസ്സിലാക്കുന്നത്, എന്നാൽ ഇതിനൊരവസരം നൽകാതെ ചിലരുടെ ജീവൻ ദൈവം എടുക്കുന്നുണ്ട്. തെളിച്ചുപറഞ്ഞാൽ വിധിനാളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളുടേയും നന്നേ ചെറുപ്പത്തിലെ മരിച്ചു പോകുന്ന കുട്ടികളുടേയും വിധി ഇസ്‌ലാമിക വീക്ഷണത്തിൽ എന്തായിരിക്കുമെന്ന് വിശദീകരിക്കാമോ.?

**ഉത്തരം:** രണ്ട് ചോദ്യങ്ങൾ ഒരെണ്ണത്തിൽ ഒതുക്കിയിരിക്കുകയാണ്. ചോദ്യത്തിന്റെ രണ്ടാം ഭാഗം മനസ്സിലാക്കാനും വിശദീകരിക്കാനും എളുപ്പമാണ്. ഞാനതിൽ നിന്നു തുടങ്ങട്ടെ. കുട്ടികളെ സംബന്ധിച്ച് പറയുമ്പോൾ അവർ ദൈവത്തോട് ഏറ്റവും അടുത്തു നിൽക്കുന്നവരാണ്. അവർ നിഷ്കളങ്കരായതുകൊണ്ടും പരീക്ഷിക്കപ്പെടേണ്ട പ്രായപൂർത്തി എത്താത്തവരായതുകൊണ്ടും ദൈവത്തിന് നിരക്കാത്ത പ്രവർത്തികളോ, പെരുമാറ്റങ്ങളോ വിലയിരുത്തപ്പെടാൻ പറ്റില്ലല്ലോ.

നിഷ്കളങ്കരായ ഒരു പ്രായത്തിലായതുകൊണ്ട് ശയ്ത്താന്റെ പ്രലോഭനങ്ങൾ അവൻ അഭിമുഖീകരിക്കുന്നില്ല. അത് കൊണ്ടാണ് എല്ലാ കുഞ്ഞുങ്ങളും പ്രകൃതിക്കനുസൃതമായിട്ടാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് ഖുർആൻ പറയുന്നത്. അപ്പോൾ പ്രകൃതിയെന്ന് പറയുന്നത് എന്താണെന്ന് ചോദ്യം ഉദിക്കുന്നു. അത് ഫിത്തറുത്തുല്ല ആകുന്നു.

അതായത് ദൈവപ്രകൃതം. എല്ലാ കുഞ്ഞുങ്ങളും ജനിക്കുന്നത് ദൈവിക പ്രകൃതത്തിലാണ്. അപ്പോൾ കുട്ടിയായി ജനിക്കുക വഴി, അത് അതിന്റെ ജീവിത ലക്ഷ്യം പ്രാപിച്ച നിലയിലാണ്. എന്നാൽ അവൻ പതുക്കെ പതുക്കെ പക്വതയിലേക്ക് സഞ്ചരിക്കുമ്പോൾ അവനിൽ മാറ്റമുണ്ടാകുന്നു. അവൻ സ്വയം പലതും തെരെഞ്ഞെടുക്കുന്നു. ചിലപ്പോൾ തെറ്റായ തെരെഞ്ഞെടുപ്പുകൾ നടത്തുന്നു. നന്നേ ചെറുപ്പത്തിലുള്ള അവരുടെ ഈ പോക്ക് അവൻ നേർമാർഗ്ഗത്തിലാണോ, തെറ്റായ മാർഗ്ഗത്തിലാണോയെന്ന് നിരീക്ഷിക്കാൻ അവസരം നൽകുന്നു. പക്വതയെത്തിയ പ്രായത്തിൽ ഒരു പ്രവർത്തനരീതി ഉറച്ചുകഴിഞ്ഞാൽ അത് സ്വാതികമോ മോശമോ ആയ പെരുമാറ്റമായി മാറുന്നു.

അപ്പോൾ ചില കുട്ടികൾ അല്ലാഹുവിനാൽ മടക്കി വിളിക്കപ്പെട്ടാൽ അവർ ഭാഗ്യവാന്മാരാണെന്ന് ഒരർത്ഥത്തിൽ പറയാം. എന്തു കൊണ്ടെന്നാൽ പരീക്ഷണങ്ങളിൽ നിന്ന് അവർ രക്ഷപ്പെട്ടു. അപ്രകാരം പരാജയപ്പെടുന്നതിൽ നിന്ന് അവർ വിടുതൽ തേടുകയും ചെയ്യുന്നു. എന്നാൽ മറ്റൊരർത്ഥത്തിൽ അവർ ഭാഗ്യവാന്മാരല്ല എന്തുകൊണ്ടെന്നാൽ പരീക്ഷണങ്ങൾ അർത്ഥശൂന്യമല്ല. ഒരാൾ ജീവിതത്തിൽ പരീക്ഷണങ്ങൾ നേരിടുകയും വിജയിക്കുകയും ചെയ്താൽ അതൊരു ഉയർന്ന നേട്ടമാണ്. പരീക്ഷണങ്ങൾ നേരിടാതിരിക്കുക എന്നതിനേക്കാൾ ഉയർന്നതാണത്. നബി തിരുമേനി(സ)യുടെ ഒരു ഹദിസിൽ പറയുന്നത് പ്രായപൂർത്തിയാകുന്നതിന് മുമ്പ് മരണപ്പെടുന്നവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുമെന്നാണ്. പക്ഷെ അവർക്കൊരു നഷ്ടം സംഭവിച്ചിട്ടുണ്ട് ആ നഷ്ടം ഇബ്രാഹിം നബി (അ) അവർക്ക് നികത്തിക്കൊടുക്കും. നബിതിരുമേനി തുടർന്ന് പറയുന്നത് ഇബ്രാഹിംനബി (അ)ന് പരലോകത്ത് ഒരു സംഘം ഉണ്ടാകുമെന്നാണ്. ഇപ്രകാരമുള്ള കുട്ടികളെ പരിശീലനം ചെയ്ത് സൃഷ്ടിയുടെ ഉദ്ദേശ്യം പൂർത്തികരിക്കാൻ. അങ്ങനെ ഒരു

*(ശേഷം 21– ൽ)*

ലേഖനം

എ.എം. മുഹമ്മദ് സലീം

# പാകിസ്താൻ പ്രകൃതിദുരന്തം : യാദൃശ്ചികമോ?

**ഇപ്പോഴത്തെ ജലപ്രളയം പോലെ പാകിസ്താനു മേൽ പതിച്ച മഹാ ദുരന്തമായിരുന്നു 2005-ലെ ഭൂകമ്പം. ആ സന്ദർഭത്തിൽ സത്യദൂതനിൽ വന്ന ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു.**

2005 ഒക്ടോബർ 8ന് രാവിലെ 8.52 (IST - 9.22) കേവലം രണ്ട് മിനുട്ട് മുതൽ അഞ്ചു മിനുട്ട് വരെ നീണ്ടുനിന്ന, റിക്ടർ സ്കെ.യിലിൽ 7.6 രേഖപ്പെടുത്തിയ ഒരു ഭൂകമ്പമായിരുന്നു പാകിസ്താനിലേത്. തലസ്ഥാനമായ ഇസ്ലാമാബാദിൽ നിന്നും 138 കി.മീ. അകലെ പാക്കധീന കാശ്മീരിന്റെ തലസ്ഥാനമായ മുസാഫറാബാദ് കേന്ദ്രമായി ഭൂമി കുലുങ്ങിയപ്പോൾ പല പട്ടണങ്ങളും ഗ്രാമങ്ങളും, ജനപഥങ്ങളും ഭൂമിയിൽ നിന്നും തുടച്ചു നീക്കപ്പെട്ടു. കല്ലിന്മേൽ കല്ല് ഇല്ലാത്തവിധം മുസാഫറാബാദ് മൻസഹാറാ ജില്ലകളിലെ മിക്ക കെട്ടിടങ്ങളും തകർന്നു തരിപ്പണമായി. ഔദ്യോഗിക കണക്ക് 57,000മാണെങ്കിലും 70,000ത്തിലധികം ആളുകൽ മരിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. അതിലധികം ആളുകൾക്ക് പരിക്ക് പറ്റുകയും ചെയ്തു. ദശലക്ഷത്തോളം ആളുകൾ ഭവനരഹിതരായി പാകിസ്താനിലെ ഭൂകമ്പം ഒരു ഏകമുഖ ആഘാതം മാത്രമായിരുന്നില്ല. ഭൂകമ്പത്തെ തുടർന്നുണ്ടായ കനത്ത മഴയും മഞ്ഞുവീഴ്ചയും ആലിപ്പഴവർഷവും രക്ഷാപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി. സമനിരപ്പല്ലാത്ത ഭൂമിയിലേക്ക് രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ പ്രയാസകരമായിരുന്നു. എത്താനുള്ള റോഡുകൾ നിശ്ശേഷം തകർന്നുപോയി. അവശേഷിക്കുന്ന വീടുകളിൽ കിടന്നുറങ്ങാൻ ആളുകൾ ഭയപ്പെടുന്നു. ഭൂകമ്പത്തിനുശേഷമുള്ള തുടർചലനങ്ങൾ ആളുകളെ ഭയചകിതരാക്കുന്നു. വീടുകൾ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് കുടുംബാംഗങ്ങൾ ആകാശം മേൽപ്പുരയാക്കി വെള്ളവും ഭക്ഷണവും മരുന്നുമില്ലാതെ കൊടുംതണുപ്പിൽ കഴിയുകയാണ്. ദിവസങ്ങൾ കഴിഞ്ഞിട്ടും ഈ സ്ഥിതി തന്നെയാണ് തുടരുന്നത്. വരാനിരിക്കുന്ന ഹിമാലയസാനുക്കളിലും മഞ്ഞുകാലം ഭവനരഹിതരായവരുടെ മേൽ ഏല്പിക്കുന്ന ആഘാതം അനൂഹ്യമാണ്. ഐക്യരാഷ്ട്രസഭയുടെ ചീഫ് കോ-ഓർഡിനേറ്റർജാൻ എലിജന്റിന്റെ വാക്കുകളിൽ പാകിസ്താൻ ഭൂകമ്പത്തിന്റെ ഭീകരതയുടെ ചിത്രം നിറഞ്ഞുനിൽക്കുന്നു. അദ്ദേഹം പറഞ്ഞു: 'ഹിമാലയൻ പർവ്വതശ്രേണികളിൽ മഞ്ഞുകാലത്തിന് മുമ്പ് ഉണ്ടായ ഈ ഭൂമികുലുക്കം സൈന്യത്തിന്റെ ദുരിതാശ്വാസനീക്കങ്ങളെ ഒരു പേടിസ്വപ്നമാക്കി മാറ്റിയിരിക്കുകയാണ്. 2004 ഡിസംബർ 25ന് സംഭവിച്ച ഏഷ്യൻ സുനാമിയേക്കാൾ ഗുരുതരമാണ് ഈ ഭൂകമ്പം എന്ന് എലിജന്റ് പറഞ്ഞു. ഒരു പക്ഷേ ഇത്ര വലിയ ഒരു ദുരന്തത്തിന് വളരെ ചുരുക്കം രാജ്യങ്ങളെ സാക്ഷ്യം വഹിച്ചിട്ടുള്ളൂ. ഇത്തരം ദുരന്തങ്ങൾ ഒരു തലമുറയിൽ മാത്രമേ സംഭവിക്കൂ. ഇസ്ലാമാബാദിലെ ഒരു വാർ ത്താസമ്മേളനത്തെ അഭിമുഖീകരിക്കുകയായിരുന്നു ജാൻ എലിജന്റ്. (Frontline - Nov. 2005).

ഭൂകമ്പങ്ങൾക്ക് തീർച്ചയായും ഭൂമിശാസ്ത്രപരമായും മറ്റു ഭൗതികപരവുമായ കാരണങ്ങളുമുണ്ടാകാം. പക്ഷേ ഇത്തരം പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കാനിറങ്ങിയ ആധുനിക ശാസ്ത്രം അത് സംബന്ധമായി എത്തിച്ചേർന്ന നിഗമനങ്ങളെ പറ്റിയും നാം അറിയേണ്ടിയിരിക്കുന്നു. പല ഭൗതിക പ്രതിഭാസങ്ങളും അനിശ്ചിതത്വത്തിലും, അവ്യവസ്ഥയിലും, അദൃശ്യങ്ങളിലും വേരുകളുള്ള പ്രതിഭാസങ്ങളാണെന്ന് ആധുനിക ശാസ്ത്രം സമ്മ

തിക്കുന്നു. ഒരു ഭൗതിക പ്രതിഭാസത്തിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിന്റെ പ്രാരംഭികാവസ്ഥ എത്ര കൃത്യതയോടെ അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി നമുക്ക് പ്രവചിക്കാൻ കഴിയുമെന്നായിരുന്നു ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന്റെ നിലപാട്. നിശ്ചിത തത്വം എന്ന ഈ ഭൗതിക ശാസ്ത്രസങ്കല്പം ഇരുപതാം നൂറ്റാണ്ടിലെ ആപേക്ഷികസിദ്ധാന്തം, ക്വാണ്ടം മെക്കാനിക്സ്, കയോസ് തിയറി (അവ്യവസ്ഥാസിദ്ധാന്തം) എന്നീ ശാസ്ത്രസിദ്ധാന്തങ്ങളുടെ വരവോടെ അപ്രസക്തമായിരിക്കുകയാണ്. അതിൽ ഏറ്റവും ആധുനികമായ കയോസ് സിദ്ധാന്തം ഏതൊരു ഭൗതിക പ്രതിഭാസത്തിന്റേയും അപ്രവചനീയത വിളംബരം ചെയ്യുന്നു. കയോസ് എന്നാൽ സമ്പൂർണ്ണ ക്രമരഹിതാവസ്ഥ എന്നല്ല അർത്ഥം. ക്രമരഹിതാവസ്ഥയിലെ അതിസങ്കീർണ്ണമായ ക്രമം ആരായുകയാണ് കയോസ് ചെയ്യുന്നത്. ഭൂകമ്പങ്ങൾ കാലാവസ്ഥ മുതലായ ഭൗതിക ശാസ്ത്രത്തിന്റെ വിഷയങ്ങൾ മാത്രമല്ല, ചരിത്രം, സമ്പദ്ഘടന, രാഷ്ട്രീയം മുതൽ പ്രത്യക്ഷത്തിൽ വ്യവസ്ഥാപിതമായ ഭൗതിക നിയമങ്ങൾക്ക് വഴങ്ങാത്ത മേഖലകൾ കൂടി കയോസിന്റെ വിരൽ സ്പർശം കാണുന്നു.

ചുരുക്കത്തിൽ ഭൂകമ്പങ്ങൾ, കൊടുങ്കാറ്റ്, പേമാരി മുതലായ പ്രകൃതി ദുരന്തങ്ങൾ ശാസ്ത്രദൃഷ്ട്യാ അദൃശ്യത്തിലും അവ്യവസ്ഥയിലും, അപ്രവചനീയതയിലും വേരുകളുള്ള പ്രതിഭാസങ്ങളാണെന്ന് ആധുനികശാസ്ത്രം തന്നെ സമ്മതിക്കുന്നു. ഇവിടെ ഇത് പരാമർശിക്കാനുണ്ടായ കാരണം പ്രകൃതിദുരന്തങ്ങൾ പലപ്പോഴും ധർമ്മച്യുതിയുടെ വിധിതീർപ്പുകളാണെന്ന് വിശ്വാസികൾ പറയുമ്പോൾ ഭൗതികവാദികൾ അതിനെതിരെ ആക്രോശിക്കുന്നതിന് പകരം ശാസ്ത്രത്തിന്റെ ഈ പരിമിതിയുടെ പശ്ചാത്തലത്തിൽ ഇത്തരം പ്രതിഭാസങ്ങളെക്കുറിച്ച് മതങ്ങളും ധർമ്മശാസ്ത്രങ്ങളും കാലകാലങ്ങളിലായി പറഞ്ഞുവരുന്ന കാര്യങ്ങൾ അവധാനതയോടെ ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കാനാണ്. എല്ലാ പ്രകൃതിദുരന്തങ്ങളും ധാർമ്മികലംഘനങ്ങളുടെ ദൈവികമായ ഇടപെടലുകളാണ് എന്ന് ഇതിന്നർത്ഥമില്ല. ഒരു പ്രതിഭാസത്തിന് തന്നെ പലവിധ കാരണങ്ങളുണ്ടാവാം. ദൈവത്തെ പറ്റി ഖുർആൻ പറയുന്ന ഒരു വിശേഷണം 'ദു മിർറത്തിൻ' എന്നാണ്. 'തന്റെ ശക്തികൾ പലവിധത്തിൽ ആവർത്തിച്ച് പ്രകടിപ്പിക്കുന്നവൻ എന്നാണ്.' (53:7)

ഉദാഹരണത്തിന് വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും. പക്ഷേ മരിക്കുന്നവരെല്ലാം വിഷം കഴിച്ചവരാകണമെന്നില്ല. മരണം എന്ന കാര്യത്തിന് പലവിധ കാരണങ്ങളുണ്ടാവാം. അതുപോലെ മനുഷ്യൻ ദൈവത്തിന്റെ നിശ്ചിതമായ ചില ധാർമ്മികനിയമങ്ങൾ ലംഘിച്ച് അതിര് കടക്കുമ്പോൾ പ്രകൃതിശക്തികൾ ഉത്തേജിതമായി ദുരന്തങ്ങളായി ശിക്ഷയുടെ രൂപത്തിൽ അവരിൽ പതിക്കുന്നതായി നാം ചരിത്രത്തിൽ വായിക്കുന്നു. പലപ്പോഴും നിത്യജീവിതത്തിലെ അനുഭവവും അതാണ്. എല്ലാ പ്രകൃതിദുരന്തങ്ങളും അങ്ങനെ ആവണമെന്നില്ല. അത് മറ്റു ഭൗതികനിയമങ്ങൾക്കനുസരിച്ചും അവ സംഭവിക്കും. നമ്മുടെ സമൂഹത്തിലും വ്യക്തികളുടെ ജീവിതത്തിലും സൂക്ഷ്മദൃഷ്ടിയുള്ളവർക്ക് ഇത്തരം അദൃശ്യമായ ധാർമ്മിക നിയമങ്ങളുടെ വിധി നിർവ്വഹണങ്ങൾ കാണാവുന്നതാണ്. ദൈവത്തിന്റെ ധാർമ്മികനിയമങ്ങൾ പാലിക്കാൻ ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതി സ്വയം ഉപകരണങ്ങളായി വർത്തിക്കുന്ന എന്ന ലളിതമായ സന്ദേശമാണ് ഇത് നൽകുന്നത്. പ്രകൃതി ദുരന്തങ്ങൾ കൊണ്ട് അല്ലാഹു ശിക്ഷിച്ച സമൂഹങ്ങളെ പറ്റി ഖുർആൻ പറഞ്ഞിടത്തൊക്കെ അവരുടെ ധാർമ്മികദോഷങ്ങളും തിന്മകളും എടുത്തു പറഞ്ഞിട്ടുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ദുരന്തം പിടികൂടിയവർക്ക് ഇത്തരത്തിലുള്ള ധാർമികദോഷങ്ങളും ന്യൂനതകളും ഉണ്ടായിരുന്നുവോ, അതല്ലെങ്കിൽ മനുഷ്യൻ ഭൗതികജ്ഞാനം ആർജിക്കേണ്ട പ്രകൃതി പ്രതിഭാസങ്ങളുടെ ഭാഗമാണോ അതെന്നും പരിശോധിച്ച് പാഠം പഠിക്കേണ്ടത് ചരിത്രവിദ്യാർത്ഥികളുടെ കടമയാണ്. മതഗ്രന്ഥങ്ങളുടെ ചരിത്രപഠനത്തിന്റെ രീതി ശാസ്ത്രമതാണ്. മതഗ്രന്ഥങ്ങളിലും, തിരുവെഴുത്തുകളിലും പുരാണങ്ങളിലും നീതിസാരകഥകളിലുമെല്ലാം ഇത്തരം സംഭവങ്ങൾ നമുക്ക് കാണാം.

ലോകപ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരനായ ആൾനോഡ് ജോസഫ് ടോയൻബി മണ്ണടിഞ്ഞ 26 നാഗരികതകളെക്കുറിച്ച് പഠിച്ച് എത്തിച്ചേർന്ന നിഗമനം പ്രസിദ്ധമാണല്ലോ. ഭൗതികവും, പാരിസ്ഥിതികവുമായ കാരണങ്ങളേക്കാൾ ധാർമ്മികവും മതപരവുമായ വെല്ലുവിളികളെ നേരിടുന്നതിൽ വന്ന പരാജയമാണ് നാഗരികതകളുടെ പതനങ്ങൾക്ക് കാരണം എന്നാണ് അദ്ദേഹത്തിന്റെ സുചിന്ത്യമായ അഭിപ്രായം. ലൈംഗിക അരാജകത്വത്തിന്റെ ആവിർഭാവത്തോടെ ആ സംസ്കാരത്തിന് ഒരു തലമുറയുടെ ആയുസ്സേ ഉണ്ടാവൂ എന്നും ടോയംബി അഭിപ്രായപ്പെടുന്നു. അക്കാദമിക് ലോകത്ത് നിന്നുള്ള ഈ അതികായന്റെ അഭിപ്രായപ്രകാരം അതിഭൗതികവും ധാർമ്മികവുമായ കാരണങ്ങളാണ് ആത്യന്തികമായി ചരിത്രത്തിന്റെ

വിധി നിർണ്ണയിക്കുന്നതെന്ന് പറയുമ്പോൾ വിശ്വാസികൾ ഹൃദയത്തോടു ചേർത്ത് വെച്ച് ആദരിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളിലും ചരിത്രത്തിന്റെ ധർമ്മപക്ഷ വായനയെ സംശയിക്കുന്നതെന്തിന്.

ഭാരതീയ പുരാണങ്ങളിൽ നിന്നുതന്നെ തുടങ്ങാം മഹാഭാരതത്തിൽ വിവരിച്ച ദ്വാരകയിലെ യദുകുലത്തിന്റെ നാശം. ഇത്തരം ഒരു ധാർമ്മികാപചയവുമായി ബന്ധപ്പെട്ട കഥയാണ്. ശ്രീകൃഷ്ണന്റെ ധർ മ്മോപദേശത്തിൽ നിന്നും വഴി തെറ്റിയ യദുകുലം മദ്യപാനാസക്തരും കലഹപ്രിയരുമായി മാറിയപ്പോൾ ദ്വാരകയിൽ ദുർന്നിമിത്തങ്ങൾ പ്രത്യക്ഷപ്പെട്ടു. ചരൽകാറ്റും, കൊടുംങ്കാറ്റും വീശി, നദികൾ കുലംകുത്തിയൊഴുകി, മഞ്ഞു വീണ് ദിക്കെങ്ങും കാണാതായി. ഉൽക്കാപാതങ്ങളുടെ പൊടിപടലങ്ങൾകൊണ്ട് സൂര്യനും ചന്ദ്രനും മറഞ്ഞുപോയി. അവസാനം ദ്വാരകാപുരി കടൽക്ഷോഭത്തിൽ മുങ്ങിത്താണു എന്നതാണ് കഥ. കോടിക്കണക്കിന് വിശ്വാസികളെ ഉൾക്കൊണ്ട് ഭാരതീയ സംസ്കൃതിയുടെ നീതിബോധത്തെ സ്വാധീനിക്കുന്ന ഇത്തരം വിവരണങ്ങൾ ഏതൊരു അക്കാദമിക് ചരിത്രത്തേക്കാളും ക്രിയാത്മകമല്ലേ. അത് പോലെ അഗസ്തസ് ചക്രവർത്തിയെ ആരാധിച്ചിരുന്ന ദുർവൃത്തരായ റോമിലെ പോംപി നഗരത്തിന്റെ പതനം ഇന്നും പുരാവസ്തു സ്മാരകങ്ങളായി സംരക്ഷിക്കപ്പെട്ട ഒരു ഭീകര കാഴ്ചയാണ്. അശ്ലീലചിത്രങ്ങൾ കൊണ്ട് കമനീയമാക്കിയ മതിലുകളുള്ള വേശ്യാതെരുവുകൾ ഇന്നും പോപിയിൽ കാണാം. ക്രിസ്തുമത പ്രചരണാത്ഥം അപ്പോസ്തലനായ സെന്റ് തോമസ് പോംമ്പിക്കടുത്തുള്ള പൂത്വെലി സന്ദർശിച്ചതായി ബൈബിൾ പുതിയ നിയമത്തിൽ കാണാം. അധാർമ്മികതയിൽ പോംപി നഗരം അഴിഞ്ഞാടിയപ്പോൾ ഏ.ഡി. 79ൽ അരികെയുള്ള വെസൂവിയസ് അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് പോംപി നഗരം നാമാവശേഷമായി. പൗരാണിക ചരിത്രകാരനായ പ്ലിനി ഈ ദൃശ്യത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആനിലും ബൈബിളിലുമായി വിവരിക്കപ്പെട്ട നൂഹ് നബി(അ)യുടെ കാലത്തെ പ്രളയ കഥയും ലൂത്ത് നബി(അ)ന്റെ കാലത്തെ സൊദോം, ഗോമേര നഗരങ്ങളുടെ നാശവും; ആദ് സമൂഹത്തെ മണൽ കാറ്റിൽ മൂടിയ ശിക്ഷയും സമൂദ് സമുദായം നശിച്ച ഭൂകമ്പങ്ങളും അസ്ഹാബുൽ അയ്ക്കത്തിനും അസ്ഹാബുർ റസ്സിനും സംഭവിച്ച നാശങ്ങളും പ്രകൃതിദുരന്തങ്ങളെ ധാർമ്മിക പരിപ്രേക്ഷ്യത്തിൽ കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു: ***'അക്രമം പ്രവർത്തിക്കുകയായിരുന്ന എത്രയെത്ര നാടുകളേയാണ് നാം തകർത്തുകളഞ്ഞത്. അവർക്ക് ശേഷം നാം വേറൊരു ജനതയെ സൃഷ്ടിക്കുകയും ചെയ്തു'*** (21:12)

പാകിസ്താനിലേക്ക് തന്നെ തിരിച്ചുവരാം. കഴിഞ്ഞ മുപ്പത് വർഷമായി അല്ലാഹു റസൂൽ തിരുമേനി (സ) മുഖേന നിർബന്ധമാക്കിയ ആരാധകളൊന്നും തന്നെ നടത്താൻ അഹ്മദികൾക്ക് പാകിസ്താനിൽ അനുവാദമില്ല. കലിമത്തുത്തൗഹീദ് ഉച്ചരിച്ചാലും ഖുർആൻ പാരായണം ചെയ്താലും, നിസ്കരിച്ചാലും, അസ്സലാമു അലൈക്കും എന്ന് ആശംസിച്ചാലും അടിശിക്ഷ മുതൽ ജയിൽ ശിക്ഷവരെ വ്യവസ്ഥയാക്കി മാറ്റിയ ഒരു രാജ്യം എത്രമാത്രം നിന്ദ്യമാണ്. ഒരു സമൂഹം എന്ന നിലക്ക് ഇതിൽ പ്രതിഷേധിക്കാത്ത ആ നാട്ടിലുള്ള ഓരോ പൗരനും ഇതിനുത്തരവാദിയാണ്. ദൈവത്തെ ആരാധിക്കുന്നവരെ തടയുന്ന നിയമം ഫിർഔന്റെ ഈജിപ്തിനു മാത്രം അവകാശപ്പെട്ടതായിരുന്നു. അതിനുപുറമെ മറ്റെല്ലാ മനുഷ്യാവകാശ ധ്വംസനങ്ങളും അഹ്മദികൾ പാകിസ്താനിൽ അനുഭവിക്കുന്നു. രണ്ട് ദശാബ്ദമായി അഹ്മദികളുടെ പരമോന്നത മതനേതൃത്വം ജന്മനാട്ടിൽ നിന്നു ബഹിഷ്കൃതരായി അന്യനാട്ടിൽ പ്രവാസിയായി കഴിയുന്നു. അവസാനം ഈ കിരാതപർവ്വങ്ങളുടെ പരിമാണഗുപ്തിയെന്നോണം ഈ പരിശുദ്ധ റമദാൻ മാസത്തിലെ രണ്ടാം ദിവസം വെള്ളിയാഴ്ച കിഴക്കൻ പഞ്ചാബിലെ മോംഗ് എന്ന സ്ഥലത്ത് സുബ്ഹി നമസ്കാരത്തിന്ന് അഹ്മദികൾ അവരുടെ മസ്ജിദിൽ എത്തിച്ചേർ ന്നപ്പോൾ ഉണ്ടായ നിഷ്ഠൂര സംഭവം. നമസ്കാരം ഭരണകൂടം നിയമവിരുദ്ധമാക്കിയതാണെങ്കിലും അഹ്മദികൾ ജമാഅത്തായി തന്നെ പള്ളികളിൽ നിസ്കരിക്കാറുണ്ട്. സുബ്ഹി നമസ്കാരം രണ്ടാമത്തെ റക്അത്തിലേക്ക് പ്രവേശിച്ചപ്പോൾ പാകിസ്താനിലെ മുല്ലായിസം പടച്ചുവിട്ട ഭീകരന്മാർ മോട്ടോർസൈക്കിളിൽ അവിടെയെത്തി പള്ളിയിൽ അല്ലാഹുവിന്റെ മുമ്പിൽ ആരാധിച്ചുനിൽക്കുന്ന അഹ്മദികൾക്കെതിരെ തലങ്ങും വിലങ്ങും നിറയൊഴിച്ചു. എട്ടു പേർ ശഹീദായി. കൊലയാളികൾ ഇരുളിന്റെ മറവിലേക്ക് ഓടിമറഞ്ഞു. അനശ്വരരായ ശുഹദാക്കന്മാർ നൽകിയ വിശുദ്ധ രക്തം പാകിസ്താനിലെന്നല്ല ലോകം മുഴുവൻ അഹ്മദിയ്യാ ജമാഅത്തിനെ വാനോളം വളർത്തുകയാണെന്ന് ആ കശ്മലന്മാർക്കറിയില്ല. ആ ദാരുണസംഭവവും അഹ്മദികളിലുണ്ടാക്കിയ വേദനയും നടുക്കവും പടച്ച റബ്ബിന് മാത്രമേ അറിയൂ. വെള്ളിയാഴ്ച പ്രഭാതത്തിലെ ഈ നിഷ്ഠൂരകൊല

പാതകം അറിഞ്ഞപ്പോൾ അന്നത്തെ ഖുത്ബയിൽ ഖലീഫത്തുല് മസീഹ് പ്രതികരിച്ചു. 'റമസാൻ മാസത്തിൽ അഹ്മദികൾ നന്മകൾ സമ്പാദിക്കാനും അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കാനും വേണ്ടി ശ്രമിക്കുമ്പോൾ, മുല്ലാക്കളിൽ നിന്ന് ശിക്ഷണം കിട്ടിയ ഈ നാമമാത്ര മുസ്ലിം സംഘം – എല്ലാ മുസ്ലിംകളും ഇത്തരക്കാരല്ല – സ്വന്തം നിലയിൽ ഇത്തരം അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട്, അഹ്മദികളെ കൊല ചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് കരുതുന്നു. വാസ്തവത്തിൽ ഇത്തരം പ്രവൃത്തികൾ കൊണ്ട് അവർ അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചു വരുത്തുകയാണ് ചെയ്യുന്നത്.'' റസൂൽ തിരുമേനി(സ)യുടേയും ദീനുൽ ഇസ്ലാമിന്റേയും യശസ്സ് ലോകത്ത് വീണ്ടും പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹ് അവതരിച്ചപ്പോൾ വിശ്വസിച്ചുപോയി എന്ന തെറ്റല്ലാതെ മറ്റെന്ത് കുറ്റമാണ് അഹ്മദികൾ ചെയ്തത്? മുസ്ലിം ലോകത്ത് മനസ്സാക്ഷിയുള്ളവർ ആത്മപരിശോധന നടത്തട്ടെ 'പീഢിതനും ദൈവത്തിനുമിടയിൽ മറയില്ല' എന്ന റസൂൽ തിരുമേനി പറഞ്ഞത് വെറും പൊയ്വാക്കാണോ? ആ ദാരുണ സംഭവം കഴിഞ്ഞ് കൃത്യം 24 മണിക്കൂർ കഴിയുമ്പോഴേക്കും കിഴക്കൻ പാക്കിസ്താൻ അടിമേൽ മറിക്കുന്ന ഭൂകമ്പത്തിന്നാണ് ആ നാട് സാക്ഷ്യം വഹിച്ചത്. ദൈവക്രോധം പാകിസ്താന്റെ മേൽ പതിച്ചുവോ? കഴിഞ്ഞ മുപ്പത് വർഷമായി പാകിസ്താനിൽ നിരപരാധികളും, നിഷ്ക്കളങ്കരുമായ അഹ്മദികളോട് അനുവർത്തിച്ച നയമെന്തായിരുന്നു? പീഢനത്തിന്റേയും അനീതിയുടേയും കൊടുംക്രൂരതകൾ സ്പഷ്ടമായ നിലയിൽ നിയമലിഖിതങ്ങളായി പാകിസ്താൻ ഭരണഘടനയിലും നിയമസംഹിതകളിലും രേഖപ്പെട്ടുകിടക്കുന്നു. അധർമ്മവും അക്രമവും അതിരു കടക്കുമ്പോൾ നാം ആ സമൂഹങ്ങളുടെ മേൽ ശിക്ഷയിറക്കും എന്ന് താക്കീത് നൽകിയ ആ അല്ലാഹു ഇന്നും ജീവിച്ചിരിക്കുന്നവനല്ലേ. ധാർമ്മികതയും നീതിയും നശിച്ച നാടുകളിൽ പ്രവാചകന്മാർ അവതരിക്കുമ്പോൾ അവരേയും അവരെ വിശ്വസിച്ച സമൂഹത്തേയും ദ്രോഹിക്കുമ്പോൾ ഭൂകമ്പങ്ങളും കൊടുങ്കാറ്റും, പ്രളയവും, പേമാരിയും ശിക്ഷയായി പതിക്കുമെന്ന് ഉദാഹരണസഹിതം നിരവധിസ്ഥലങ്ങളിൽ വിവരിച്ചുതന്ന വിശുദ്ധ ഖുർആനും നമ്മുടെ മുമ്പിലുണ്ട്. അല്ലാഹു പറയുന്നു.... *'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല. അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതികേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പ് നൽകുന്നത് വരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ (ഒരിക്കലും) നശിപ്പിക്കാറില്ല.* (28:60). ***വീണ്ടും ഖുർആൻ പറയുന്നു: 'ഇത് നിങ്ങളുടെ കൈകൾ മുമ്പ് പ്രവർത്തിച്ചത് കാരണമാണ്. അല്ലാഹു ദാസന്മാരോട് തീരെ അനീതി പ്രവർത്തിക്കുന്നവനല്ല*** (3:183).

ദുരിതങ്ങളുടേയും ദുരന്തങ്ങളുടേയും, നഷ്ടങ്ങളുടേയും വഴിത്തിരിവുകൾ ആത്മപരിശോധനക്കുള്ള സന്ദർഭങ്ങളാണ്. ജമാഅത്തെ ഇസ്ലാമിയുടെ പ്രബോധനം വാരിക പാക് ഭൂകമ്പത്തെക്കുറിച്ചെഴുതുന്നു: 'ഇത്തരം പ്രകൃതിദുരന്തങ്ങളെ അന്ത്യനാളിന്റെ കൊച്ചുപതിപ്പുകളായും സർവ്വലോകരക്ഷിതാവിന്റെ താക്കീതുകളായും കാണാൻ കഴിയണം. മനുഷ്യന്റെ അഹന്തക്കും ഗർവ്വിനും കൈയേറ്റത്തിനുമെതിരെയുള്ള ഒരു ദൈവിക ഇടപെടലാണിത് (പ്രബോധനം: 2005 ഒക്ട. 22). പക്ഷേ പാകിസ്താനിൽ ആർ ആരെയാണ് കൈയ്യേറ്റം ചെയ്തതെന്നും, ആരുടെ ഗർവ്വിനും അഹന്തക്കുമെതിരെയാണ് ദൈവീകമായ ഇടപെടലുകളുണ്ടായതെന്നുമുള്ള കാര്യം കൂടി പ്രബോധനം വ്യക്തമാക്കേണ്ടിയിരുന്നു. ആ പ്രകൃതിദുരന്തങ്ങളുടെ ധർമ്മപക്ഷവായന നാം മറക്കാൻ പാടില്ല. സജീവനായ ദൈവം സമൂഹങ്ങൾ ചെയ്തുകൂട്ടുന്ന ചെയ്തികളെ പറ്റി അശ്രദ്ധനല്ല എന്ന് നാം തിരിച്ചറിയണം. ഖുർആൻ പറയുന്നു: ***"അങ്ങനെ അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്ന എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചത്? അവയുടെ മേൽത്തട്ടുകളിൽ മേൽ അവ വീണു കിടക്കുയാണ്. ഉപയോഗശൂന്യമാക്കപ്പെട്ട എത്ര കിണറുകൾ, എത്ര സൗധങ്ങൾ 'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല; പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്.*** (22:46, 47) ഇതെല്ലാം കേവലം യാദൃശ്ചികവും ഭൗതികവുമായ പ്രതിഭാസങ്ങളാണെന്ന് കരുതുന്നവരോട് അല്ലാഹു പറയുന്നു: ***'നാട്ടിൽ അന്യായമായി അഹംഭാവം നടിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നും താമസിയാതെ ഞാൻ തെറ്റിച്ചുകളയും. ദൃഷ്ടാന്തങ്ങളെല്ലാം കണ്ടാലും അവർ വിശ്വസിക്കുകയില്ല."*** (7:147)

പാകിസ്താന് വന്നുഭവിച്ച ഈ ദുരന്തത്തിൽ ശിക്ഷയുടെ സാഫല്യം കണ്ട് സന്തോഷിക്കുന്നവരല്ല അഹ്മദികൾ. ഭൂകമ്പത്തിന് ശേഷ

യ്തിരിക്കുകയുമാണ്. പാകിസ്താന് വേണ്ടി നമുക്കും പ്രാർത്ഥിക്കാം. ഭൂകമ്പം മൂലമുണ്ടായ എല്ലാ ദുരിതങ്ങളിൽ നിന്നും അല്ലാഹു പാക്ക് ജനതയെ കരകയറ്റട്ടെ. ദൈവക്രോധം വിളിച്ചുവരുത്തുന്ന എല്ലാ അധർമ്മങ്ങളെക്കുറിച്ചും ആ നാടിന് അല്ലാഹു തിരിച്ചറിവ് നൽകട്ടെ. നീതിയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ്, പാകിസ്താൻ ലോകത്തിന് മാതൃകയായിത്തീരട്ടെ. (ആമിൻ).

നമായി ഉപദേശിച്ച ഖലീഫത്തുൽ മസീഹ് നാലാമനെ ഈ അവസരത്തിൽ സ്മരിക്കുകയാണ്. ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹ് ജമാഅത്തിന്റെ 'ഹുമാനിറ്റി ഫസ്റ്റ്' എന്ന ജീവകാരുണ്യസംഘടനയെ പാകിസ്താന്റെ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ സർവ്വസന്നാഹങ്ങളോടെയും അയച്ചിരിക്കുകയാണ്. ധനത്യാഗത്തിലും അവരെ സഹായിക്കാൻ ലോകം മുഴുവനുമുള്ള അഹ്മദികളെ ആഹ്വാനം ചെ

വും പാകിസ്താനിൽ മറ്റേതരു പ്രസ്ഥാനത്തേക്കാളും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് അഹ്മദികളാണ്. മൂന്ന് ദശാബ്ദങ്ങളായി അഹ്മദികളെ പാകിസ്താൻ ഗവൺമെന്റും ഉലമാക്കന്മാരും പീഡിപ്പിച്ചിട്ടും ജന്മനാട്ടിൽ നിന്നും ബഹിഷ്കൃതനായി അന്യനാട്ടിൽ പ്രവാസിയായി കഴിഞ്ഞിട്ടും പാകിസ്താനെതിരെ വിദേശങ്ങളിൽ യാതൊരു പ്രചരണവും നടത്തരുത് എന്ന് സ്വന്തം ജമാഅത്തിനെ കർശ

*(16-ൽ നിന്ന് തുടർച്ച)*

നീണ്ട പരിശീലന പ്രക്രിയ്ക്ക് ശേഷം അവർ വിജയികളാകുമ്പോൾ ഇതര വിജയികളായ മനുഷ്യരെപ്പോലെ അല്ലാഹു ഇച്ഛിക്കുമ്പോൾ അവർക്ക് തുല്യപരിഗണന ലഭിക്കും.

കുട്ടിയല്ലാത്ത ഒരാൾക്ക് അല്ലാഹു മരണം വിധിക്കുമ്പോൾ, എന്ന ചോദ്യത്തിന്റെ ആദ്യഭാഗത്തെപ്പറ്റി ചിന്തിക്കുമ്പോൾ പറയാവുന്നതിതാണ്. ഒരാളുടെ മരണത്തോടുകൂടി അയാളെപ്പറ്റിയുള്ള ഒരു നിഗമനം മനസ്സിലാക്കാൻ കഴിയും. അയാൾ ഒരു ജീവിതചക്രത്തിൽ ചലിച്ചിട്ടുണ്ടാകും. അയാൾ ജീവിച്ചു തീരുന്നതിന് മുമ്പേ, മരണം വന്നെത്തിയാൽ, അയാളതിന്റെ ഒരു സ്ഥിരസ്വഭാവം ആർജിച്ചിട്ടുണ്ടാകാം. അയാൾക്ക് ജീവിതം നീട്ടിക്കൊടുത്താലും, അയാളത് പോലെ തന്നെ ജീവിക്കുന്നത് കാണാം. അങ്ങനെ പാകത വന്ന പ്രായത്തിൽ ഒരാൾ മരിച്ചാൽ അത് തന്നെ ധാരാളം എന്നൊരാൾ തെറ്റായി ധരിച്ചുവെന്ന് വയ്ക്കുക. എന്നാൽ ദീർഘമായ ആയുസുള്ള ഒരു കാലത്തെപ്പറ്റി, ചിന്തിക്കുന്നുവെങ്കിൽ, എന്തിനാണ് അയാളെ 70ഓ 80ഓ വയസ്സിൽ മരിപ്പിക്കുന്നത് എന്ന ചോദ്യം ഉയരാം. ഒരായിരം കൊല്ലമോ, മറ്റോ ഉണ്ടായിരുന്നുവെങ്കിൽ അയാൾ അയാളുടെ കുറവുകൾ നികത്തി നന്നാവുകയോ, ചീത്തയിൽ നിന്ന് നല്ലതിലേക്ക് നീങ്ങുകയോ, നല്ലതിൽ നിന്ന് ചീത്തയിലേക്ക് നീങ്ങുകയോ ചെയ്യുമായിരുന്നു. അപ്പോൾ ചോദ്യം പിന്നെയും അവശേഷിക്കുകയാണ്. മരണത്തെപ്പറ്റി തീരുമാനമെടുക്കുന്നത് സർവ്വജ്ഞനായ ഒരുവനാണ്. അവനറിയാം ഒരുവൻ നന്മയിൽ എത്രത്തോളം മുന്നേറുമന്നും തിന്മയിൽ എത്രത്തോളം ചെന്നെത്തുമെന്നും.

ഖുർആൻ വീണ്ടും ആവർത്തിച്ച് നമ്മോട് പറയുന്നു. മരണസമയത്ത് ഒരുവൻ പറയും.

"ഓ ദൈവമേ എനിക്ക് കുറച്ച് കൂടി സമയം തന്നിരുന്നെങ്കിൽ ഞാൻ നല്ല പ്രവർത്തികൾ ചെയ്യുമായിരുന്നു." അല്ലെങ്കിൽ മരണത്തിന് ശേഷം അവൻ പറയും: "എന്നെ ഭൂമിയിലേക്ക് മടക്കി അയക്കുക. ഈ സമയം ഞാൻ ഉറപ്പായും വാഗ്ദാനം ചെയ്യുന്നു. ഞാൻ സൽപ്രവർത്തികൾ ചെയ്യും." അവൻ കളവ് പറയുകയാണെന്നാണ് ദൈവം ഇതിനെപ്പറ്റി പറയുന്നത്. "ഞാൻ ഭൂമിയിലേക്ക് അവനെ തിരിച്ചയച്ചാലും അവൻ അത് തന്നെ ചെയ്യും. മുമ്പ് ചെയ്തിരുന്നതുപോലെ! പരിശുദ്ധ ഖുർആന്റെ ഖണ്ഡിതമായ വിധിയാണിത്. ഇത് മനുഷ്യസമൂഹത്തിന് പൊതുവെ ബാധകമായ ഒന്നാണ്. മനുഷ്യൻ എങ്ങനെയാണ് പെരുമാറുകയെന്നത് ഇതിൽ അടങ്ങിയിരിക്കുന്നു. മരണമടുക്കുമ്പോൾ മനുഷ്യൻ ഇപ്രകാരം പറയുന്നതായി കാണാം. ഓ ദൈവമേ, ഞങ്ങൾ നിന്നോട് നീതി കാട്ടിയിട്ടില്ല. നിന്നോട് നല്ല നിലയിൽ ആയിരുന്നില്ല. ഞങ്ങളുടെ ജീവിതം നീട്ടിത്തരുകയാണെങ്കിൽ ഞങ്ങളുടെ കുറവുകൾ ഞങ്ങൾ നികത്തുകയും നിന്നോട് നല്ല നിലയിലും, കരുണയിലും പ്രവർത്തിക്കുകയും ചെയ്യും." അങ്ങനെ പലതും. അവർ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. അവർ രക്ഷപ്പെടുത്തപ്പെടുമ്പോൾ അവർ പഴയപോലെത്തന്നെ പെരുമാറുന്നു. അതുകൊണ്ടു നേരത്തെ മരിക്കുന്നുവോ, താമസിച്ചു മരിക്കുന്നുവോ എന്നത് അപ്രസക്തമാണ്.

ദൈവത്തിന്നറിയാം, ചില സ്വഭാവങ്ങൾക്ക് സ്ഥിരത കിട്ടിയിട്ടുണ്ടോ, ഇല്ലയോ എന്ന്.

***(Review of Religions 2003 August)***

***തർജ്ജമ: കെ.എ. അബ്ദുൽകലാം, കൊച്ചി***

അബ്ദുറഹ്മാൻ കൊടിയത്തൂർ

ലേഖനം

# ലണ്ടൻ: മുസ്‌ലിം പ്രവാസി നേതാക്കളുടെ പറുദീസ

**ബൃഹത്തായ ഒരു ജയിൽ പോലെ പ്രചരണ സ്വാതന്ത്ര്യമോ ചിന്താ സ്വാതന്ത്ര്യമോ ഇല്ലാത്ത മുസ്‌ലിം രാജ്യങ്ങളിലെ പീഡിതരായ പല നേതാക്കന്മാരും അഭയം തേടുന്നത് ജനാധിപത്യത്തിന്റെ ഈറ്റില്ലമായ ലണ്ടനിലാണ്. അഹ്മദികൾ ലണ്ടൻ പട്ടണത്തിലിരുന്ന് പാശ്ചാത്യ ലോകത്തെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്.**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെതിരിൽ പാകിസ്ഥാനിൽ പട്ടാള ഏകാധിപതിയായിരുന്ന സിയാ ഉൽ ഹഖിന്റെ ഭരണകൂടം കിരാതവും, മുഴുവൻ മനുഷ്യാവകാശങ്ങളെയും ഹനിക്കുന്നതുമായ മർദ്ദക നിയമങ്ങൾ നടപ്പാക്കുകയും, അഹ്മദിയ്യാ ഖലീഫയെ കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്യാൻ നീക്കങ്ങൾ നടത്തുകയും ചെയ്ത സാഹചര്യത്തിലാണ് 1984ൽ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ് പ്രവാചകന്മാരുടെ പരിശുദ്ധ സുന്നത്തിനെ പിൻപറ്റിക്കൊണ്ട്, മനുഷ്യാവകാശങ്ങളും മതസ്വാതന്ത്ര്യവും പരിരക്ഷിക്കപ്പെടുന്ന ഒരു പ്രദേശമെന്ന നിലയിൽ ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്തത്. അന്ന് മുതൽ ഖിലാഫത്തിന്റെ ആസ്ഥാനം ലണ്ടനിൽ തുടരുകയാണ്. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹ: മിർസാ മസ്റൂർ അഹ്മദ് സാഹിബും ലണ്ടൻ കേന്ദ്രമാക്കി ഇസ്‌ലാമിന്റെ ആഗോളാടിസ്ഥാനത്തിലുള്ള മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകി വരികയാണ്.

എന്നാൽ അഹ്മദിയ്യത്തിന്റെ എതിരാളികൾ ഇക്കാര്യത്തിന്റെ പേരിൽ ആക്ഷേപമുന്നയിച്ചുകൊണ്ട് തങ്ങളുടെ അജ്ഞതയും, അല്പത്വവും വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഏറെ മുമ്പിൽ മുജാഹിദ് - ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാരും, അവരുടെ ജിഹ്വകളുമാണ്. യഥാർത്ഥത്തിൽ മലർന്ന് കിടന്ന് മേല്പോട്ട് തുപ്പുന്നതിന് തുല്യമാണ് ഇവരുടെ ഈ ജല്പനങ്ങൾ. കാരണം ഇവരുടെയൊക്കെ നേതാക്കളിൽ പലരും പ്രവർത്തന കേന്ദ്രമാക്കിയിട്ടുള്ളത് ലണ്ടൻ പട്ടണവും അതുപോലുള്ള പാശ്ചാത്യകേന്ദ്രങ്ങളിലുമാണ്. ഈയടുത്തകാലത്ത് നടന്ന മുജാഹിദ് സമ്മേളനങ്ങളിൽ മുഖ്യശ്രദ്ധാകേന്ദ്രമായിരുന്ന എസ്റ്റസ്, ജമാൽ ബദവി തുടങ്ങിയവർ അമേരിക്ക കേന്ദ്രമാക്കി പ്രവർത്തിക്കുന്നവരാണെങ്കിൽ, ജമാഅത്തെ ഇസ്‌ലാമി പരിപാടികളിലെ മുഖ്യാതിഥികളായിരുന്ന റാശിദുൽ ഹനൂസി, യിവോൺ റിഢ്‌ലി എന്നിവർ ലണ്ടൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്നവരായിരുന്നു. വേറെയും പല പ്രമുഖ മുസ്‌ലിം വ്യക്തിത്വങ്ങളും പ്രസ്തുത രാജ്യങ്ങളിൽ നിന്ന് തന്നെ കേരളം സന്ദർശിക്കുകയുണ്ടായി. *'പൗരസ്ത്യഭാഷകളിലെ മാധ്യമങ്ങളിൽ പലതും സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്നത് ലണ്ടനിലാണ്. ലണ്ടനെ അങ്ങനെ നിലനിർത്തുന്നതിൽ നിശ്ചയമായും ബ്രിട്ടീഷ് താല്പര്യങ്ങളുണ്ടാകും. എന്നാലും സ്വതന്ത്രമായ ആശയവിനിമയത്തിനും അരുതായ്മകൾക്കെതിരായ പോരാട്ടങ്ങൾക്കും വിവിധ മാനവിക കൂട്ടായ്മകൾക്ക് അഭയവും രക്ഷാകേന്ദ്രവുമായ ലണ്ടനെ മേലിൽ കടുത്ത നിയ*

*ന്ത്രണങ്ങൾക്കും, നിരീക്ഷണങ്ങൾ ക്കും വിധേയ മാക്കുകയാണ് സ്ഫോടനങ്ങളുടെ ഉടനടിയുള്ള ഫലം.'* (മാധ്യമം 2005 ജൂലൈ 11) ലണ്ടൻ സ്ഫോട നങ്ങളുടെ പശ്ചാത്തലത്തിൽ എഴുതിയ മുഖപ്രസം ഗത്തിലാണ് ജമാഅത്ത് പത്രം സത്യം തുറന്നെഴു തുന്നത്. ജമാഅത്തെ ഇസ്‌ലാമിക്കാർ ധാർമ്മികപ്ര സ്ഥാനങ്ങളെന്ന് വിശേഷിപ്പിക്കുന്ന, പ്രസ്ഥാനങ്ങൾ ക്കും, അവയുടെ പ്രസിദ്ധീകരണങ്ങൾക്കുമെല്ലാം, അറബ് - മുസ്‌ലിം രാഷ്ട്രങ്ങളിൽ ലഭിക്കാത്ത സ്വാ തന്ത്ര്യം ലണ്ടനിലും അതുപോലുള്ള പാശ്ചാത്യ രാഷ്ട്രങ്ങളിലും ലഭിക്കുന്നു എന്ന സത്യമാണ് ഇവി ടെ വ്യക്തമാക്കുന്നത്. ജമാഅത്തെ ഇസ്‌ലാമിക്കാ രുടെ ഇഷ്ടതോഴനായിരുന്ന ആയത്തുല്ലാഖുമൈ നി, ഫ്രാൻസി ന്റെ തലസ്ഥാനമായ പാരീസിൽ പ്രവാ സജീവിതം നയിച്ചുകൊണ്ടായിരുന്നു ഇറാൻ വിപ്ലവം നയിച്ചിരുന്നത് എന്ന സത്യവും, ഇക്കൂട്ടരെ അഹ്‌മ ദിയ്യാ ജമാഅത്തിനേയും, അതിന്റെ വന്ദ്യഇമാമി നേയും അധിക്ഷേപിക്കുന്നതിൽ നിന്നും പിന്മാറാൻ പ്രേരിപ്പിക്കുന്നില്ല എന്നതാണ് വിസ്മയകരമായിട്ടു ള്ളത്. സത്യ ജമാഅത്തിനെ എതിർക്കുമ്പോൾ നീതി ബോധം ഇക്കൂട്ടർക്ക് നഷ്ടപ്പെട്ടുപോവുക സ്വാഭാ വികമാണല്ലോ.

തിരുനബി(സ) തന്റെ ജന്മനാടും, തനിക്കേറ്റം പ്രിയങ്കരവുമായിരുന്ന മക്കാപട്ടണവും വിട്ട് മദീനയെ തന്റെ ഭാവികേന്ദ്രമായി തിരഞ്ഞെടുക്കേണ്ടി വന്ന ആ ഒരു പ്രത്യേക സന്ദർഭം ഓർത്തുനോക്കുക!! വികാരസാന്ദ്രമായിരുന്നു; ആ വിടവാങ്ങൽ. എ ന്നാൽ ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ ഒരു പുതിയ യുഗമായിരുന്നു പിന്നീട് തുടക്കം കുറിക്കപ്പെട്ടത്. അതുപോലെ തന്നെ ഖലീഫ തിരുമനസ്സിന്റെ ലണ്ട നിലേക്കുള്ള ഹിജ്റത്ത് അഹ്‌മദിയ്യാ ജമാഅത്തിന്റെ മുന്നേറ്റത്തിന് ശീഘ്രത നൽകി എന്ന കാര്യം ഏതൊ രാൾക്കും കാണുവാൻ കഴിയുന്നതാണ്. വിശുദ്ധ ഖുർആന്റേയും, ഹദീസുകളുടേയും, വാഗ്ദത്ത മസീ ഹിന്റെ ലിഖിതങ്ങളുടെയുമെല്ലാം ലോകഭാഷകളി ലുള്ള പ്രസിദ്ധീകരണവും, 5 വൻകരകളിലും സം പ്രേക്ഷണം ചെയ്യുന്ന എം.ടി.എ. എന്ന ആഗോള ഇസ്‌ലാമിക ചാനലിന്റെ ആരംഭവും, 100ൽ താഴെ രാജ്യങ്ങളിൽ മാത്രം സ്ഥാപിതമായിട്ടുണ്ടായിരുന്ന ജമാഅത്ത് 195 രാജ്യങ്ങളിലേക്ക് പടർന്നു പന്തലി ച്ചതും ഖലീഫയുടെ ഹിജ്റത്തിന് ശേഷമാണെന്ന കാര്യം വ്യക്തമായ സത്യമാണ്. ലോകത്തെ ദരിദ്ര രെയും ദുരിതബാധിതരേയും സഹായിക്കുന്നതി നുള്ള ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന രാജ്യാന്തര സന്നദ്ധ സേവനസംഘടനയുടെ സ്ഥാപനവുമെല്ലാം ലണ്ടൻ പ്രവാസത്തിനുശേഷമാണ്.

പാശ്ചാത്യശക്തികൾ ലോകത്ത് നടത്തിക്കൊ ണ്ടിരിക്കുന്ന സൈനിക ഇടപെടലുകൾക്കും, അതി ക്രമങ്ങൾക്കുമെതിരിൽ അഹ്‌മദിയ്യാ ഖലീഫമാർ ലണ്ടൻ പട്ടണത്തിലിരുന്നുകൊണ്ട് തന്നെ ശക്ത മായി പ്രതികരിക്കുകയും, പാശ്ചാത്യനുകത്തിൻ കീഴിൽ നിന്ന് രക്ഷപ്പെടുന്നതിനുള്ള പ്രായോഗിക വും ഇസ്‌ലാമികവുമായ മാർഗ്ഗങ്ങളെക്കുറിച്ച് മുസ് ലിം ലോകത്തെ ഉണർത്തിക്കൊണ്ടിരിക്കുകയും ചെ യ്തിട്ടുണ്ട്. 1990 ഏപ്രിൽ 2 വ്യാഴാഴ്ച ഇറാക്കിന്റെ കുവൈത്ത് അധിനിവേശത്തിന്റെ തൊട്ട ദിവസത്തെ വെള്ളിയാഴ്ചത്തെ ജുമുഅ ഖുത്ബയിലൂടെ വി ശുദ്ധ ഖുർആന്റെ (സൂറ: ഹുജുറാത്ത്) അധ്യാ പനത്തിന്റെ അടിസ്ഥാനത്തിൽ, ഈ പ്രശ്നത്തിൽ അമേരിക്ക ഉൾപ്പെടെയുള്ള ഇസ്‌ലാമേതര ശക്തി കളെ ഇടപെടുവിച്ചാലുണ്ടാകുന്ന വിപത്തുകളെകു റിച്ചും, ജൂത-ക്രൈസ്തവശക്തികളെ മിത്രങ്ങളാക്കി വെക്കുന്നതിനെതിരെയുള്ള ഖുർആനിക ശാസന കളും ഖലീഫത്തുൽ മസീഹ് നാലാമൻ മുസ്‌ലിം ലോകത്തെ ഉണർത്തുകയുണ്ടായി. ആഫ്രോ-ഏ ഷ്യൻ രാജ്യങ്ങൾക്കും, വിശിഷ്യാ മുസ്‌ലിം ലോക ത്തിനുമെതിരിൽ പാശ്ചാത്യശക്തികൾ, നടത്തിയിട്ടു ള്ളതും, ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമാ യ, അതിക്രമങ്ങളെയും, ഗൂഢാലോചനകളെയും തുറന്ന് കാട്ടിക്കൊണ്ട് തുടർച്ചയായി 17 ജുമുഅ ഖുതുബകൾ ആ മഹാത്മാവ് നടത്തുകയുണ്ടായി. പ്രസ്തുത ഖുത്ബകൾ ഇംഗ്ലീഷ്, അറബി, ഉർദു തുടങ്ങി നിരവധി ലോകഭാഷകളിൽ പ്രസിദ്ധീകരി ച്ചിട്ടുമുണ്ട്. സൽമാൻ റുഷ്ദിയുടെ വിവാദഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ, പ്രസ്തുത ഗ്രന്ഥത്തേയും, ഗ്രന്ഥകാരനെ ന്യായീകരിക്കുന്ന പാശ്ചാത്യ ശക്തി കളെയും ശക്തമായി അപലപിച്ചുകൊണ്ട് 4-ാം ഖലീഫ 2 ഖുത്ബകൾ തന്നെ നിർവ്വഹിക്കുകയുണ്ടാ യി എന്ന് മാത്രമല്ല റുശ്ദിയെ പ്രോസിക്യൂട്ട് ചെയ്യ ണമെന്ന് ആദ്യമായി ബ്രിട്ടീഷ് സർക്കാറിനോട് ആവ ശ്യപ്പെട്ടത് ഖലീഫ തിരുമനസ്സും, അഹ്‌മദിയ്യാ ജമാഅത്തുമായിരുന്നു. ബോസ്നിയൻ മുസ്‌ലിംകൾ ക്ക് വേണ്ടി അഹ്‌മദിയ്യാ ഖിലാഫത്തും ആഗോള അഹ്‌മദിയ്യാ ജമാഅത്തും നടത്തിയിട്ടുള്ള പ്രവർത്ത

നങ്ങൾ മുസ്‌ലിം ലോകത്തിന് എങ്ങനെ വിസ്മരിക്കുവാൻ കഴിയും. ജമാഅത്തെ ഇസ്‌ലാമിക്കാരുടെ പ്രബോധനം തന്നെ ഒരുവേള അക്കാര്യം സൂചിപ്പിക്കാൻ നിർബ്ബന്ധിതമാവുകയുണ്ടായി. ഇതൊക്കെയാണ് അഹ്മദിയ്യാ ഖലീഫയും ജമാഅത്തും ലണ്ടൻ കേന്ദ്രമാക്കി നടത്തിക്കൊണ്ടിരിക്കുന്നത്. 120 വർഷത്തെ ചരിത്രത്തിൽ മുസ്‌ലിം ഉമ്മത്തിനും, ഇസ്‌ലാമിനും വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളല്ലാതെ ഇസ്‌ലാമിന്റേയും, മുസ്‌ലിം ലോകത്തിന്റെയും ശത്രുക്കളുടെ ഭാഗത്ത് അഹ്മദിയ്യാ ജമാഅത്ത് നിലയുറപ്പിച്ചതിന്റെ ഒരു ചെറിയ ഉദാഹരണമെങ്കിലും എടുത്തുകാണിക്കുവാൻ കഴിയുമോ?

അഹ്മദിയ്യാ ഖലീഫമാരുടെ ലണ്ടൻ കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങൾ വാഗ്ദത്ത മസീഹ്(അ) മിന്റെയും, അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രനും, ജമാഅത്തിന്റെ രണ്ടാം ഖലീഫയുമായ ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബിന്റെയും പ്രവചനങ്ങളുടെ അത്യുജ്ജ്വലമായ പൂർത്തീകരണവും, ഇസ്‌ലാമിന്റേയും, അഹ്മദിയ്യാ ജമാഅത്തിന്റെയും സത്യതയ്ക്കുള്ള മഹത്തായ ദൃഷ്ടാന്തവുമാണെന്ന കാര്യം കൂടി വ്യക്തമാക്കിക്കൊള്ളട്ടെ. വാഗ്ദത്ത മസീഹ് (അ) 100 വർഷങ്ങൾക്ക് മുമ്പ് അല്ലാഹുവിൽ നിന്നു തനിക്കുണ്ടായ ഒരു ദിവ്യദർശനം രേഖപ്പെടുത്തുന്നത് കാണുക: *"പശ്ചിമ ദിക്കിൽ നിന്നും സൂര്യനുദിക്കുമെന്ന് പ്രവചിക്കപ്പെട്ടിട്ടുള്ളതിന്റെ വിവക്ഷ, അനേകം നൂറ്റാണ്ടുകളായിട്ട്, അവിശ്വാസവും അധർമ്മവുമാകുന്ന നിശിതാന്ധകാരത്തിൽ വിഹരിച്ചുപോരുന്ന പാശ്ചാത്യരാജ്യങ്ങൾ സത്യസൂര്യനാൽ പ്രകാശപൂർണ്ണങ്ങളായി ഭവിക്കുകയും അവ ഇസ്‌ലാമിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കുകയും ചെയ്യുമെന്നാണെന്ന കാര്യം എനിക്ക് ഒരു ദിവ്യദർശനം മൂലം വിശദമാക്കപ്പെട്ടിരിക്കുന്നു. ആ ദർശനത്തിൽ ഞാൻ ലണ്ടൻ പട്ടണത്തിലെ ഒരു മിമ്പറിൽ നിന്നുകൊണ്ട് ഇസ്‌ലാം മതത്തിന്റെ സത്യത്തെ പുരസ്ക്കരിച്ചു എത്രയും ബലവത്തായ സാക്ഷ്യങ്ങൾ സഹിതം പ്രസംഗിക്കുകയും, അനന്തരം തിത്തിരിപക്ഷികളുടെ വലിപ്പത്തിലും വെള്ളനിറത്തിലും അവിടെ ചെറുവൃക്ഷങ്ങളിന്മേൽ ഇരുന്നിരുന്ന ഒട്ടധികം പറവകളെ ഞാൻ പിടിക്കുകയും ചെയ്തതായി കണ്ടിരിക്കുന്നു. ഈ ദർശനത്തിന് ഞാൻ ധരിച്ചിരിക്കുന്ന അർത്ഥം എനിക്ക് പാശ്ചാത്യ രാജ്യത്ത് പോകാനാവുകയില്ലെങ്കിലും എന്റെ കൃതികൾ ആ രാജ്യക്കാരുടെയിടയിൽ പരക്കുകയും നീതിബോധമുള്ള അനേകം ആംഗ്ലേയർ സത്യത്തിന് കീഴ്പ്പെടുകയും ചെയ്യുമെന്നാണ്...."* (ഇസാലയെ ഔഹാം 1992 ഭാഗം 516)

"കിസ്രായുടെ ചെങ്കോൽ തന്റെ കൈയിൽ വന്നതായി" റസൂൽ തിരുമേനി(സ) കണ്ട ദർശനം അവിടുത്തെ പ്രതിനിധി ഹ: ഉമർ ഇബ്നു ഖത്താബ് (റ) വിന്റെ കാലത്ത് പൂർത്തിയാവുകയുണ്ടായി. ഇവിടെ ഹ: അഹ്മദ് (അ)ന്റെ ആത്മീയദർശനം തന്റെ രണ്ടാം ഖലീഫയും വാഗ്ദത്ത പുത്രനുമായ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)വിന്റെ ചരിത്ര പ്രസിദ്ധമായ ലണ്ടൻ സന്ദർശനത്തോടെ ആദ്യഘട്ടം പൂർത്തിയാവുകയുണ്ടായി. 1924 ഒക്ടോബർ മാസത്തിൽ വിംബ്ലിയിൽ നടന്ന ലോകമതസമ്മേളനത്തിൽ അദ്ദേഹം പ്രസംഗിക്കുകയും, അടുത്ത ദിവസം തന്നെ യൂറോപ്പിലെ ആദ്യത്തെ മുസ്‌ലിം പള്ളിയായ ലണ്ടൻ 'മസ്ജിദ് ഫസലി'ന്റെ അസ്ഥിവാരമിടുകയും ചെയ്തു. തുടർന്ന് 3-ാം ഖലീഫയ്ക്കും നിരവധി തവണ വാഗ്ദത്ത മസീഹിന്റെ ദർശനത്തിന്റെ സാക്ഷാൽക്കാരമെന്ന നിലയിൽ ലണ്ടൻ പള്ളിയിലെ മിമ്പറിൽ കയറി പ്രസംഗിക്കുവാനുള്ള അവസരം ലഭിക്കുകയുണ്ടായി.

അതിലെല്ലാം വിസ്മയകരമാണ് ലണ്ടൻ പള്ളിയുടെ ഭിത്തിയിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ശിലാസ്ഥാപനവേളയിൽ ഖലീഫ രണ്ടാമൻ ചെയ്ത പ്രാർത്ഥനാവചനങ്ങൾ. ഉജ്ജ്വലമായ നിലയിൽ പൂർത്തിയായിട്ടുള്ള; ഇപ്പോഴും പൂർത്തിയായിക്കൊണ്ടിരിക്കുന്ന പ്രസ്തുത പ്രാർത്ഥന ഇപ്രകാരമാണ്. *"ഞാൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് - ഇമാം ജമാഅത്ത് അഹ്മദിയ്യ - കേന്ദ്രം ഇന്ത്യയിൽ പഞ്ചാബിലെ ഖാദിയാൻ.*

*ദൈവത്തിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നും, ഇംഗ്ലണ്ടിൽ ദൈവസ്മരണ ഉയരുമാറാകണമെന്ന ഉദ്ദേശ്യത്തിലും, നമുക്ക് ലഭ്യമായ അനുഗ്രഹങ്ങളിൽ ഇംഗ്ലണ്ടിലെ ജനങ്ങളും ഭാഗഭാക്കാകുന്നതിനും വേണ്ടി, ഇന്ന് റബീഉൽ അവ്വൽ ഹിജ്റ 1343ന് ഈ മസ്ജിദിന്ന് അസ്ഥിവാരമിടുന്നു. ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, ജമാഅത്തിലെ സ്ത്രീകളുടെയും പുരുഷന്മാരുടെയും ഈ ആത്മാർത്ഥമായ പരിശ്രമം നീ സ്വീകരിക്കേണമേ. ഈ മസ്ജിദിനെ ജനവാസമാക്കുന്നതിനുള്ള സാഹചര്യ*

*മുണ്ടാക്കേണമേ. ഇതിനെ നീ നന്മയുടേയും, തഖ്‌വയുടേയും, നീതിയുടേയും സ്നേഹത്തിന്റെ യും ചിന്തകൾ പരത്തുന്ന ഒരു കേന്ദ്രമാക്കേണമേ. ഈ സ്ഥലം ഹ: മുഹമ്മദ് മുസ്തഫാ ഖാതമുന്നബിയ്യീൻ (സ), അവിടുത്തെ ആത്മീയ പ്രതിബിംബമായ ഹ: മസീഹ് മൗഊദ് (അ) എന്നിവരുടെ പ്രകാശകിരണങ്ങൾ ഈ രാജ്യത്തുനിന്ന് മറ്റു രാജ്യങ്ങളിലേക്ക് പരത്തുന്ന ആത്മീയ സൂര്യന്റെ പ്രവൃത്തി ചെയ്യുന്ന സ്ഥലമാക്കേണമേ! ദൈവമേ നീ അങ്ങനെ തന്നെ ആക്കേണമേ"* (1924 ഒക്ടോബർ 19 - സിൽസില അഹ്മദിയ്യ പേ. 378).

ഭൗതികവും ആത്മീയവുമായ ഏതൊരു കാര്യത്തിനും തുടക്കം കുറിക്കുമ്പോൾ പ്രാർത്ഥിക്കുക സാധാരണമാണ്. എന്നാൽ ലണ്ടൻ പള്ളിയ്ക്ക് അസ്തിവാരമിട്ടുകൊണ്ടുള്ള ഖലീഫതുൽ മസീഹ് രണ്ടാമന്റെ ഈ പ്രാർത്ഥന പ്രസ്തുത പള്ളിയുടെ ഭിത്തിയിൽ കൊത്തിവെക്കാൻ അവിടുന്ന് നിർദ്ദേശിച്ചതിന്റെ പൊരുൾ ആ പ്രാർത്ഥന സ്വീകരിക്കപ്പെടുകയും അത്യുജ്ജ്വലമായ ഒരു പ്രവചനമായി പരിലസിക്കുകയും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റേയും സത്യതയ്ക്കുള്ള സാക്ഷ്യമായി മാറുമെന്നുള്ള കാര്യം തന്റെ നാഥനിൽ നിന്ന് അറിവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതങ്ങിനെ തന്നെ സംഭവിക്കുകയും ചെയ്തു. ലണ്ടൻ പള്ളി പിന്നീട് മുഴുവൻ പടിഞ്ഞാറൻ രാജ്യങ്ങളിലേക്കുമുള്ള പ്രവർത്തനകേന്ദ്രമായി പരിലസിക്കുകയുണ്ടായി. കുരിശു വിശ്വാസത്തിന്റെ അടിവേരറുക്കുന്ന നിരവധി ഗ്രന്ഥങ്ങൾ ലണ്ടൻ പള്ളിയിൽ നിന്ന് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസിദ്ധരായ എത്രയെത്രയോ വ്യക്തിത്വങ്ങൾ ലണ്ടൻ പള്ളി സന്ദർശിക്കുകയുണ്ടായി. എത്രയോ സത്യാന്വേഷികൾക്ക് ഹിദായത്തിനുള്ള കാരണമായി ഇവിടം കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മാറുകയുണ്ടായി.

1984 മുതൽ ഖിലാഫത്തിന്റെ ആസ്ഥാനം ലണ്ടൻ പട്ടണമായി മാറിയതോടുകൂടി മസീഹ് മഊദ് (അ)മിന്റേയും ഖലീഫതുൽ മസീഹ് രണ്ടാമൻ (റ) വിന്റേയും പ്രവചനങ്ങളുടെ പ്രകാശമാനമായ നിലയിലുള്ള പൂർത്തീകരണമാണ് കണ്ടുകൊണ്ടിരിക്കുന്നത്. മുഴുലോകത്തും നടക്കുന്ന അഹ്മ ദിയ്യാ ജമാഅത്തിന്റേയും, ഇസ്‌ലാമിന്റേയും പ്രചരണപ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായി ലണ്ടൻ പള്ളി മാറിക്കഴിഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആന്റെ 100 ഭാഷകളിലുള്ള വിവർത്തനത്തിനു പ്രസിദ്ധീകരണത്തിനുമുള്ള സംവിധാനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് ലണ്ടൻ കേന്ദ്രമായി കൊണ്ടാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ എം.ടി.എ. ഇന്റർനാഷണൽ എന്ന ഭൂഗോളം മുഴുവൻ സംപ്രേഷണം ചെയ്യപ്പെടുന്ന ടെലിവിഷൻ ചാനലിന്റെ സംപ്രേഷണവും ലണ്ടൻ കേന്ദ്രമായി തന്നെ നടന്നുവരുന്നു. വാഗ്ദ ത്ത മസീഹിന്റെ ദിവ്യദർശനത്തെ അക്ഷരാർത്ഥത്തിൽ പൂർത്തീകരിച്ചുകൊണ്ട് ലണ്ടൻ പള്ളിയുടെ മിമ്പറിൽ കയറി നിന്നുകൊണ്ടുള്ള ഖലീഫയുടെ ഖുത്ബാ പ്രഭാഷണം എം.ടി.എ. മുഖേന 195 രാജ്യങ്ങളിലെ വിശ്വാസികൾ ഉൾപ്പെടെ അനേക ലക്ഷങ്ങൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും വ്യക്തമായ നിലയിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് നേരെ കണ്ണടച്ചുകൊണ്ടാണ് "ഖാദിയാനി ഖലീഫ ലണ്ടനിൽ പോയി അഭയം തേടിയിരിക്കുകയാണ്" എന്ന് പറഞ്ഞുകൊണ്ട് ജമാഅത്തിന്റെ എതിരാളികൾ ഒച്ചവെക്കുന്നത്. ലോകത്തുള്ള മുഴുവൻ അഹ്മദികളും തങ്ങളുടെ വരുമാനത്തിൽ നിന്നും ബൈത്തുൽ മാലിലേക്ക് നൽകുന്ന വരിപ്പണം (ഒരു വലിയ വിഭാഗം വരുമാനത്തിന്റേയും സ്വത്തിന്റേയും പത്തിൽ ഒന്നും, ബാക്കിയുള്ളവർ 16ൽ 1ഉം) മാത്രം ഉപയോഗിച്ചുകൊണ്ടാണ് ജമാഅത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. മറിച്ച് ആരോപണം ഉന്നയിക്കുന്നവർക്ക് ഇക്കാലത്തിനിടക്ക് ഒരു നയാപൈസ മറ്റൊരു കേന്ദ്രത്തിൽ നിന്ന് പ്രസ്ഥാനം കൈപറ്റിയതായി തെളിയിക്കുവാൻ കഴിയുമോ? അതിനുള്ള ആർജ്ജവം അഹ്മദിയ്യത്തിന്റെ ഏതെങ്കിലും എതിരാളികൾക്കോ അവരുടെ സംഘടനകൾക്കോ ഇല്ല എന്നതാണ് സത്യം. ❐

## നേതാക്കളും ജനങ്ങളും

എല്ലാ മനുഷ്യരേയും അവരുടെ നേതാവിനോടൊപ്പം നാം വിളിക്കുന്ന ദിവസം (ഓർക്കുക) അപ്പോൾ ആരുടെ കർമ്മപുസ്തകം തന്റെ വലതുകയ്യിൽ നൽകപ്പെടുവോ അക്കൂട്ടർ, തങ്ങളുടെ കർമ്മപുസ്തകം വായിക്കുന്നതാണ് അവരോട് അശേഷം അനീതി ചെയ്യപ്പെടുകയില്ല.

***(വി.ഖുർആൻ - 7:72)***

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി – 14

# പരലോകത്തെ മൗദൂദിയൻ ന്യായവാദം

## ഖത്തമുന്നുബുവ്വത്തിന് താൻ കല്പിച്ച അർത്ഥത്തിന് വിരുദ്ധ മായി അല്ലാഹു പ്രവാചകനെ അയച്ചിട്ടുണ്ടെങ്കിൽ പരലോ കത്ത് വെച്ച് അതിനെ താൻ ചോദ്യം ചെയ്യുമെന്ന് മൗദൂദി.

'ഖത്തമുന്നുബുവ്വത്ത്' എന്ന മൗദൂദിയുടെ ഗ്രന്ഥത്തിൽ പേജ് 50-ൽ എഴുതുന്നു: "എന്നാൽ നബിത്വത്തിന്റെ വാതിൽ യഥാർത്ഥത്തിൽ അടക്കപ്പെട്ടിരിക്കുകയാണെങ്കിൽ, ഇനി യാതൊരു പുത്തൻ പ്രവാചകനും വരാനില്ലെങ്കിൽ"....

ഇതിൽ, **യഥാർത്ഥത്തിൽ അടക്കപ്പെട്ടിരിക്കുകയാണെങ്കിൽ; വരാനില്ലെങ്കിൽ** എന്നീ സംശയാസ്പദമായ അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ തന്നെ, അദ്ദേഹം സമർപ്പിച്ച രേഖകളുടെ ദുർബലതയെയാണ് ചൂണ്ടികാണിക്കുന്നത്. പ്രമാണങ്ങളുടെ അതിശക്തമായ പിൻബലം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഭാഗത്താണെന്ന് തിരിച്ചറിഞ്ഞ ബുദ്ധിശാലിയായ മൗദൂദി, അനുയായികളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിന് വേണ്ടിയായിരിക്കണം നബി വരുമെന്ന് സമ്മതിക്കാനും; വരുന്ന നബിയെ പരസ്യമായി നിഷേധിക്കാനും അനുയായികൾക്ക് ആഹ്വാനം നൽകിയത്.

സത്യ പ്രവാചകനെ നിഷേധിച്ചാലുണ്ടാവുന്ന ഭവിഷ്യത്തുകളിൽ ഭയപ്പെടാതിരിക്കാനുള്ള പരിഹാര മാർഗ്ഗവും സ്വന്തം അനുയായികൾക്ക് അദ്ദേഹം പറഞ്ഞ് കൊടുക്കുന്നുണ്ട്.

'ഖത്തമുന്നുബൂവ്വത്ത്' എന്ന മൗദൂദിയുടെ ഗ്രന്ഥം മാത്രം വായിച്ച്. അദ്ദേഹത്തിന്റെ വാക്ക് കേട്ട് അല്ലാഹു അയച്ച സത്യപ്രവാചകനെ പരസ്യമായി നിഷേധിക്കുന്ന അനുയായികളോടൊപ്പം ഖിയാമത്തുനാളിൽ വക്കീലായി മൗദൂദി പ്രത്യക്ഷപ്പെടുന്ന രംഗവും – ഒരാശ്വാസത്തിനായി അദ്ദേഹം രേഖപ്പെടുത്തി വെച്ചിട്ടുണ്ട്.

പ്രവാചകന്മാർ പോലും പ്രകമ്പനം കൊള്ളുന്ന പരലോക വിചാരണവേളയിൽ – 20ാം നൂറ്റാണ്ടിന്റെ നവോത്ഥാനനായകനും സംഘവും നിസ്സങ്കോചം പറയുന്നതെന്താണെന്ന് അറിയണ്ടെ!

**"നാഥാ! ഈ പുത്തൻ നബിയെ നിഷേധിക്കാൻ ഈ അവിശ്വാസത്തിൽ ഞങ്ങൾ അകപ്പെടുവാൻ ഇടവരുത്തിയത് മആദല്ലാഹ് – നിന്റെ കിതാബും നിന്റെ നബിയുടെ സുന്നത്തുമാണ്."**

അദ്ദേഹം തുടരുന്നു:

**"പ്രസ്തുത റിക്കാർഡുകൾ പരിശോധിച്ചിട്ട് ഒരു പുത്തൻ നബിയിൽ വിശ്വസിക്കാത്തതിന്റെ പേരിൽ അല്ലാഹു നമ്മെ ശിക്ഷിക്കുമെന്ന ആശങ്കക്ക് ഒട്ടും അവകാശമില്ല."** – *(മൗലാനാ മൗദൂദി – ഖത്തമുന്നുബുവ്വത്ത് പേജ് 50)*

എങ്ങനെയുള്ള ഒരല്ലാഹുവിനെയാണ് അദ്ദേഹം ലോകത്തിന്റെ മുമ്പാകെ സമർപ്പിച്ചിരിക്കുന്നതെന്ന് നോക്കുക.

* ഒരു വശത്ത് അല്ലാഹുഅയച്ച സത്യ പ്രവാചകനും സംഘവും
* മറുവശത്ത്, ആ സത്യപ്രവാചകനെ നിഷേധിച്ച മൗദൂദിയും സംഘവും – റിക്കാർഡുകളുമായി!! വിചാരണാവേളയിലെ പ്രശ്നസങ്കീർണ്ണമായ അവസ്ഥ നോക്കുക.
* അല്ലാഹു പ്രവാചകനെ അയച്ചു എന്നത് സത്യം. അത് കൊണ്ട് സത്യ പ്രവാചകനും സംഘവും കുറ്റക്കാരല്ല.
* ഈ പ്രവാചകനെ നിഷേധിക്കാൻ ഇടവരുത്തിയത് അല്ലാഹുവിന്റെ തന്നെ വചനങ്ങളും നബി തിരുമേനി(സ)യുടെ സുന്നത്തുകളുമടങ്ങുന്ന ഈ റിക്കാർഡുകളാണെന്ന് പറഞ്ഞു കൊണ്ട് മൗദൂദിയും സംഘവും. അപ്പോൾ പിന്നെ മൗദൂദിയും സംഘവും കുറ്റക്കാരല്ല!
* പിന്നെ ആരാണ് കുറ്റക്കാരൻ?

അപ്പോൾ പിന്നെ കുറ്റക്കാരൻ - 'സുബ്ഹാനല്ലാഹ് - 'ന ഊദുബി ല്ലാഹി മിൻ ദാലിക്' - അല്ലാഹുവാ ണെന്നല്ലേ മൗദൂദിയുടെ ഭാഷ്യം.

* ഒരു വശത്ത്, താൻ ഇനി ആരെ യും അയക്കുകയില്ല എന്ന് അല്ലാ ഹു പറയുക. മറുവശത്ത് അതെ അല്ലാഹു തന്നെ പ്രവാചകനെ അയക്കുക

* അങ്ങനെ അല്ലാഹു പ്രസ്തുത റിക്കാർഡുകൾ പരിശോധിക്കാൻ തയ്യാറാവുന്നു. മൗദൂദി കണ്ടെ ത്തിയ ഈ 'റിക്കാർഡുകൾ' അല്ലാ ഹു വിന്നറിയില്ലല്ലോ!! അതറിഞ്ഞി രുന്നെങ്കിൽ ഇങ്ങനെയാരു നബി യെ അയക്കില്ലല്ലൊ!!

* അങ്ങനെ നിസ്സാഹായനായ അല്ലാഹു മൗദൂദിയുടെ റിക്കാർഡു കൾ പരിശോധിച്ചിട്ട് എത്തുന്ന തീ രുമാനമെന്തെന്നോ- സത്യനബിയും സംഘവും സ്വർഗത്തിൽ അവരെ എല്ലാവിധത്തിലും നിഷേധിച്ച മൗ ദൂദിയും സംഘവും സ്വർഗ്ഗത്തിൽ!

വാസ്തവത്തിൽ, അദ്ദേഹം താനെഴുതിയ വരികൾ ഒരാവർത്തി യെങ്കിലും വായിച്ചു നോക്കിയിരു ന്നെങ്കിൽ അതിലെ മൗഢ്യം മനസ്സി ലാക്കാൻ കഴിയുമായിരുന്നു. അഹ് മദിയ്യത്തിനോടുള്ള 'കുടിപ്പക' യോ ടെ തൂലിക കയ്യിലേന്തിയ മൗദൂദി സാഹിബ് പക്ഷെ, തന്റെ പക മുഴു വനും അല്ലാഹവിനോട് തീർക്കുന്ന അപകടകരമായ പതനത്തിലാണ് എത്തിച്ചേർന്നത്.

പ്രസ്തുതവരികളെഴുതിയ ഭാഗ ത്ത്, അദ്ദേഹം എഴുതിയ തലവാ ചകം കൂടി ചേർത്ത് വായിക്കു മ്പോൾ ഇക്കാര്യം നമ്മുക്ക് കൂടു തൽ സ്പഷ്ടമാകും.

അദ്ദേഹം എഴുതിയിരിക്കുന്നു.

**"അല്ലാഹുവിന് നമ്മുടെ ഈ മാനോട് വല്ല വിരോധവുമു ണ്ടോ?"**

- ഖത്തമുന്നുബുവ്വത്ത് - പേജ് 48
I. P. H 4th Edition 1982

തനിക്ക് സമർപ്പിക്കാനുള്ള മുഴു വൻ രേഖകളും സമർപ്പിച്ചതിന് ശേഷമാണ് അദ്ദേഹം ഇങ്ങനെ എഴു തിയികരിക്കുന്നതെന്ന് മനസ്സിലാ ക്കുക ഒരു പണ്ഡിതനെന്ന നില യിൽ, 'നുബുവ്വത്തിനെ' സംബന്ധി ച്ച് തനിക്കറിയാവുന്ന പ്രമാണ രേഖ കൾ സമർപ്പിച്ച്, തനിക്ക് മനസ്സിലായ വ്യാഖ്യാനങ്ങൾ നല്കി, ബുദ്ധി യുള്ള - ചിന്താശീലരായ വായന ക്കാരായ അനുയായികളുടെ തീർ പ്പിന് വിടുന്നതിന് പകരം, താൻ സമർപ്പിച്ചത് മാത്രമാണ് രേഖകളെ ന്നും, തന്റെ ചിന്തകൊണ്ട് തന്നെ എല്ലാവരും ചിന്തിക്കണമെന്നും അതിന്റെ ഫലമായി, മിർസാഗുലാം അഹ്മദ് ഖാദിയാനി എത്ര തന്നെ സത്യവാനായാലും ധൈര്യമായി നിഷേധിച്ചു കൊള്ളാനും നിഷ്കള ങ്കരായ തന്റെ അനുയായികൾക്ക് പ്രചോദനം നല്കി, നാളെ വിചാര ണാവേളയിൽ 'നിസ്സങ്കോചം' അല്ലാ ഹുവിനോട് നമുക്ക് ചോദിക്കാം എന്ന് അനുയായികൾക്ക് ധൈര്യം നല്കിയ മൗദൂദി- അവകാശം പിടി ച്ചുവാങ്ങാൻ തന്റെ അണികളെ ചട്ടംകെട്ടി കമ്പനി യജമാനനെതിരെ സമരം ചെയ്യാൻ തൊഴിലാളികൾ ക്കാഹ്വാനം ചെയ്യുന്ന ഒരു ട്രേഡ് യൂ ണിയൻ നേതാവിന്റെ 'ധാർഷ്ട്യ ത്തി'ന് സമാനമായ പതനത്തിലെ ത്തിയത് അഹ്മദിയ്യത്തിനോടുള്ള പക ഒന്നുകൊണ്ടല്ലാതെ മറ്റെന്താ ണ്? മസീഹിന്റെ ആഗമനത്തിന് മുന്നോടിയായി ഏലിയാവ് വരു മെന്ന പ്രവചനത്തിന്റെ ബാഹ്യമായ പുലർച്ചയും കാത്ത് ഇൽയാസ് നബി(അ)യുടെ ആകാശത്ത് നിന്നു ള്ള ഇറക്കവും പ്രതീക്ഷിച്ച് കഴിഞ്ഞ് നിരാശരായി രോഷം പൂണ്ട് നാളെ വിചാരണവേളയിൽ ദൈവത്തിന്റെ മുമ്പിൽ 'മലാഖി'യിലെ പ്രവചനരേ ഖയുമായി ദൈവത്തോട് തർക്കി ക്കാൻ കാത്തിരിക്കുന്ന യഹൂദി പണ്ഡിതന്മാരുടെ ചിന്താസമാനത യാണ് മൗദൂദിയിലും നമുക്ക് ദർശി ക്കുവാൻ കഴിയുന്നത്.

മൗദൂദി അഹ്മദിയ്യത്തിനോട് കളിച്ച കളികളെല്ലാം ജമാഅത്തെ ഇസ്‌ലാമിയുടെ നിഷ്കളങ്കരായ അനുയായികൾക്കറിയില്ല. 1947 വരെ യുള്ള അദ്ദേഹത്തിന്റെ ഒരു മുഖം മാത്രമാണ് ഇൻഡ്യൻ ജമാഅത്തു കാർക്കറിയാവുന്നത്. അതുകൊണ്ട് തന്നെയാണ് 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഗ്രന്ഥം ഒരു കുടിപ്പകമാത്രമായി 'മുജീബ്' കണ്ട ത്. എന്നാൽ ഈ ഗ്രന്ഥം കാലത്തി ന്റെ ഇമാം എഴുതിയതാണ്. ഇതിൽ പകയുടെ ഭാഷയില്ല. അതിൽ മൗ ദൂദി ഇസ്‌ലാമിന്റെ പേരിൽ സമർ പ്പിച്ച അബദ്ധജഡിലമായ ആശയ ങ്ങളും അതിലൂടെയുണ്ടാകുന്ന പ്രാ യോഗികമായ പ്രത്യാഘാതങ്ങളും വസ്തുനിഷ്ടമായി വിലയിരുത്തുക യാണ് ചെയ്തിട്ടുള്ളത്.

മൗദൂദി തന്റെ സർവ്വ അറിവു കളും പ്രയോഗിച്ചുകൊണ്ടെഴുതിയ 'ഖത്തമുന്നുബൂവ്വത്ത്' എന്ന പ്രമാ ണപരമായ ഈ ആയുധം ഒരു ഫല വും ചെയ്യാതായപ്പോൾ, അഥവാ അഹ്മദിയ്യത്തിന്റെ വളർച്ച അസൂ യാർഹമായ നിലയിൽ അനുസ്യൂതം തുടർന്നുകൊണ്ടിരുന്നപ്പോഴാണ് അദ്ദേഹത്തിന്റെ 'ഫാസിസ്റ്റ് മുഖം' പ്രത്യക്ഷപ്പെടുന്നത്.

* ഒരു വശത്ത്, അഹ്മദിയ്യാ ക്കൾ' അമുസ്‌ലിംകളാണന്ന് പ്രഖ്യാ പിക്കാൻ ഭരണകൂടത്തിൽ സമ്മർദ്ദം ചെലുത്തുക.

* മറുവശത്ത്, ഇസ്‌ലാമിൽ നിന്നും പുറത്തുപോകുന്നവരെ അഥവാ മുർതദ്ദുകളെ വധിച്ചുകള യണമെന്ന ഫത്‌വ നല്കുന്ന - 'മുർ തദ്ദ് കീ സസാ ഇസ്‌ലാമീ ഖാനൂൻ മെ' (ഇസ്‌ലാമിക നിയമത്തിൽ മുർതദ്ദുകൾക്കുള്ള ശിക്ഷ) എന്ന

തന്റെ ഗ്രന്ഥം പാകിസ്താൻ ജനതക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക.

പാകിസ്താനിൽ 'ഹുകൂമത്തെ ഇലാഹി' സ്ഥാപിക്കാൻ ഇറങ്ങി പുറപ്പെട്ട മൗദൂദി - മുസ്‌ലിംകളായി ജീവിക്കുകയും, മുസ്‌ലിംകളായി അറിയപ്പെടുകയും, അറിയപ്പെടാനാഗ്രഹിക്കുകയും ചെയ്ത - ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ അമുസ്‌ലിംകളായി പ്രഖ്യാപിക്കാൻ, തന്റെ ബദ്ധശത്രുവെന്ന് പറയുന്ന താഗൂത്തീ ഭരണത്തോട് യാചിക്കുകയും, ഒരിസ് ലാമിക രാഷ്ട്രത്തിൽ മാത്രം നടപ്പാക്കേണ്ടുന്നതെന്ന് മൗദൂദി തന്നെ പറഞ്ഞ 'മുർതദ്ദുകളുടെ വധശിക്ഷ'യുടെ ഫത്‌വ, താഗൂത്തീ ഭരണത്തിൻ കീഴിൽ പ്രചരിപ്പിക്കുകയും ചെയ്തതിന്റെ രഹസ്യം, ഇങ്ങ് കേരളക്കരയിൽ - മതസൗഹാർദ്ദ സമ്മേളനങ്ങളിലും, ഈദ്മീറ്റിലും, ന്യായത്തിന്റേയും, നീതിയുടേയും, കാരുണ്യത്തിന്റേയും കഥ പറയുന്ന ജമാഅത്തെ ഇസ്‌ലാമി നേതാക്കൾക്കറിയില്ലേ?

* അഹ്മദികൾ അമുസ്‌ലിംകളാണെന്ന് ഭരണകൂടം പ്രഖ്യാപിച്ചാൽ പിന്നെ അത് വേറെ ഒരു മതമായി അറിയപ്പെടുമല്ലോ!

അപ്പോൾ, ജമാഅത്തെ ഇസ്‌ലാമിയിൽ നിന്നോ മറ്റോ ഏതെങ്കിലും പ്രസ്ഥാനങ്ങളിൽ നിന്നോ മുസ്‌ലിംകൾ ആരെങ്കിലും അഹ്മദിയ്യത്തിൽ ചേർന്നാൽ അവർ ' അമുസ്‌ലിംകളായിതീരും' അഥവാ 'മുർത്തദ്ദു'കളായി തീരും. മുർതദ്ദുകൾക്കുള്ള ശിക്ഷ 'വധശിക്ഷ'യും ചുരക്കത്തിൽ, വധശിക്ഷ ഭയന്ന് മുസ്‌ലംകളാരും അഹ്മദിയ്യത്ത് സ്വീകരിക്കില്ലല്ലോ! മാത്രമല്ല, മുമ്പ് ആരെങ്കിലും അഹ്മദിയ്യത്ത് സ്വീകരിച്ചവരുണ്ടെങ്കിൽ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷം തിരിച്ച് വരികയും ചെയ്യുമല്ലോ! അല്ലെങ്കിൽ അവർക്കും വധശിക്ഷ തന്നെ. എങ്ങനെയുണ്ട് മൗദൂദിയുടെ ചിന്ത?

നിഷ്കളങ്കരായ ഒരു സമൂഹത്തിന്റെ - അവർ മുസ്‌ലിംകൾ എന്നതോ അമുസ്‌ലിംകൾ എന്നതോ മാറ്റിവെക്കുക. വളർച്ച തടഞ്ഞ്, അവരെ എന്നന്നേക്കുമായി ഉന്മൂലനം ചെയ്യാൻ കൊതിച്ച മൗദൂദിയുടെ ചിന്ത, ഫാസിസ്റ്റ് ഭീകരചിന്തക്ക് സമാനമല്ലാതെ മറ്റെന്താണെന്ന് ഒന്ന് പറഞ്ഞുതരിക.

ഇതെല്ലം കളവാണെന്നും ഖാദിയാനികളുടെ വളച്ചൊടിക്കലാണെന്നും പറഞ്ഞ് ഒഴിഞ്ഞ് മാറാൻ ജമാഅത്തെ ഇസ്‌ലാമിക്കാർക്ക് കഴിയുമോ? എന്നാൽ, ഇത്രയും ഗുരുതരവും ഗൗരവവുമേറിയ മൗദൂദിയുടെ പ്രസ്തുത കളികൾ എത്ര ലാഘവത്തോടെയാണ് പ്രബോധനത്തിൽ മുജീബ് ചിത്രീകരിക്കുന്നതെന്ന് നോക്കുക.

പാകിസ്താനിലെ 'അസ്വാരസ്യങ്ങൾ' ഒഴിവാക്കാനുള്ള ഒരേ ഒരു വഴി ചൂണ്ടികാട്ടി ഭരണകൂടത്തിന് മൗദൂദി ചെയ്ത സേവനം വരച്ചുകാട്ടുന്ന മുജീബ്, "മുസ്‌ലിം ലോകം പണ്ടേ അംഗീകരിച്ചുവന്ന തത്വങ്ങളെ മൗദൂദിയും ആവർത്തിക്കുക മാത്രമായിരുന്നു" എന്ന് പറഞ്ഞ് 'മുർതദ്ദിനെ വധിക്കാനുള്ള ഫത്‌വയെ 'വളരെ ലാഘവമായി ചിത്രീകരിക്കുകയും മൗദൂദിയെ അഹ്മദിയ്യാക്കൾ കുറ്റപ്പെടുത്തുന്നതിൽ പരിതപിക്കുന്നുമുണ്ട്.

സനാഉല്ലാഹ് അമൃത്സരി, മഹാകവി മുഹമ്മദ് ഇക്ബാൽ തുടങ്ങി മൗലാനാ അബുൽ ഹസൻ അലി നദ്‌വി വരെയുള്ള അഹ്മദിയ്യത്തിനെ എതിർത്ത പ്രമുഖ പണ്ഡിതന്മാരുടെ നിരയിൽ മൗദൂദിയെയും കയറ്റിയിരുത്തി, അദ്ദേഹത്തിന്റെ ഫാസിസ്റ്റ് മുഖം മറക്കാൻ മുജീബ് ശ്രമിക്കുന്നത് എത്ര ബോധപൂർവ്വമാണെന്ന് നോക്കുക. മേൽ വിവരിച്ച പണ്ഡിതന്മാർ അഹ്മദിയ്യത്തിനെ എതിർത്തിരുന്നവരായിരുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്നാൽ അവരാരും തന്നെ മൗദൂദിയെപ്പോലെ ഫാസിസ്റ്റ് ചിന്ത പുലർത്തിയിരുന്നവരായിരുന്നു എന്ന് ഞങ്ങൾ പറയുന്നില്ല. എന്ന് മാത്രമല്ല അവർ അങ്ങനെയുള്ളവരായിരുന്നു എന്ന് പറയാൻ ഞങ്ങളുടെ പക്കൽ യാതൊരു തെളിവുമില്ല. എന്നാൽ മൗദൂദിയുടെ മേൽ പ്രവർത്തനങ്ങൾ നിങ്ങളും വ്യക്തമായി അംഗീകരിക്കുന്നുണ്ടല്ലോ. 'ഖത്തമുന്നുബൂവ്വത്ത്' എന്ന അദ്ദേഹത്തിന്റെ പ്രമാണപരമായ ആയുധവുമായി അഹ്മ ദിയ്യത്തിനോട് മരണം വരെ യുദ്ധം ചെയ്താലും അദ്ദേഹത്തെ ഫാസിസ്റ്റ് ചിന്തകനായി ചിത്രീകരിക്കാൻ ഞങ്ങൾക്ക് കഴിയില്ല. അങ്ങനെയായിരുന്നെങ്കിൽ, 'മുജീബ്' ആഗ്രഹിക്കുന്നവിധം മേൽ വിവരിച്ച പണ്ഡിതന്മാരുടെ പട്ടികയിൽ മൗദൂദിയെയും ഉൾപ്പെടുത്താമായിരുന്നു. എന്നാൽ, അഹ്മദിയ്യത്തിനോടുള്ള വിദ്വേഷം ഒരു 'കുടിപ്പക'യായി മാറ്റിയ അദ്ദേഹം സമൂഹത്തിൽ നിലവിലുള്ള തന്റെ സ്ഥാനവും മാനവും മറന്ന് 'ഫാസിസ്റ്റ് മുറകൾ' കയ്യിലെടുക്കാനും അതു നടപ്പാക്കാനും തീരുമാനിക്കുകയാണുണ്ടായത്. ഇസ്‌ലാമിനെ തകർക്കാൻ ബ്രിട്ടീഷുകാർ 'സൃഷ്ടിച്ച കോടാലിയാ'ണ് മിർസാ ഗുലാം അഹ്മദ് എന്ന് കള്ളം പറയുകയും, ഇത് ചരിത്രം രേഖപ്പെടുത്തിയ വസ്തുതയാണെന്ന് ലജ്ജയില്ലാതെ പെരുംകള്ളം പറയുകയും ചെയ്യുന്ന 'പ്രബോധന' സംസ്കാരമല്ല ഞങ്ങളുടേത്. തെളിവും രേഖയുമില്ലാതെ അന്ധമായി ആരോപണങ്ങൾ ഉന്നയിക്കാൻ ഞങ്ങൾ തയ്യാറല്ല തന്നെ. മൗദൂദി ചെയ്ത പ്രസ്തുത 'വീരകൃത്യങ്ങൾ' നിങ്ങളുടെ തന്നെ 'മീഡി

യകൾ' അഭിമാനപൂർവ്വം എഴുതി വെച്ചതാണെന്ന് ഓർക്കുക.

ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച 'അബുൽ അഅ്‌ല' എന്ന ഗ്രന്ഥത്തിൽ ടി. മുഹമ്മദ് പറയുന്നത് കാണുക:

"1972-ൽ പാക്കിസ്താനിൽ അഹ്മദികളെ ഒരു മതന്യൂനപക്ഷമായി പ്രഖ്യാപിക്കണമെന്ന ആവശ്യം മുൻനിർത്തി ബഹുജനപ്രക്ഷോഭണം നടന്നപ്പോൾ, ആ പ്രസ്ഥാനത്തിന് ജീവചൈതന്യം നല്കിയത് അബുൽ അഅ്‌ലായായിരുന്നു.

അവസാനം, ആ പ്രക്ഷോഭം വിജയിച്ചു. പാകിസ്താനിലെ അഹ്മദികളെ ഭൂട്ടോ ഗവർമെൻറ് ഒരു മത ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. മറ്റൊരു വിധം പറഞ്ഞാൽ അഹ്മദികൾ മുസ്‌ലിംകളല്ല എന്ന് പാകിസ്താൻ ഔപചാരികമായി തീരുമാനിച്ചു." ടി മുഹമ്മദ്- 'അബുൽ അഅ്‌ലാ' ഐ.പി.എച്ച്. പേജ് 294.

തന്റെ നേതാവ് നയിച്ച **ബഹുജനപ്രക്ഷോഭണം** എത്ര അഭിമാനപൂർവ്വമാണ് ടി. മുഹമ്മദ് എഴുതിച്ചേർത്തിരിക്കുന്നത് എന്ന് നോക്കുക!

പാകിസ്താനിലെ 'അസ്വാരസ്യങ്ങൾ' തീർക്കാൻ മൗദൂദി ബഹുജനപ്രക്ഷോഭണം നടത്തിയത് പക്ഷെ 'മുജീബ്' അറിഞ്ഞിരിക്കില്ല. ഐ.പി.എച്ച്. ഗ്രന്ഥങ്ങളൊക്കെ മനസ്സിരുത്തി വായിച്ചാലല്ലേ ഇതെല്ലാം മനസ്സിലാക്കാൻ കഴിയൂ. മതസൗഹാർദ്ദ സമ്മേളനങ്ങളിലും, മറ്റു സംസ്കാരിക സമ്മേളനങ്ങളിലും മതസ്വാതന്ത്ര്യത്തെക്കുറിച്ചും, സഹിഷ്ണുതയെക്കുറിച്ചും ന്യൂനപക്ഷ അവകാശസംരക്ഷണത്തെക്കുറിച്ചും - ശാന്തി സമാധാങ്ങളെക്കുറിച്ചും 'ഡയലോഗ്' നടത്തുന്ന മുൻ ഐ.പി.എച്ച്. ഡയറക്ടർ ജ. ശൈഖ് മുഹമ്മദ് കാരക്കുന്നും 'അബുൽ അഅ്‌ലാ' എന്ന ഗ്രന്ഥം വായിച്ചിട്ടില്ലേ? മൗദൂദി ജീവചൈതന്യം നല്കി സംഘടിപ്പിച്ച ബഹുജനപ്രക്ഷോഭണം - 'ഹുകൂമത്തെ ഇലാഹി'ക്ക് വേണ്ടിയായിരുന്നോ?

"അവസാനം ആ പ്രക്ഷോഭം വിജയിച്ചു. പാകിസ്താനിലെ അഹ്മദികളെ ഭൂട്ടോ ഗവർമെന്റ് ഒരു മത ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. മറ്റൊരുവിധം പറഞ്ഞാൽ അഹ്മദികൾ മുസ്‌ലിംകളല്ല എന്ന് പാകിസ്താൻ ഔപചാരികമായി തീരുമാനിച്ചു."

ടി. മുഹമ്മദ് - അബുൽ അഅ്‌ല ഐ.പി.എച്ച്. പേജ് 294.

അങ്ങനെ മൗദൂദി 'വിജയശ്രീലാളിതനായി' പാകിസ്താനിലെ 'അസ്വാരസ്യങ്ങൾ' അദ്ദേഹം തീർത്തു. 1973 മുതൽ ഇതെഴുതുന്നതുവരെ പാകിസ്താനെപ്പോലെ അസ്വാരസ്യങ്ങളും പ്രശ്നങ്ങളുമില്ലാത്ത' ഒരു രാജ്യം വേറെ എവിടെയാണുള്ളത്?!!! ചുരുക്കത്തിൽ, പാകിസ്താനിലെ ഇന്നുള്ള ശാന്തിക്കും സമാധാനത്തിനും അഥവാ' അസ്വാരസ്യങ്ങൾ ഇല്ലായ്മക്കും കാരണക്കാരൻ മൗദൂദിയത്രെ!.

"ഒരു ജനതയോടുള്ള വിദ്വേഷം, അവരോട് അനീതി ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ" എന്ന ഖുർആനിക വചനത്തെപ്പോലും വില കല്പിക്കാതെ, അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ ആരുടെ സുന്നത്താണെന്ന് മുജീബ് വ്യക്തമാക്കാമോ?

'അമുസ്‌ലിംകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക' എന്ന മുസ് ലിമിന്റെ പ്രാഥമിക ബാധ്യത പോലും വിസ്മരിച്ചു കൊണ്ടല്ലേ മുസ് ലിംകളെ അമുസ്‌ലിംകളാക്കുവാനുള്ള ബഹുജനപ്രക്ഷോഭണത്തിന് അദ്ദേഹം ജീവചൈതന്യം നല്കിയത്.!

ലോകചരിത്രത്തിലെവിടെയെങ്കിലും ഇതിന് ഒരു ഉദാഹരണമുണ്ടോ?

ഒരാളുടെ വിശ്വാസവും - മതവും, തീരുമാനിക്കുന്നത് ഭരണകൂടമാണോ? അതും താഗൂത്തീ ഭരണകൂടം? ഏ.പി. കാന്തപുരത്തിന്, ഇൻഡ്യയുടെ ഭരണം കിട്ടിയാൽ - 'ജമാഅത്തെ ഇസ്‌ലാമിക്കാർ' മുസ് ലിംകളല്ല എന്ന് ആ ഭരണകൂടം പ്രഖ്യാപിച്ചാൽ അതാണ് 'ശരിയും നീതിയുമെന്ന് നിങ്ങൾ വിശ്വസിക്കുമോ? ശക്തിയുടെ പിൻബലമുള്ള ഭൂരിപക്ഷത്തിന്റേയോ ന്യൂനപക്ഷത്തിന്റേയോ തീരുമാനമല്ലല്ലോ വിശ്വാസത്തിന്റെ മാനദണ്ഡം. 'ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ്' എന്ന കലിമ ചൊല്ലി 'ഞാൻ മുസ്ലിമാകുന്നു' എന്ന് പ്രഖ്യാപിക്കുന്ന ഒരുവനോട് "നീ മുസ്‌ലിമല്ല" എന്ന് പറയാൻ ആർക്കാണ് അല്ലാഹുവും റസൂലും അനുവാദം നല്കിയിരിക്കുന്നത്?

യുദ്ധമുന്നണിയിൽ, ഹദ്റത്ത് ഉസാമ(റ)യോട് പൊരുതിപരാജയപ്പെട്ട ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രു, പരിശുദ്ധ കലിമ ഉരുവിട്ടത് - ജീവൻ രക്ഷിക്കാനുള്ള ശത്രുവിന്റെ അടവായി തെറ്റിദ്ധരിച്ച്, വധിച്ചുകളഞ്ഞ ഹദ്റത്ത് ഉസാമയുടെ സംഭവം അറിയാനിടയായ പുണ്യതിരുമേനി, ഉസാമയോട് കാരണം തിരക്കിയപ്പോൾ, തന്റെ വാളിനെ അഥവാ മരണത്തെ ഭയന്നുകൊണ്ടാണയാൾ 'കലിമ' ചൊല്ലിയതെന്ന് സമാധാനം നൽകിയ ഉസാമയുടെ മുഖത്ത് നോക്കി വ്യാകുലചിത്തനായി കാരുണ്യത്തിന്റെ പ്രവാചകൻ "നീ അദ്ദേഹത്തിന്റെ ഹൃദയം തുറന്നു നോക്കിയോ" എന്ന ചോദ്യം നമ്മെ എന്താണ് പഠിപ്പിക്കുന്നത്?

മദീനാ യൂനിവേഴ്സിറ്റിക്ക് 'സിലബസ്സ്' തയ്യാറാക്കിയ മൗദൂദി ഈ ചരിത്രം അറിയാതിരിക്കില്ലല്ലോ?

(തുടരും)

❑

എം. മുബാറക്ക് അഹ്മദ് കരുനാഗപ്പള്ളി

ലേഖനം

# അന്യഗ്രഹജീവികൾ

***നമ്മുടെ ഗാലക്സിയിൽ ജീവയോഗ്യമായ എക്കോസ്പിയറിലാണ് ഭൂമി സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടാണ് ഭൂമിയിൽ ജീവൻ ഉണ്ടായത്. അന്യഗ്രഹങ്ങളിലും ജീവികളുണ്ടാകാമെന്ന് ഖുർആൻ സൂചന നൽകുന്നു.***

പ്രപഞ്ചത്തിലെ നാലു ശതമാനം ഭാഗത്തിൽനിന്നും കുറെ കാര്യങ്ങൾ നാം മനസ്സിലാക്കി കഴിഞ്ഞു എങ്കിലും ഒരു വൈചിത്ര്യബിന്ദുവിൽ നിന്നും പ്രപഞ്ചത്തിന്റെ പ്രഭാതം പൊട്ടി വിടർന്ന നിമിഷം, അപ്പോഴത്തെ ഊഷ്മാവിന്റെ അളവ്, സാന്ദ്രത പദാർത്ഥത്തിന്റെ യഥാർത്ഥ രൂപം എന്നു തുടങ്ങി പല പ്രധാന കാര്യങ്ങളെ കുറിച്ചും നമുക്കിന്നും യാതൊരറിവുമില്ല. പ്രപഞ്ചോല്പത്തിയെപ്പറ്റി ശാസ്ത്രജ്ഞന്മാർ പറയുന്നത് അന്തിമ വാക്കായി കാണാൻ കഴിയുകയില്ല. എന്നാൽ 1400 വർഷമായി ഖുർആൻ പ്രസ്താവിക്കുന്ന വസ്തുതകൾ ഇത് സംബന്ധിച്ച് ശ്രദ്ധേയമാണ്.

നാം വസിക്കുന്ന ഭൂമി ഉൾപ്പെടുന്ന സൗരയൂഥം സ്ഥിതിചെയ്യുന്ന ആകാശഗംഗയിൽ ഇരുപതിനായിരം കോടി നക്ഷത്രങ്ങളുള്ളതായിട്ടാണ് കണക്കാക്കപ്പെടുന്നത്. 2009 ജനുവരിയിൽ നടന്ന അമേരിക്കൻ അസ്ട്രോണമിക്കൽ സൊസൈറ്റിയുടെ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ പറയുന്നത് ദ്രവ്യമാനം കുറഞ്ഞ നക്ഷത്രങ്ങളെ കൂടി കൂട്ടിയാൽ നമ്മുടെ ഈ ഒരൊറ്റ ഗാലക്സിയിൽ മാത്രം മൂന്നു ലക്ഷം കോടി നക്ഷത്രങ്ങൾ ഉണ്ടെന്നാണ്!

നമ്മുടെ വീടിനുള്ളിൽ ഇരുന്നുകൊണ്ട് വീടിനെ നോക്കിയാൽ വീടിനെ പൂർണ്ണമായും കാണാൻ കഴിയില്ലല്ലോ. വീടിനെ മുഴുവനായും കാണണമെങ്കിൽ നാം വീടിനു പുറത്ത് ഇറങ്ങി അല്പം ദൂരെ മാറി നിന്നു നോക്കണം. അപ്പോഴും നാം നില്ക്കുന്നതിന് എതിർവശത്തുള്ള കുറച്ചുഭാഗമെങ്കിലും കാണാൻ കഴിയാതെ വരും. ഇതുപോലെയാണ് ആകാശഗംഗയ്ക്ക് അകത്തു ഇരുന്നുകൊണ്ട് ആകാശഗംഗയെ നോക്കുന്ന നമ്മുടെ സ്ഥിതി. നമ്മുടെ ഗാലക്സി സർപ്പിളാകൃതിയിൽ ആയതിനാൽ നമുക്ക് അറിയാവുന്നതും എന്നാൽ ദൃശ്യമാവാത്തതുമായ ഒരു വലിയ ഭാഗമുണ്ട്.

നമ്മുടെ സൂര്യൻ കേവലം 14 ലക്ഷം കിലോമീറ്റർ മാത്രം വ്യാസമുള്ള ഒരു രണ്ടാം തലമുറ നക്ഷത്രമാണ്. മുകളിൽ പറഞ്ഞ ഇരുപതിനായിരം കോടിയിൽ ഈ സൂര്യനെ പോലെ നാലായിരം കോടി നക്ഷത്രങ്ങൾ ആകാശഗംഗയിൽ തന്നെയുണ്ട്. ഇവയ്ക്കെല്ലാം ചുറ്റും ഗ്രഹങ്ങളുമുണ്ട്. അതിൽ ഭൂമിയെപോലെ ജീവൻ നിലനില്ക്കുന്നതിനാവശ്യമായ എക്കോസ്ഫിയറിൽ ജീവയോഗ്യമേഖലയായ (Habitatable zone) സ്ഥിതിചെയ്യുന്ന ഗ്രഹങ്ങളിലെല്ലാം ജീവജാലങ്ങളും മനുഷ്യനും മനുഷ്യനെക്കാൾ പുരോഗതി പ്രാപിച്ച ജീവികളും ഉണ്ട്. പ്രപഞ്ച ഗോളങ്ങളിൽ ജീവിച്ചിരിക്കുന്ന ബുദ്ധിജീവികളെ കുറിച്ച് വിശുദ്ധ ഖുർആൻ ആറിടത്തു പ്രസ്താവിച്ചിരിക്കുന്നു. 2009 വരെ ആകാശഗംഗയിലെ നാന്നൂറിലധികം നക്ഷത്രങ്ങൾക്കു ചുറ്റും ഗ്രഹങ്ങൾ സഞ്ചരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതിഭീമൻ ഗ്രഹങ്ങളെ മാത്രമെ നമ്മുടെ നിരീക്ഷണ ഉപകരണങ്ങളിലൂടെ കാണുവാൻ കഴിയുകയുള്ളൂ. ഇപ്പോഴും ഗ്രഹങ്ങളെ കണ്ടെത്തികൊണ്ടിരിക്കുന്നു. 2010ൽ വ്യാഴത്തോളം വലിപ്പം ഉള്ളതും സൗരയൂഥത്തിലെ ഗ്രഹങ്ങളുമായി സാമ്യമുള്ളതും 1500 പ്രകാശവർഷം അകലെ സെർപൻസ് കോഡ നക്ഷത്രസമൂഹത്തിലെ കൊറോട് ജി ബി എന്ന ഗ്രഹത്തെ കണ്ടെത്തുകയുണ്ടായി.

## സൂപ്പർ നോവ സ്ഫോടനം ഖുർആനിൽ

എല്ലാ ഗ്രഹങ്ങളിലും ജീവൻ ഉണ്ടാവുകയില്ല. നക്ഷത്രങ്ങൾ ജന്മമെടുക്കുന്ന ആദിമ നെബുലകളിൽ ഹൈഡ്രജനും ഹീലിയവും മാത്രമെ ഉണ്ടായിരുന്നുള്ളൂ. അതിൽ നിന്നുടലെടുക്കുന്ന നക്ഷത്രങ്ങളിലും ഗ്രഹങ്ങളിലും മുഖ്യമായും ഈ മൂലകങ്ങൾ മാത്രമെ ഉണ്ടാവുകയുള്ളൂ.

(മറ്റു പദാർത്ഥങ്ങൾ തീരെ ചെറിയ അളവിൽ മാത്രം) എന്നാൽ അതി ഭീമൻമാരായ നക്ഷത്രങ്ങൾ കത്തി തീരുന്നതിന് മുൻപ് അവയുടെ പുറംകാമ്പ് സൂപ്പർനോവകളായി പൊട്ടിതെറിച്ചുപോകും. കോടാനു കോടി കിലോമീറ്ററുകൾക്കക ലേയ്ക്ക് എത്തും. പുറംകാമ്പും. അകം കാമ്പും കത്തുന്നതിലുള്ള വ്യത്യാസം മൂലം ഉടലെടുക്കുന്ന ഊർജ്ജ ഗുരുത്വാകർഷണ വ്യത്യാസങ്ങൾ മൂലമാണ് ചുവന്ന ഭീമൻ എന്ന അവസ്ഥയിൽ എത്തിയ നക്ഷത്രങ്ങൾക്ക് ഇപ്രകാരം സ്ഫോടനം സംഭവിക്കുന്നത്.

നക്ഷത്രങ്ങൾ ചിന്നിചിതറുമ്പോൾ ശരിക്കും സൂപ്പർനോവ സ്ഫോടനമാണ് സംഭവിക്കുന്നത് ഒരു ഭീമൻ നക്ഷത്രം ചിന്നിചിതറി പോകുന്നതാണ് സൂപ്പർ നോവ. ഉൾകാമ്പ് വെറും 10 കി. മീറ്റർ വ്യാ സത്തിൽ വരെ ചുരുങ്ങി വെള്ളകുള്ളൻ, ന്യൂട്രോൺ നക്ഷത്രം (പൾസാർ) ചിലപ്പോൾ ഒടുവിൽ തമോഗർത്തം പിന്നെ ബാഷ്പീകരിച്ച് ഇല്ലാതാവൽ ഇങ്ങനെയെല്ലാം നക്ഷത്രങ്ങളിൽ സംഭവിക്കുന്നു. കുറെകൂടി വിശദീകരിച്ച് എഴുതേണ്ട രസകരമായ കാര്യങ്ങളാണ് ഇവ. ചുരുക്കത്തിൽ ശാസ്ത്രജ്ഞന്മാർ ഈ അടുത്തകാലത്ത് അറി ഞ്ഞു തുടങ്ങിയ സൂപ്പർനോവ സ്ഫോടനം പോലും എത്രയോ വർഷങ്ങൾക്കു മുൻപ് ഖുർആൻ വിളിച്ച് അറിയിച്ചിരിക്കുന്നു. ചിന്നി ചിതറി പോകുന്ന പുറംകാമ്പിൽ നിന്നും ഒന്നോ ചിലപ്പോൾ അതിലധികമോ നക്ഷത്രങ്ങളും ഏതാനും ഗ്രഹങ്ങളും ഉണ്ടാവുന്നു. ഇങ്ങനെയുണ്ടാവുന്ന നക്ഷത്രങ്ങളെയാണ് രണ്ടാംതലമുറ നക്ഷത്രം എന്നു പറയുന്നത്. നമ്മുടെ സൂര്യൻ ഇത്തരം രണ്ടാംതലമുറ നക്ഷത്രമാണ്. വീണ്ടും ഉണ്ടായ നക്ഷത്രത്തിൽ നിന്നും വീണ്ടും സൂപ്പർനോവ സ്ഫോടനം ഉണ്ടായാൽ മൂന്നാം തലമുറ നക്ഷത്രം ഉണ്ടാവും. നമ്മുടെ സൂര്യൻ ഇനി 450 കോടി വർഷം കഴിയുമ്പോൾ ഒരു ചുവന്ന ഭീമനായി പൊട്ടിതെറിച്ചു. ചുവന്ന ഭീമൻ ആകുമ്പോൾ തന്നെ സൂര്യന്റെ വലിപ്പം ചൊവ്വഗ്രഹത്തിനപ്പുറം വരെ എത്തിയിരിക്കുന്നു.



ഖുർആൻ നക്ഷത്രങ്ങളെപ്പറ്റി 18 സ്ഥലങ്ങളിൽ പ്രത്യക്ഷമായ സൂചന നല്കിയിട്ടുണ്ട്. ഖുർആൻ വച്ച് പ്രപഞ്ചത്തെയും ജ്യോതിശാസ്ത്രത്തെയും പഠിക്കുമ്പോൾ പ്രപഞ്ചത്തിലെ അറിയേണ്ട പല വസ്തുതകളും ഖുർആനിൽ നിക്ഷിപ്തമായിരിക്കുന്നതായി കാണാൻ കഴിയും.

സൂപ്പർനോവ സ്ഫോടനത്തിൽ നിന്നുളവാകുന്ന ഉന്നത ഊഷ്മാവിലും മർദ്ദത്തിലും അടക്കം മിക്കവാറും എല്ലാ മൂലകങ്ങളും ഉണ്ടാവുന്നു. ഇത്തരം രണ്ടാംതലമുറ മൂന്നാംതലമുറ നക്ഷത്രങ്ങൾക്കു ചുറ്റുമുള്ള ഗ്രഹങ്ങളിൽ മാത്രമേ ജീവജാലങ്ങൾ ഉണ്ടാവൂ. ഗ്രഹം ഒരു എക്കോസ്പിയറിനുള്ളിലും ആയിരിക്കണം. ഭൂമി ഇപ്പോൾ എക്കോസ്പിയറിനുള്ളിലാണ്. മുൻപ് ശുക്രനും ഇതിനുള്ളിലായിരുന്നു. എക്കോസ്പിയർ മണ്ഡലം ചൊവ്വയ്ക്ക് അടുത്തേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ശുക്രൻ അതിൽ നിന്നും പുറത്തായി. ഒരു കാലത്ത് ഭൂമിയും ഈ മണ്ഡലത്തിനുപുറത്താവും. ശുക്രൻ ഇതിൽ നിന്നപ്പോൾ ജീവജാലങ്ങൾ ഉണ്ടാവാതെ പോയതിനു കാരണം അന്തരീക്ഷത്തിലെ ആസിഡുമൂലം ആസിഡ് മഴയാണവിടെ ഉണ്ടാവുക. ചൂടും തണുപ്പും തമ്മിലുള്ള ഏറ്റക്കുറച്ചിലുകൾ തുടങ്ങി പല ഘടകങ്ങളും ജീവനു നിലനില്ക്കാൻ കഴിയാത്തതായിരിക്കുന്നു. എന്നാൽ ചൊവ്വയുടെ സ്ഥിതി ഇങ്ങനെയല്ല. ഉന്നത സംസ്കാരങ്ങൾ കൈവരിച്ച മനുഷ്യരെയും മനുഷ്യനെക്കാൾ പുരോഗതി പ്രാപിച്ച ജീവികളെയും വഹിച്ചുകൊണ്ടുള്ള ഗ്രഹങ്ങളുമായി നില്ക്കുന്ന നാലായിരം കോടി നക്ഷത്രങ്ങളാണ് നമ്മുടെ ആകാശഗംഗയിൽ മാത്രമുള്ളത്. ഭൂമിയെ സംബന്ധിച്ചിടത്തോളം ജീവൻ, ബുദ്ധിവികാസം ഉള്ള മനുഷ്യനിൽ എത്താൻ മുന്നൂറ് മുന്നൂറ്റൻപതു കോടി വർഷം എടുത്തു.

### അന്യഗ്രഹജീവികൾ

16-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ക്രിസ്തീയ പുരോഹിതനായ ജിയോനാർദോ ബ്രൂണൊ, അനന്തമായ നക്ഷത്രമണ്ഡലത്തിൽ ഓരോന്നിനു ചുറ്റും ഗ്രഹങ്ങളുണ്ടെന്നും അവയിലെല്ലാം വൈവിദ്ധ്യമാർന്ന

ജീവികളുണ്ടെന്നും ദൈവം ഇപ്പോഴും സൃഷ്ടി തുടരുകയാണെന്നും പ്രസ്താവിച്ചത് സഭയുടെ വിശ്വാസ പ്രമാണങ്ങൾക്ക് എതിരാണെന്നു പറഞ്ഞു. അദ്ദേഹത്തെ നിഷ്കരുണം ചുട്ടുകൊല്ലുകയാണുണ്ടായത്.

സ്റ്റാൻലി മില്ലർ, ഹരോൾഡ് ഉറെഫ്രാങ്ക് ഡ്രേക്ക്, കാൾ സാഗൻ ഇവരെല്ലാം ഭൂമിയ്ക്കു പുറമെ എത്രയോ ഗ്രഹങ്ങളിൽ മനുഷ്യരെക്കാൾ ബുദ്ധിയുള്ളതും പുരോഗതിയിൽ വള രെ മുന്നിട്ടു നില്ക്കുന്ന ജീവികൾ ഉണ്ടെന്ന് അഭിപ്രായപ്പെടുന്നു. അവരിൽ നിന്നുള്ള റേഡിയോ സിഗ്നലുകൾ സ്വീകരിക്കുവാൻ റേഡിയോ ടെലസ്കോപ്പുകളുമായി നാം സജ്ജരായിരിക്കുവാൻ കാൾ സാഗർ ശാസ്ത്രജ്ഞന്മാരോട് ആഹ്വാനം ചെയ്യുകയും ഉണ്ടായി.

നാം ഭൂമിയിൽ കാണുന്ന മനുഷ്യൻ ഉൾപ്പെടെയുള്ള ജീവികളുടെ രൂപങ്ങൾക്കും ആകൃതിയ്ക്കും നിരക്കാത്തതും തികച്ചും വ്യത്യസ്തവുമായ രൂപങ്ങളിലുള്ള ജീവികളും ആകാശഗോളങ്ങളിൽ വസിക്കുന്നവരായുണ്ട് എന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞന്മാരുമുണ്ട്.

സ്വയം രൂപമെടുത്ത, ബുദ്ധിയും ചിന്താശക്തിയും ഉള്ള ഒരു ശ്യാമള മേഘക്കൂട്ടമാണ് സർ ഫ്രെഡ് ഹോയ്‌ലിന്റെ 'ദി ബ്ലാക്കു ക്ലൗഡ്' എന്ന ശാസ്ത്രനോവലിലെ പ്രധാന കഥാപാത്രം. നക്ഷത്രങ്ങളുടെ പ്രകാശത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ചാണ് അതു ജീവിക്കുന്നത്. ചിന്തിക്കുവാനും പുനരുല്പാദനം നടത്തുവാനും കഴിവുള്ള ക്രിസ്റ്റൽ രൂപ നെറ്റ്‌വർ ക്കു ജീവികളെ ജീൻസു നൈഡർ എന്ന ജ്യോതിശാസ്ത്രജ്ഞൻ അവതരിപ്പിക്കുന്നുണ്ട്.

ന്യൂട്രോൺ നക്ഷത്രങ്ങളിൽ അനുഭവപ്പെടുന്ന ശക്തമായ അണുകേന്ദ്രബലം മൂലം ഉളവാകുന്ന ന്യൂട്രോൺ ശൃംഖലകൾ ബുദ്ധി വികാസം പ്രാപിച്ച ജീവിരൂപങ്ങളായി മാറുന്നു എന്ന് ആണവശാസ്ത്രജ്ഞന്മാരായ ഫ്രീമാൻ ഡൈസണും, ഫ്രാങ്ക് ഡ്രേക്കും കരുതുന്നു.

Search for Extra terrestrial Intelligence (SETI) എന്ന പദ്ധതിയുടെ ലക്ഷ്യം, ഭൂമിയ്ക്ക് പുറമെ പ്രപഞ്ചഗോളങ്ങളിൽ ജീവികളെ കണ്ടെത്തുക എന്നതാണ്. ഒരു കാര്യത്തിൽ ഏറെക്കുറെ എല്ലാ ശാസ്ത്രജ്ഞന്മാരും യോജിക്കുന്നുണ്ട്.' ഈ പ്രപഞ്ച ത്തിൽ മനുഷ്യനോളവും അതിലപ്പുറവും ബുദ്ധിയും പുരോഗതിയും പ്രാപിച്ച ജീവികളെയും വഹിച്ചു നില്ക്കുന്ന കോടികണക്കിനു ഭൂമികൾ വേറെയും ഉണ്ടെന്ന്.

**'ആകാശ ഭൂമികളെ സൃഷ്ടിച്ചതിലും അവ രണ്ടിലും ജീവികളെ പരത്തി ഇട്ടതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അവൻ ഉദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചു കൂട്ടുവാൻ അവൻ ശക്തനുമാണ്. (42:30)** മനുഷ്യൻ തന്റെ പുരുഷായുസ്സ് മുഴുവൻ പരിശ്രമിച്ച് കണ്ടെത്തുന്ന കാര്യം ഖുർആനിൽ എത്രയോ വർഷം മുൻപ് പറഞ്ഞുവെച്ചിട്ടുള്ളതു തന്നെയാവുന്നു.

### ക്ഷീരപഥം അഥവാ (ആകാശഗംഗ - (Milky way)

ലാറ്റിൻപദമായ വയലാക്തിയ (Via lacted)ൽ നിന്നാണ് മിൽക്കി വേ എന്ന പേരിന്റെ ഉത്ഭവം. ഗാല (പാൽ) എന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ഗാലക്സി എന്ന പദം ഉണ്ടായിട്ടുള്ളത്.

മേഘങ്ങളും നിലാവും ഭൂമിയിൽ നിന്നുള്ള മറ്റു വെളിച്ചങ്ങളും കുറവുള്ള രാത്രികളിൽ ഗ്രാമങ്ങളിലോ വിശാലമായ വയലുകളിലോ കുന്നിൻ മുകളിലോ മലർന്നു കിടന്നു നോക്കിയാൽ ആകാശത്തു കാണുന്ന ഏറ്റവും മനോഹരമായ കാഴ്ചയാണിത്. നല്ല കാലാവസ്ഥയിൽ ഏതാണ്ട് ഏഴായിരത്തിലധികം നക്ഷത്രങ്ങളെ നഗ്നനേത്രം കൊണ്ട് കാണുവാനും എണ്ണി തിട്ടപ്പെടുത്താവനും കഴിയും. ദൂരദർശിനിയിലൂടെ 150 കോടി നക്ഷത്രങ്ങളെ നേരിട്ടു നോക്കി കാണുവാൻ കഴിയുന്നുണ്ട് (ഇപ്പോൾ ഈ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു).

സ്വർഗ്ഗീയ നദി, കപ്പൽ ചാല് വെള്ളിചാല് തുടങ്ങിയ പേരുകളിലും ക്ഷീരപഥം പല ഭാഷകളിൽ അറിയപ്പെടുന്നു. ഉത്തരാർദ്ധഗോളത്തിൽ നിന്നു നോക്കുമ്പോൾ തെക്കു നക്ഷത്രസമൂഹമായ വൃശ്ചിക രാശിയിൽ തിളക്കത്തോടുകൂടി തുടങ്ങി, ധനുരാശിയിൽ വെട്ടിതിളങ്ങി വടക്കോട്ട് അക്വില സിഗ്നസ് രാശികളിൽ അല്പം മങ്ങി, കാസിയോപ്പിയ പെഴ്സിയുസ് രാശികളിൽ അല്പം കൂടി ശോഭ കുറഞ്ഞ് വീണ്ടും വടക്കോട്ടു തിരിഞ്ഞ് ഒറിയണിലൂടെ പാപ്പിസ് രാശി വഴി തെ ക്കൻ ചക്രവാളത്തിൽ എത്തുന്ന അതിമനോഹരമായ ഈ പ്രകാശവീഥിയെ ഭൂമിയുടെ തെക്കെ പകുതിയിൽ നിന്നു നോക്കുമ്പോൾ കൂടുതൽ മനോഹരമായി കാണപ്പെടും. കരീന രാശിയിൽ പട്ടണങ്ങളിലെ വെളിച്ചത്തിൽ പോലും കാണാൻ കഴിയുന്ന ത്രിപ്രഭ ഉണ്ടാവുന്നു. തുടർന്ന് ക്രിക്സും (ത്രിശങ്കു) കടന്ന് ഒരു ഇരുണ്ട ചാല് രണ്ടായി പിളർത്തിയതുപോലെ തോന്നിപ്പിക്കുകയും ആകാശത്തു ഒരു വൃത്തം പൂർത്തിയാക്കി അതീവശോഭയോടെ വീണ്ടും വൃശ്ചികരാശിയിൽ തിരിച്ചെത്തുകയും ചെയ്യുന്നു. ആകാശഗംഗയുടെ നമ്മൾ കാണുന്ന ഭാഗം മാത്രമാണിത്. (തുടരും) ❐

***ലേഖകന്റെ ഫോൺ : 9447904076.***

കുറിപ്പുകൾ

മുസാഫിർ

# കേരളത്തിലെ മുബാഹല:
## ഇശാഅത്ത് പ്രസിഡണ്ടിന്റെ സത്യസാക്ഷ്യം

ഇരുപത് വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു വശത്തും ജമാഅത്തെ ഇസ്ലാമി, കേരള നദ്‌വത്തുൽ മുജാഹിദീൻ, സുന്നി(ഇ.കെ. വിഭാഗം) എന്നീ സംഘടനകളുടെ പ്രാതിനിധ്യമേറ്റെടുത്ത് 'അഞ്ചുമൻ ഇശാഅത്തെ ഇസ്ലാമി' മറുവശത്തുമായി സത്യാസത്യ വിവേചനത്തിന്നായി കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിൽ 1989 മെയ് 28ന് മുബാഹല നടക്കുകയുണ്ടായി. ഒരു ദൈവനിയോഗവാദിയുടെ സത്യവും അസത്യവും വേർതിരിച്ചറിയാൻ **'ലഅനത്തുല്ലാഹി അലൽ കാദിബീൻ' (കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ)** എന്ന് ഉരുവിട്ടുകൊണ്ട് നടത്തുന്ന പ്രാർത്ഥനയാണ് മുബാഹല. വിശുദ്ധ ഖുർആനിൽ ഈ പ്രാർത്ഥനാരൂപം വിവരിക്കപ്പെട്ടിട്ടുണ്ട്.

ഖാത്തമുൽ അംബിയാഅ് റസൂൽ തിരുമേനി(സ)യുടെ സത്യം ലോകത്ത് സ്ഥാപിക്കാൻ അവിടുത്തെ തന്നെ പ്രവചനപ്രകാരം അല്ലാഹു നിയോഗിച്ച വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് അഹ്മദ് (അ)ന്റെ വാദങ്ങളുടെ സത്യാസത്യതയെ മുൻനിർത്തിയായിരുന്നു മുബാഹല നടത്തിയത്. ആയിരക്കണക്കിന് ആളുകളെ സാക്ഷിനിർത്തി ഇരുവശത്തും 40 വീതം ആളുകൾ പങ്കെടുത്ത മുബാഹല വാർത്ത മാധ്യമങ്ങളിലൂടെ കേരളത്തിലെ ലക്ഷക്കണക്കിന് ആളുകൾ അറിയാനിടയായി.

അഹ്മദിയ്യാ സ്ഥാപകർക്കെതിരെ കേരളത്തിലെ പ്രമാണിക മുസ്ലിം സംഘടനകളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് അൻജുമൻ ഇശാഅത്തെ ഇസ്ലാമിയാണ് ഒരു വശത്ത് അണിനിരന്നത്. അതിന്റെ സ്ഥാപകനേതാവും പ്രസിഡണ്ടുമായ ജനാബ് കാക്കീരി അബ്ദുല്ലാ സാഹിബിന്റെ നേതൃത്വത്തിൽ *'കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ'* എന്ന് പ്രാർത്ഥിക്കുകയും ചെയ്തു. കാക്കീരി അബ്ദുല്ലാസാഹിബ് ഇപ്പോൾ ജമാഅത്ത്, മുജാഹിദ്, സുന്നീ സംഘടനകളെക്കുറിച്ച് എഴുതിയ രൂക്ഷവിമർശനമടങ്ങിയ ലേഖനം മുബാഹലയിൽ ചൊല്ലിയ പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന് സത്യാന്വേഷികളോട് അഭ്യർത്ഥിക്കുന്നു. കാക്കീരി അബ്ദുല്ലാ സാഹിബിന്റെ പ്രസ്താവന ഇപ്രകാരമാണ്.

**'ഖുർആൻ മുസ്ലിംകളോട് ഭിന്നിക്കരുതെന്നും ഭിന്നിച്ചാൽ കാറ്റ് പോവുമെന്നും ഭിന്നിക്കുന്നവർക്ക് കഠിനശിക്ഷയുണ്ടെന്നും ഭിന്നിക്കുന്നവർക്ക് റസൂലുമായി ഒരു ബന്ധവുമില്ലെന്നും അവരെ അല്ലാഹുവിന് വിട്ടുകൊടുത്തേക്കണമെന്നും താക്കീതായി പറയുന്നു. ഒരു നേതാവിന്റെ കീഴിൽ ഒറ്റ സംഘമായിട്ടല്ലാതെ ഇസ്ലാമിന് നിലനിൽപ്പില്ലെന്നും, മുസ്ലിംകൾ ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെയാണെന്നും അവർ പരസ്പരം സഹോദരന്മാരാണെന്നും തിരുമേനി പറഞ്ഞു. അൽ ജമാഅത്തല്ലാതെ പല നേതാക്കളുടെ കീഴിൽ പല സംഘങ്ങളായി തിരിയുകയാണെങ്കിൽ മുസ്ലിംകൾ മരണം വരെ ഒറ്റയ്ക്ക് നിൽക്കണമെന്ന് ബുഖാരിയിലും മുസ്ലിമിലും കാണാം. മൂന്നുവിഭാഗത്തെ കൊല്ലാൻ കൽപിച്ചതിൽ മൂന്നാമത്തേത് അൽജമാഅത്തിൽ നിന്ന് പിരിഞ്ഞുപോയവരെയാണ്. എന്നിട്ടും, നമുക്കെങ്ങനെ പല നേതാക്കളും പല സംഘടനകളും ഉണ്ടായി? ഇത് ഇസ്ലാമിന്റെ താൽപര്യത്തിനു വിരുദ്ധമല്ലേ? ഈ നിലക്ക് നോക്കുമ്പോൾ ജമാഅത്തെ ഇസ്ലാമി, മുജാഹിദ്, സുന്നി പോലുള്ള സംഘടനകൾ അനിസ്ലാമികമല്ലേ? ഖുർആന്റെ നസ്സിന് വിരുദ്ധമല്ലേ?**

**ഖുർആനിൽ നിഷേധത്തിന്**

**‘ലാ’ ഉപയോഗിച്ചതൊക്കെ ഹറാമാണ്. ഭിന്നിക്കരുതെന്ന് പറഞ്ഞേടത്തും ‘ലാ’ കാണാം. അപ്പോൾ ഭിന്നിക്കൽ ഹറാമായി. ഭിന്നിച്ചുണ്ടായ സംഘടനകളൊക്കെ ഹറാമീ സംഘടനകളാണ്. ഈ ഹറാമീ സംഘടനകൾക്കുവേണ്ടി പ്രസംഗിച്ചും ജോലി ചെയ്തും ഓഫീസുണ്ടാക്കിയും ‘ഇതൊരു സ്വാലിഹായ അമലാക്കിത്തരേണമേ തമ്പുരാനേ’ എന്നു പ്രാർത്ഥിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്!** *(‘ദൗത്യം’മാസിക (റജബ് 1431-ജൂൺ-ജൂലായ് 2010 - ലേഖനത്തിന്റെ പൂർണ്ണരൂപം സത്യദൂതനിൽ അന്യത്ര ചേർത്തിട്ടുണ്ട്.)*

റസൂൽ തിരുമേനി(സ)യുടെ പ്രവചനപ്രകാരം അല്ലാഹു നിയോഗിച്ച ഒരു സത്യാത്മാവിനെതിരെ ജമാഅത്ത്, മുജാഹിദ്, സുന്നീ എന്നീ മുസ്‌ലിം സംഘടനകളുടെ പക്ഷത്ത് നിന്നുകൊണ്ട് *‘കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ’* എന്ന് മുബാഹലയിൽ പ്രാർത്ഥിച്ച അൻജുമൻ ഇശാഅ ത്തെ ഇസ്‌ലാം പ്രസിഡണ്ട് ജനാബ് കാക്കീരി അബ്ദുല്ല സാഹിബ് തന്നെയാണ് പ്രസ്തുത സംഘടനകളെപ്പറ്റി കൊല്ലാൻ കല്പിക്കപ്പെട്ടവർ, ഇസ്‌ലാമിന്റെ താല്പര്യത്തിന് വിരുദ്ധം, അനിസ്‌ലാമികം, ഹറാമീ സംഘടനകൾ എന്നൊക്കെ പറഞ്ഞിരിക്കുന്നത്. പ്രസ്തുത സംഘടനകളുടെ നേതൃത്വമേറ്റെടുത്ത് സത്യാസത്യവിവേചനത്തിന്റെ ശാപപ്രാർത്ഥന ചൊല്ലിയ അതേ വ്യക്തിയിൽ നിന്നും താൻ പ്രതിനിധീകരിച്ച സംഘടനകളെ പറ്റി ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനമുണ്ടായിരിക്കുന്നത്. ഇത് മുഖേന വ്യക്തമായ ഒരു സത്യമാണ് വെളിപ്പെട്ടിരിക്കുന്നത്. അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനും സത്യം വെളിപ്പെടുത്തുന്നവനുമാണെന്ന കാര്യം നാം മറന്നുപോകരുത്. മുബാഹലയിൽ ഇരുകക്ഷികളും നടത്തിയ പ്രാർത്ഥനയിലെ അവസാന വാചകം ഇങ്ങനെയായിരുന്നു. ***‘ഞങ്ങളിൽ സത്യത്തിന്റെ വിഭാഗത്തെ ലോകർക്ക് മനസ്സിലാക്കാനും അസത്യത്തിന്റെ വിഭാഗത്തെ തിരിച്ചറിയാനും സാധിക്കുന്ന വിധത്തിൽ വ്യക്തമായ ദൃഷ്ടാന്തം അല്ലാഹുവേ നീ ഇച്ഛിക്കുന്നുവെങ്കിൽ ആറുമാസത്തിനുള്ളിൽ വെളിപ്പെടുത്തേണമേ ആമീൻ’*** ആറുമാസത്തിനുള്ളിൽ സത്യത്തിന്റേയും അസത്യത്തിന്റേയും വിഭാഗത്തെ തിരിച്ചറിയാനായിരുന്നു കൊടിയത്തൂരിൽ മുബാഹല പ്രാർത്ഥന നടത്തിയത്. അൽജമാഅത്ത് അല്ലാത്ത ജമാഅത്ത്, മുജാഹിദ്, സുന്നി സംഘടനകൾക്കെതിരെയുള്ള ഇശാഅത്ത് പ്രസിഡണ്ടിന്റെ വിമർശനത്തിന് കാരണമായ ദോഷങ്ങൾ മുബാഹലക്ക് ശേഷമുള്ള അടയാളം വെളിപ്പെടേണ്ട ആറു മാസക്കാലങ്ങളിലും പ്രകടമായി കണ്ടതാണ്. അതിന് ശേഷവും അവരിൽ ആ ദോഷങ്ങളും ജീർണ്ണതയും ഭിന്നിപ്പും ഗുരുതരമായി തുടരുന്നു. അക്കാര്യങ്ങൾ ഇശാഅത്ത് പ്രസിഡണ്ട് ഇപ്പോൾ വെളിപ്പെടുത്തിയെന്നേയുള്ളൂ. അപ്പോൾ ***‘കളവ് പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ’*** എന്ന മുബാഹല പ്രാർത്ഥന ഫലിച്ചത് ആരുടെ മേലാണ്? അനിസ്‌ലാമികം, ഹറാമികൾ, വധാർഹർ എന്നീ അങ്ങേയറ്റം ഹീനമായ വിശേഷണങ്ങൾക്ക് വിധേയരായ മുസ്‌ലിം കക്ഷികളിലല്ലേ? അതും മറ്റാരിൽ നിന്നുമല്ല ഈ വിശേഷണമുണ്ടായത്. അവർക്ക് വേണ്ടി പ്രാർത്ഥനക്ക് നേതൃത്വം കൊടുത്ത ഇശാഅത്ത് പ്രസിഡണ്ടിൽ നിന്നുതന്നെ!! അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനത്തിൽ സത്യം ഉച്ചസൂര്യനെപോലെ നിറഞ്ഞു കത്തുകയല്ലേ ചെയ്യുന്നത്? അല്ലാഹുവിനെ ഭയപ്പെടുന്ന സത്യാന്വേഷികൾ ചിന്തിക്കുക.

അടയാളങ്ങൾ വ്യക്തമായി വെളിപ്പെട്ടിട്ടും നിഷേധം തുടരുന്നവരെപ്പറ്റി അല്ലാഹു പറയുന്ന കാര്യം നാം ഓർക്കണം.

***‘അവർ സകല അടയാളം കാണുന്നതായാലും വിശ്വസിക്കുകയില്ല. തന്നെയുമല്ല അവർ നിന്റെ അടുക്കൽ വന്നാൽ നീയുമായി തർക്കിക്കുന്നു. ഇത് മുമ്പുള്ളവരുടെ കഥയല്ലാതെ മറ്റൊന്നുമല്ല എന്ന് അവിശ്വാസികൾ പറയുകയും ചെയ്യുന്നു. അവർ മറ്റുള്ളവരെ ഇതിൽ നിന്നു തടയുകയും തങ്ങൾ അതിൽ നിന്നു അകന്നു നിൽക്കുകയും ചെയ്യുന്നു. (6:25, 26)***

മുസ്‌ലിം സംഘടനകളുടെ ഇസ്‌ലാമിക അസ്തിത്വത്തെ തന്നെ നിഷേധിക്കുന്ന ഇശാഅത്തെ ഇസ്‌ലാമി പ്രസിഡണ്ട് അൽജമാഅത്തിന്റെ ആവശ്യകതയിലേക്ക് ലേഖനത്തിൽ വിരൽ ചൂണ്ടുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

**ഇസ്‌ലാമിക സംഘടനകൾ എന്ന ഒന്ന് ഇല്ല. അല്ലാഹുവുകൾ, കഅ്ബകൾ, ഇസ്‌ലാം ദീനുകൾ എന്നൊക്കെ പറയുന്നതുപോലെയാണ് ഇസ്‌ലാമിക സംഘടനകൾ എന്നു പറയുന്നതും. ഇസ്‌ലാമിനെ അറിയുക. അൽജമാഅഃ ഉണ്ടാക്കാനുള്ള ചർച്ചകളാണ് നടക്കേണ്ടത്. (‘ദൗത്യം’ മാസിക)**

ഒരു ഖലീഫയുടെ നേതൃത്വത്തിൽ ആഗോളതലത്തിൽ അൽജമാഅത്തായി നിലനിൽക്കുന്ന ഒരേയൊരു ജമാഅത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. ഇശാഅത്ത് പ്രസിഡണ്ട് ഒരു കാര്യം മറന്നുപോകരുത്. റസൂൽ തിരുമേനി (സ)യുടെ പ്രവചനപ്രകാരം ഗതിവ്യതിയാനം വന്ന തുർക്കി ഖിലാഫ

ത്ത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നിലംപതിച്ചു. അൽജമാഅത്താകുന്ന ഖിലാഫത്ത് പുനഃസ്ഥാപിക്കാൻ ആഗോളതലത്തിൽ തന്നെ മുസ്‌ലിംകൾ നടത്താത്ത ശ്രമങ്ങളില്ല. എന്തെല്ലാം പ്രക്ഷോഭണങ്ങൾ എത്രയെത്ര കൂടിയാലോചനകൾ, ചർച്ചകൾ... പക്ഷെ അൽ ജമാഅത്ത് മാത്രം രൂപീകൃതമായില്ല. ഭിന്നിപ്പും ജീർണ്ണതയും രൂക്ഷമായി തുടരുകയും ചെയ്യുന്നു. നശിച്ചുപോയതിന്ശേഷം നുബൂവ്വത്തിന്റെ മാർഗ്ഗത്തിലാണ് അൽജമാഅത്ത് അല്ലാഹു പുനഃസ്ഥാപിക്കുക (ബുഖാരി) എന്നാണ് റസൂൽ തിരുമേനി (സ) പറഞ്ഞത്. അത് ചർച്ചയിലൂടെ ഉണ്ടാവേണ്ട സ്ഥാപനമല്ല.

ഖുർആൻ പറയുന്നു:

***'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർ ക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു'*** (24:56) അൽജമാഅത്തിന്റെ ഐക്യവും ഇണക്കവും ചർച്ചകളിലൂടെയോ മനുഷ്യന്റെ നീക്കുപോക്കുകളിലൂടെയോ, ഭൗതികമായ ഉപാധികളിലൂടെയോ സംജാതമാകുന്ന ഒന്നല്ല അൽജമാഅത്തിന്റെ മേലിൽ അല്ലാഹു നൽകുന്ന വരദാനവും കാരുണ്യവുമാണത്. അല്ലാഹു പറയുന്നു: ***'അവരുടെ ഹൃദയങ്ങൾ ക്കിടയിൽ അവൻ ഇണക്കമുണ്ടാക്കുകയും ചെയ്തു. ഭൂമിയിലുള്ളത് മുഴുവൻ നീ ചെലവഴിച്ചാൽ പോലും അവരുടെ ഹൃദയങ്ങൾ ക്കിടയിൽ നീ ഇണക്കമുണ്ടാക്കുമായിരുന്നില്ല. എന്നാൽ അല്ലാഹു അവർക്കിടയിൽ ഇണക്കമുണ്ടാക്കിയിരിക്കുന്നു. തീർച്ചയായും അവൻ പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു.*** (8:64)

പ്രിയ സഹോദരന്മാരെ, ഇസ്ലാമിന്റെ പുനരുജ്ജീവനത്തിന് സംഘടനകളെയല്ല അല്ലാഹു നിയോഗിക്കുക. വിശുദ്ധ ഖുർആനിലോ തിരുസുന്നത്തിലോ, ഹദീസുകളിലോ ഇസ്‌ലാമിന്റെ സംരക്ഷണവും പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ഒരു സംഘടനയേയോ പ്രസ്ഥാനത്തേയോ അല്ലാഹു നിയോഗിച്ചതായോ ഭാവിയിൽ നിയോഗിക്കുമെന്നോ പറഞ്ഞിട്ടില്ല. ഒരു കാലത്തും അല്ലാഹുവിന്റെ നടപടിക്രമങ്ങൾ അതായിരുന്നില്ല. മറിച്ച് കക്ഷികളേയും സംഘടനകളേയും സംബന്ധിച്ച് നരകത്തിന്റെ അഹ്‌ലുകാരാണെന്നാണ് റസൂൽ തിരുമേനി (സ) പറഞ്ഞത് എന്ന കാര്യവും നമുക്കറിയാം. അല്ലാഹുവിൽ നിന്നും ആത്മീയജ്ഞാനങ്ങൾ ലഭിക്കുന്ന ദിവ്യാത്മാക്കളെ അയച്ചുകൊണ്ടാണ് അല്ലാഹു ആ കൃത്യം നിർവ്വഹിക്കുക. റസൂൽ തിരുമേനി (സ) പ്രവചിച്ച വാഗ്ദത്ത മഹ്ദീ മസീഹിനെ അല്ലാഹു യഥാകാലം തന്നെ അയച്ചിരിക്കുന്നു. ആ മഹാത്മാവ് അല്ലാഹുവിന്റെ ആജ്ഞയാൽ പുനഃസ്ഥാപിച്ച അഹ്മദിയ്യാ ഖിലാഫത്തിന്റെ സത്യതയും മനുഷ്യനുണ്ടാക്കുന്ന സംഘടനകളുടെ അസത്യവും ജീർണ്ണതകളും നാൾക്കുനാൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

വിശുദ്ധ ഖുർആൻ, സുന്നത്ത്, ഹദീസ് എന്നീ ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ സത്യാന്വേഷികൾ അല്ലാഹു അയച്ച ആ മഹാത്മാവിന്റെ സത്യം കണ്ടെത്തണമെന്ന് അഭ്യർത്ഥിക്കുന്നു. റസൂൽ തിരുമേനി (സ)യുടെ സത്യം ലോകത്ത് വിജയിപ്പിക്കാനും പരിശുദ്ധ ദീനുൽ ഇസ്‌ലാമിന്റെ യാഥാർത്ഥ്യം ലോകത്തെ ബോദ്ധ്യപ്പെടുത്താനുമുള്ള ദിവ്യദൗത്യത്തിൽ പങ്കാളികളാവാൻ ഖിലാഫത്തിലധിഷ്ഠിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ബൈയ്യത്ത് ചെയ്ത് പ്രവേശിക്കുക. ദീനുൽ ഇസ്‌ലാമിനെ സ്നേഹിക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നവരെ അല്ലാഹു സന്മാർഗ്ഗത്തിലേക്ക് നയിക്കുകയും അതിൽ നിലനിർത്തുകയും ചെയ്യുമാറാകട്ടെ.

❒

# ഭയഭക്തി

മനുഷ്യന്റെ സകല ആത്മീയ സൗന്ദര്യങ്ങളും 'തഖ്‌വ'യുടെ (ഭയഭക്തിയുടെ) സൂക്ഷ്മ മാർഗങ്ങളിൽ ചലിക്കുന്നതിനാലാണ് നിലകൊള്ളുന്നത്. അല്ലാഹുവിലുള്ള 'അമാനത്ത്' (സൂക്ഷിപ്പ്) കളും ഈമാന്റെ (സത്യവിശ്വാസത്തിന്റെ) പ്രതിജ്ഞകളും കഴിവിന്റെ പരമാവധി പൂർത്തിയാക്കുകയും അതോടൊപ്പം തന്നെ സൃഷ്ടികളോടുള്ള കടപ്പാടുകളും കർത്തവ്യങ്ങളും അങ്ങേയറ്റം പാലിക്കുകയും ചെയ്യുക എന്നതാണ് മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും ബന്ധപ്പെട്ടു നിൽക്കുന്ന ഭയഭക്തിയുടെ മാർഗം.

***(ഹദ്റത്ത് അഹ്മദ് (അ) - ബറാഹീനെ അഹ്മദിയ്യ)***

കാക്കീരി അബ്ദുല്ല മാസ്റ്റർ

വാർത്തകൾ

# സംഘടനകൾ വേണ്ട; ഇസ്‌ലാം മതി

**ജമാഅത്ത്, മുജാഹിദ്, സുന്നി സംഘടനകൾ അനിസ്‌ലാമികമല്ലേ? ഭിന്നിച്ചുണ്ടായ സംഘടനകൾ ഹറാമി സംഘടനകൾ. അൽജമാഅത്തല്ലാതെ ഇസ്‌ലാമിൽ സംഘടനകളില്ല. അൽജമാഅത്തിൽ നിന്ന് പിരിഞ്ഞുപോകുന്നവർ വധാർഹരാണ്. അൻജുമൻ ഇശാഅത്തെ ഇസ്‌ലാം പ്രസിഡണ്ട് കാക്കീരി അബ്ദുല്ലാ സാഹിബ് പന്നിക്കോട് നിന്നും (കോഴിക്കോട് ജില്ല) പ്രസിദ്ധീകരിക്കുന്ന ദൗത്യം മാസികയിൽ എഴുതിയ ലേഖനം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

ഖുർആൻ മുസ്‌ലിംകളോട് ഭിന്നിക്കരുതെന്നും ഭിന്നിച്ചാൽ കാറ്റ് പോവുമെന്നും ഭിന്നിക്കുന്നവർക്ക് കഠിന ശിക്ഷയുണ്ടെന്നും ഭിന്നിക്കുന്നവർക്ക് റസൂലുമായി ഒരു ബന്ധവുമില്ലെന്നും അവരെ അല്ലാഹുവിന് വിട്ടുകൊടുത്തേക്കണമെന്നും താക്കീതായി പറയുന്നു. ഒരു നേതാവിന്റെ കീഴിൽ ഒറ്റ സംഘമായിട്ടല്ലാതെ ഇസ്‌ലാമിന് നിലനിൽപ്പില്ലെന്നും, മുസ്‌ലിംകൾ ഒരു ശരീരത്തിലെ അവയവങ്ങളെപ്പോലെയാണെന്നും അവർ പരസ്പരം സഹോദരന്മാരാണെന്നും തിരുമേനി പറഞ്ഞു. അൽജമാഅത്തല്ലാതെ പല നേതാക്കളുടെ കീഴിൽ പല സംഘങ്ങളായി തിരിയുകയാണെങ്കിൽ മുസ്‌ലിംകൾ മരണം വരെ ഒറ്റയ്ക്ക് നിൽക്കണമെന്ന് ബുഖാരിയിലും മുസ്‌ലിമിലും കാണാം. മൂന്നുവിഭാഗത്തെ കൊല്ലാൻ കൽപിച്ചതിൽ മൂന്നാമത്തേത് അൽജമാഅത്തിൽ നിന്ന് പിരിഞ്ഞുപോയവരെയാണ്. എന്നിട്ടും, നമുക്കെങ്ങനെ പല നേതാക്കളും പല സംഘടനകളും ഉണ്ടായി? ഇത് ഇസ്‌ലാമിന്റെ താൽപര്യത്തിനു വിരുദ്ധമല്ലേ? ഈ നിലക്ക് നോക്കുമ്പോൾ ജമാഅത്തെ ഇസ്‌ലാമി, മുജാഹിദ്, സുന്നി പോലുള്ള സംഘടനകൾ അനിസ്‌ലാമികമല്ലേ? ഖുർആന്റെ നസ്സിന് വിരുദ്ധമല്ലേ?

ഖുർആനിൽ നിഷേധത്തിന് 'ലാ' ഉപയോഗിച്ചതൊക്കെ ഹറാമാണ്. ഭിന്നിക്കരുതെന്ന് പറഞ്ഞേടത്തും 'ലാ' കാണാം. അപ്പോൾ ഭിന്നിക്കൽ ഹറാമായി. ഭിന്നിച്ചുണ്ടായ സംഘടനകളൊക്കെ ഹറാമീ സംഘടനകളാണ്. ഈ ഹറാമീ സംഘടനകൾക്കുവേണ്ടി പ്രസംഗിച്ചും ജോലി ചെയ്തും ഓഫീസുണ്ടാക്കിയും 'ഇതൊരു സ്വാലിഹായ അമലാക്കിത്തരേണമേ തമ്പുരാനേ' എന്നു പ്രാർത്ഥിക്കുന്നത് എന്തൊരു വിഡ്ഢിത്തമാണ്!

ഇസ്‌ലാമിലെ 'കലിമ' "ഒരു ഇലാഹുമില്ല; അല്ലാഹു ഒഴികെ" എന്നാണല്ലോ. അതുപോലെ 'ഒരു സംഘടനയും ഇല്ല; അൽജമാഅത്തൊഴികെ' എന്നു പറയാൻ മുസ്‌ലിംകൾക്ക് കഴിയണം. അങ്ങനെ പറയുമ്പോഴേ ഇസ്‌ലാം ഉണ്ടാവൂ. ഫാറൂഖ് ഉമർ (റ) പറഞ്ഞു: "ഒരു സംഘമായിട്ടല്ലാതെ ഇസ്‌ലാമിന് നിലനിൽപ്പില്ല; ഒരു നേതാവോടു കൂടിയല്ലാതെ സംഘത്തിനും നിലനിൽപ്പില്ല...." കേരളത്തിലെ മുസ്‌ലിം സംഘടനകൾ മുസ്‌ലിംകളെ വിഭജിക്കുകയും 'ഞങ്ങളും', 'നിങ്ങളും' സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. പരസ്പര വിരോധം, പക, അസൂയ, കാലുവാരൽ, പള്ളി-മദ്റസാ തർക്കം, പോർവിളി, പരിഹാസം, അവഹേളനം തുടങ്ങിയ കലാപരിപാടികളിലൂടെ മുസ്‌ലിം മനസ്സുകൾ മലീമസമാക്കുന്നു. ഓരോ കക്ഷികളും പള്ളികളും മദ്റസകളും പ്രസംഗങ്ങളും സമ്മേളനങ്ങളും പത്രങ്ങളും നടത്തി, ഓരോ വർഷവും സമുദായത്തിന്റെ കോടിക്കണക്കിനു രൂപയല്ലേ ദുർവ്യയം ചെയ്യുന്നത്? എന്റെ നാടായ കൊടിയത്തൂർ പഞ്ചായത്തിൽ മാത്രം, ആവശ്യമില്ലാതെ ഉണ്ടാക്കിയ പള്ളി-മദ്റസ-ഓഫീസുകൾക്ക് അമ്പത് കോടി രൂപയെങ്കിലും വില മതിക്കും. ഈ തുക പഞ്ചായത്തിലെ മുഴുവൻ പാവപ്പെട്ട മുസ്‌ലിംകളെയും ഉദ്ധരിക്കാൻ പര്യാപ്തമാണ്. ഇതിന്റെയൊക്കെ ലക്ഷ്യം സംഘടനകളെ വളർത്തലാണ്. ഒരു നേതാവിന്റെ കീഴിൽ ഒറ്റ സംഘമായതിനുശേഷമാണ് ഭിന്നാഭിപ്രായം ചർച്ച ചെയ്യേണ്ടത്. ഭിന്നാഭിപ്രായം ചർച്ച ചെയ്ത് തീരുമാനിക്കുമ്പോൾ തെറ്റു സംഭവിച്ചാൽപോലും ഒരു കൂലിയുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. പിന്നെ എങ്ങനെയാണ് ഭിന്നിക്കാൻ സാധിക്കുക? നിർബന്ധിത സാഹചര്യത്തിൽ പന്നിമാംസം തിന്നാൻ പോലും അനുവാദം നൽകുന്ന ഇസ്‌ലാം, ഭിന്നിക്കാൻ ഒരു കാരണവശാലും അനുവദിക്കുന്നില്ല.

പണവും അദ്ധ്വാനവും മുഴുവൻ ചെലവാകുന്നത് പരസ്പരം പോരടിക്കാനാണ്. സ്വന്തം സംഘടന ചെയ്യുന്ന തെറ്റുകൾ ന്യായീകരിക്കാൻ ഓരോരുത്തരും

ബാധ്യസ്ഥരായിത്തീരുന്നു. കുറേ ആളുകൾക്ക് നേതാക്കളാകാനും പണമുണ്ടാക്കാനും കഴിയുന്നു എന്നതു മാത്രം മിച്ചം.

കേരളത്തിലെ മുസ്‌ലിംകൾ മുഴുവൻ സുന്നിയോ ജമാഅത്തോ മുജാഹിദോ ആയിമാറി പ്രശ്നം പരിഹരിക്കാമെന്ന് ആരും കരുതുന്നില്ല. ഇസ്‌ലാമിന്റെ പേരിൽ നിലനിൽക്കുന്ന അനിസ്‌ലാമിക സംഘടനകളെ തിരിച്ചറിയുക; വലിച്ചെറിയുക. പെണ്ണുങ്ങൾ പള്ളിയിൽ പോവണോ വേണ്ടയോ? രാഷ്ട്രീയം ഇസ്‌ലാമിന്റെ അകത്തോ പുറത്തോ? ത്വലാഖ് മൂന്നും ഒറ്റയടിക്കോ മൂന്നടിക്കോ എന്ന തർക്കങ്ങളിൽ സമുദായത്തിന്റെ എത്ര കോടി രൂപയാണ് നഷ്ടപ്പെട്ടത്? എത്ര വിലപ്പെട്ട ദിനങ്ങളാണ് പാഴായത്!. ഈ പേക്കൂത്തുകൾ 80% വരുന്ന ഹിന്ദു കൃസ്ത്യൻ സുഹൃത്തുക്കൾ കാണുമെന്ന വിചാരമെങ്കിലും ഈ നേതാക്കൾക്ക് ഉണ്ടായിരുന്നുവെങ്കിൽ!! ഓരോ കവലയിലും നിരവധി പള്ളികൾ! ഒരേ സമയത്ത് മൈക്കിലൂടെ ബാങ്കുകളുടെ പ്രളയം! അങ്ങാടിയിൽ നിൽക്കുന്നവർക്ക് ഒരു മഹായുദ്ധത്തിന്റെ ആരവമാണെന്നു തോന്നും. ഇതൊക്കെ കണ്ടും കേട്ടും 80% ജനങ്ങൾ എങ്ങനെയാണ് ഇസ്‌ലാമിലേക്ക് വരികയെന്ന് ഇവർ ഓർക്കുന്നില്ല! ഈ പണ്ഡിതന്മാർക്ക് ഇത്രയും വെളിവില്ലാതെ പോയതിൽ നമുക്ക് പൊട്ടിക്കരയാം.

പാർട്ടി വളർത്താൻ ഇവർ ചെയ്യുന്ന മറ്റൊരു പണിയാണ് യതീമംഖാനകളും അറബിക്കോളേജുകളും സ്ഥാപിക്കൽ. യതീം കുട്ടികളുടെ എണ്ണം തികയ്ക്കാൻ കമ്മിറ്റിക്കാർ ഇന്ത്യയൊട്ടാകെ നെട്ടോട്ടമോടുകയാണ്. യതീംഖാന തുടങ്ങിയാൽ, കുട്ടികളും റിസീവർമാരും അദ്ധ്യാപകരും വാർഡന്മാരും സംഘടനാ പ്രവർത്തകരായി മാറും. ഒരു നഷ്ടവുമില്ല! ഈ രീതിയിൽ മുമ്പോട്ടു പോയാൽ, പത്തുകൊല്ലം കൊണ്ട് മുഴുവൻ കുട്ടികൾക്കും യതീംഖാനയിൽ പ്രവേശനവും, മുഴുവൻ മുസ്‌ലിംകൾക്കും റിസീവർ പണിയും കിട്ടുമെന്ന് ആശ്വസിക്കാം.

സംഘടനകൾകൊണ്ടുണ്ടായ ആപത്തുകൾ എഴുതി അറിയിക്കാൻ കഴിയില്ല. സംഘടനകളുടെ തണലിൽ പണക്കാർ സകാത് കൊടുക്കാതെ രക്ഷപ്പെടുന്നു. സകാത് സംഘടിതമായി നേതാവിനെ ബോധ്യപ്പെടുത്തി കൊടുക്കേണ്ടതാണെന്ന് ഉൽപതിഷ്ണുക്കളെങ്കിലും സമ്മതിക്കും. എന്തുകൊണ്ട് വ്യവസ്ഥാപിതമായി കൊടുക്കുന്നില്ലാ എന്നു ചോദിച്ചാൽ, ഈ കാര്യത്തിൽ നേതാക്കൾ വാശി പിടിച്ചാൽ പണക്കാർ പാർട്ടി വിട്ട് മറ്റേ പാർട്ടിയിൽ ചേരും. പാർട്ടിക്ക് ഉണ്ടായേക്കാൻ ഇടയുള്ള നഷ്ടം പരിഗണിച്ച് ഇസ്‌ലാമിലെ അഞ്ച് സ്തംഭങ്ങളിൽ ഒന്ന് ഒഴിച്ചിട്ടതാണ്. ഇപ്പോൾ ഇസ്‌ലാം നാലു കാലിൽ സുഖമായി നിൽക്കുന്നു. നിത്യവും ഉണ്ടായി

*(ശേഷം 39 - ൽ)*

## വാർത്തകൾ

## വിഘടിതർ തിരിച്ചു വരണം

**- കെ. എൻ. എം**

കോഴിക്കോട്: തെറ്റിദ്ധാരണ കാരണം മാറി നിൽക്കേണ്ടിവന്നതിൽ വേദനിക്കുന്നവർ തെറ്റ് തിരുത്തി മാതൃസംഘടനയിലേക്ക് തിരിച്ചുവരണമെന്ന് കെ. എൻ. എം സംസ്ഥാന പ്രസിഡന്റ് ടി. പി. അബ്ദുള്ളക്കോയ മദനി ആവശ്യപ്പെട്ടു. കെ. എൻ. എമ്മിനെതിരെ നടത്തിയ നിയമ യുദ്ധങ്ങളിലെല്ലാം പരാജയപ്പെട്ട സാഹചര്യത്തിൽ ഇനി സമാന്തരപ്രവർത്തനത്തിന് സാധ്യതയുണ്ടോ എന്ന് മറുഭാഗം ആലോചിക്കണമെന്നും അദ്ദേഹം പറഞ്ഞു. *(മാതൃഭൂമി 26 ആഗസ്റ്റ് 2010)*

## മാതൃസംഘടന തെറ്റ് തിരുത്തണം

**- മടവൂർ വിഭാഗം**

മാതൃസംഘടന തെറ്റ് തിരുത്താൻ തയ്യാറായാൽ യോജിക്കാൻ തയ്യാറാണെന്ന് കേരള നദ്‌വത്തുൽ മുജാഹിദീൻ (മടവൂർ വിഭാഗം) സെക്രട്ടറി സി. പി. ഉമർ സുല്ലമി പറഞ്ഞു. ഒന്നായിരുന്നപ്പോൾ ഉണ്ടായിരുന്ന ആദർശത്തിലേക്കും അന്നത്തെ പണ്ഡിത സഭ എടുത്ത തീരുമാനങ്ങളിലേക്കും അവർ തിരിച്ചെത്തണം. എന്നാൽ മാത്രമേ യോജിക്കാനാവൂ - അദ്ദേഹം പറഞ്ഞു. *(മാതൃഭൂമി 26 ആഗസ്റ്റ് 2010)*

## സമസ്തക്കാർ അല്ലാഹുവിൽ നിന്നും മുസ്‌ലിംകളെ അകറ്റി

**- എ. അബ്ദുസ്സലാം സുല്ലമി**

'അല്ലാഹുവിൽ നിന്നും മുസ്‌ലിംകളെ അകറ്റി നിർത്തി നമസ്കാരം ഉപേക്ഷിക്കുകയും കഞ്ചാവ് വലിക്കുകയും അന്യസ്ത്രീകളെ തൊട്ടുരുമ്മി രസിക്കുകയും ചെയ്യുന്ന തെമ്മാടികളുമായി മുസ്‌ലിം സമൂഹത്തെ ബന്ധിപ്പിച്ച സമസ്തക്കാരാണ് മുജാഹിദുകൾ ജനങ്ങളെ അല്ലാഹുവിൽ നിന്ന് അകറ്റുകയാണെന്ന് പറയുന്നത്'. *(അല്ലാഹുവിലേക്കുള്ള വഴികൾ ആരാണ് കൊട്ടിയടച്ചത്' - എ. അബ്ദുസ്സലാം സുല്ലമി - ശബാബ് വാരിക 20 ആഗസ്റ്റ് 2010 പേ. 31)*

വാർത്തകൾ

നാസിം സെഹ്റ

# പ്രളയം: കൂട്ടപ്പലായനത്തിന്റെ ദൃക്സാക്ഷ്യം

## പാകിസ്താന്റെ ഭീതിജനകമായ പ്രളയത്തിന്റെ വിവരണമാണ് ലേഖിക നൽകുന്നത്. (Daily Times 28 Aug. 2010 - Pakistan)

അപ്പോൾ സന്ധ്യയോടടുപ്പിച്ച സമയമായിരുന്നു. ടൻഡോ ഹാഫിസ് ഷാ എന്ന സ്ഥലത്തെ വെള്ളപ്പൊക്കത്തിന് ഞാൻ ദൃക്സാക്ഷിയായി. ടൻഡോ ഹാഫിസ് ഷാ അൻപതിനായിരം ജനങ്ങളുള്ള തെക്കൻ സിന്ധിലെ ഒരു ചെറിയ ഗ്രാമായിരുന്നു. പ്രളയജലം ഇരച്ചു കയറിയപ്പോൾ ആ ജനത മുഴുവൻ ഗ്രാമത്തിൽ നിന്നും മാറിത്താമസിക്കേണ്ടി വന്നു. പീടികകളും കമ്പോളങ്ങളും അടച്ചു. കഴുതകൾ തെരുവുകളിൽ അലയുന്നുണ്ടായിരുന്നു. അടുത്തുള്ള പാടത്തെ കൃഷി ഉടൻ തന്നെ ജലത്തിലാഴ്ന്നു. പിന്നീട് അത് ആളൊഴിഞ്ഞ പ്രേതനഗരം പോലെയായി. അസാമാന്യമായ വേഗതയിലും ശക്തിയിലും ജലം ഇരച്ചുകയറുന്നതാണ് ഞാൻ പിന്നീട് കണ്ടത്. പതുക്കെ തെരുവുകളും കെട്ടിടങ്ങളും ജലത്തിൽ മുങ്ങാൻ തുടങ്ങി.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് വേനലിൽ പ്രദേശവാസികൾ പരുത്തിചെടികളും കരിമ്പും ഉണക്കാനിട്ടിരുന്നു. സ്ഥലങ്ങളെല്ലാം വെള്ളം കയറി. ഈ വർഷം കൃഷി പൂർണ്ണമായും നശിച്ചു. കൂലംകുത്തിയൊഴുകിയ സിന്ധു നദി എല്ലാം വിഴുങ്ങി. ഗ്രാമവാസികൾ എന്നോട് പറഞ്ഞത് ഇത് പോലെയൊരു പ്രളയം അവരുടെ ജീവിതത്തിൽ ദർശിച്ചിട്ടില്ല എന്നാണ്. അപകടം മുൻകൂട്ടി കണ്ട ഗ്രാമവാസികൾ നദിയുടെ കരയിൽ 8 അടിയോളം ഉയരത്തിൽ മണൽ തിട്ട ഉയർത്തികെട്ടിയിരുന്നു. കഴിഞ്ഞദിവസം രാത്രി ഒരൊറ്റയടിക്ക് സിന്ധുനദി അതെല്ലാം തകർത്തുകളഞ്ഞു. കരയിലുട നീളം വമ്പിച്ച ചാലുകൾ തീർത്തുകൊണ്ട് നദിയിലെ ജലം കരയിലേക്ക് വലിയ തരംഗങ്ങൾ സൃഷ്ടിച്ചു തകർത്തൊഴുകുകയാണ്.

ടാൻഡോ ഹാഫിസ് ഷാ ഗ്രാമത്തെ പ്രളയം പൂർണ്ണമായും നശിപ്പിച്ചു. അവരുടെ കൃഷിയും, വീടും സ്ഥാവരവും ജംഗമവുമായ സകലതും വെള്ളത്തിൽ പൂർണ്ണമായും മുങ്ങി. ജനങ്ങൾ ബഹുദൂരം നടന്നാണ് ഒരു സുരക്ഷിതസ്ഥാനത്ത് എത്തുന്നത്. അവർ വാസസ്ഥലം വിട്ടുപോകുമ്പോൾ എങ്ങോട്ടാണ് അവർ പോകുന്നതെന്നോ എന്നാണ് തിരിച്ചുവരുമെന്നോ അവർക്കറിയില്ല.

ടാൻഡോ ഹാഫിസ് ഷാ യിലെ ഇത്തരം ദൃശ്യങ്ങൾ രാജ്യത്തുടനീളം അറ്റമില്ലാതെ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പാകിസ്താനിലെ സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനങ്ങളിലേക്ക് സഞ്ചരിച്ചാലും ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് സഞ്ചരിച്ചാലും ഇതേ ദൃശ്യങ്ങൾ തന്നെയാണ് കാണാനാവുക.

സിന്ധു നദിക്കടുത്തുള്ള യക്കോബാബാദിൽ ഞങ്ങളുടെ മീഡിയ ടീം എത്തിയപ്പോൾ നിരാശഭരിതരായ ജനക്കൂട്ടം അവിടെ നിന്നും കൈയ്യിൽ കിട്ടിയതെല്ലാം ഭാണ്ഡങ്ങളിൽ കുത്തിനിറച്ച് പലായനമാരംഭിച്ചിരിക്കുകയായിരുന്നു. കറാച്ചിയിലേക്ക് യാത്രതിരിക്കാൻ ആയിരക്കണക്കിന് ജനങ്ങൾ റെയിൽവേ സ്റ്റേഷനിൽ വണ്ടി കാത്ത് കെട്ടി കിടക്കുന്നു. എല്ലാവരും ഭയചകിതരാണ്. ആരും ആർക്ക് വേണ്ടിയും കാത്തുനിൽക്കുന്നില്ല. ചൂടും വിശപ്പും ദാഹവും ആ ജനകൂട്ടത്തെയാ കമാനം തളർത്തിയിട്ടുണ്ട്. വാവിട്ടു നിലവിളിക്കുന്ന കുഞ്ഞുങ്ങളും വിതുമ്പിക്കരയുന്ന സ്ത്രീകളും പ്രതീക്ഷ നശിച്ച പുരുഷന്മാരും മോചനത്തിന്നായി റെയിൽവേ പ്ളാറ്റ്ഫോമിൽ വണ്ടി കാത്ത് നിൽക്കുകയാണ്. രക്ഷകനായെത്തുന്ന വണ്ടികൾ വിരളമാണ്. വരുന്ന വണ്ടികളിൽ തന്നെ വിവരണാതീതമാം വിധം ആളുകളെ കുത്തിനിറച്ചുകൊണ്ടാണ് വരുന്നത്. അവരെല്ലാം ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടി യാചിക്കുകയായിരുന്നു.

ഈ സ്റ്റേഷനിൽ നിന്നും ഷുക്കൂറിലേക്കുള്ള റോഡ് അടുത്താണ്. അവിടെ ജലപ്രളയത്തിൽ നിന്നും രക്ഷപ്പെട്ടുവരുന്ന മഹാജന വീട്ടുസാമാനങ്ങളും വീട്ടുമൃഗങ്ങളും മറ്റുപകരണങ്ങളുമെല്ലാം പേറിക്കൊണ്ട് ജനങ്ങളുടെ നിലക്കാത്ത പ്രവാഹം! സാമാന്യം ഭേദപ്പെട്ട സാമ്പത്തികശേഷിയുള്ളവർ ട്രക്കുകളിലും വാഹനങ്ങളിൽ സാധനങ്ങൾ കുത്തിനിറച്ചുകൊണ്ടാണ്

എങ്ങോട്ടെന്നില്ലാത്ത യാത്ര ചെയ്യുന്നത്. സംഹാരരുദ്രയായ പ്രകൃതി. ഈ ജനക്കൂട്ടത്തെ സ്വന്തം മടിത്തട്ടിൽ നിന്നും ആട്ടി പായിച്ചിരിക്കുന്നു.

പെട്രോൾ പമ്പിനടുത്തേക്ക് തങ്ങളുടെ വാഹനം നീങ്ങിയപ്പോൾ അവിടെ നൂറുകണക്കിന് സ്ത്രീകളും പുരുഷന്മാരും കൂട്ടംകൂടിനിൽക്കുന്നത് കണ്ടു. കത്തുന്ന ചൂടിൽ അവരെല്ലാം ദാഹിച്ചും വിശന്നും അവശരായിരിക്കുന്നു. വളരെ ദുർബലമായി അവർ അവരുടെ ഹതവിധിയെകുറിച്ച് ഞങ്ങളോട് പരാതിപ്പെട്ടു. രണ്ട് കൊച്ചുകുട്ടികളുടെ കരച്ചിൽ ഞങ്ങളുടെ ശ്രദ്ധയെ അങ്ങോട്ടു തിരിച്ചു. ഉണങ്ങിയ റൊട്ടി വായിലിട്ട്, വെള്ളത്തിന് വേണ്ടിയായിരുന്നു ആ കൊച്ചുകുട്ടികൾ കരഞ്ഞുകൊണ്ടിരുന്നത്.

അവിടെ നിന്നും കുറച്ചകലെ സിക്കാർപൂരിൽ വിജനമായ ഗ്രാമത്തിൽ ഏകാന്തനായി ഒരാൾ നില്ക്കുന്നു. അയാളുടെ വൃദ്ധ മാതാവിനെയും കുടുംബത്തേയും കൊണ്ടു പോകാൻ ഒരു വാഹനം പിടിക്കാൻ ഗതിയില്ലാതെയാണ് അയാളുടെ നില്പ്. കാർമേഘം നിറഞ്ഞ ആകാശത്തെ നോക്കി അയാൾ പറഞ്ഞു. 'അല്ലാഹുവും ഖുർആനും ഞങ്ങളെ രക്ഷിക്കും'.

പതിനായിരക്കണക്കിന് ജനങ്ങളുടെ ഈ മഹാപ്രയാണം പ്രകൃതിയുടെ ശക്തിക്ക് മുമ്പിൽ മനുഷ്യന്റെ കീഴടങ്ങലിനെ സൂചിപ്പിക്കുന്നു. നാല് ആഴ്ചകൾക്ക് മുമ്പ് ആരംഭിച്ച ഈ മഹാദുരന്തം നമ്മുടെ സമൂഹത്തിലുണ്ടാക്കിയ സാമ്പത്തിക ആഘാതം വമ്പിച്ചതാണ്. ഐതിഹാസികമായ ഇത്തരം ദുരന്തത്തിന് ലോകം ഒരു നൂറ്റാണ്ടിനിടയിൽ സാക്ഷിയായിട്ടുണ്ടാവില്ല.

പ്രകൃതിയുടെ ദുരന്തം എന്നതിൽകവിഞ്ഞ് നാം ഇതിനൊരു ഉത്തരം തേടുമ്പോൾ ഒരു കാര്യം വ്യക്തമാവുന്നു. മഹാദുരന്തങ്ങൾ ഭരണകൂടങ്ങളുടെക്കൂടി മഹാദുരന്തങ്ങളുടെ സൃഷ്ടിയാണ്. ആധുനിക കാലത്ത് പാകിസ്താൻ അനുഭവിക്കുന്ന ദുരിതങ്ങൾ തുല്യതയില്ലാത്തതാണ്. വരാനിരിക്കുന്ന വർഷങ്ങളിൽ ഈ പ്രളയം പാകിസ്താന്റെ പുരാവൃത്തങ്ങളിലെ യക്ഷികഥകളെപോലെ ഭയാനകകഥകളാലും ചരിത്രമായും രേഖപ്പെടുത്തപ്പെടും. ചിലർ പറഞ്ഞു. പാവപ്പെട്ടവരോട് സമ്പന്നർ ചെയ്ത ചൂഷണത്തിന്റെ ഫലമാണ് ഈ പ്രകൃതി ദുരന്തം എന്ന്. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന മുസ്തഫ ഒരു മറുചോദ്യവുമായാണ് അതിന് മറുപടി പറഞ്ഞത്. 'അങ്ങനെയെങ്കിൽ കഷ്ടപാടനുഭവിക്കുന്ന പാവപ്പെട്ടവന് തന്നെ എന്ത് കൊണ്ട് ഈ ദുരിതം ഏറ്റവും മാരകമായി ബാധിക്കുന്നത്?' ഈ ദുരന്തത്തിൽ നിന്നും പാകിസ്താന് കരകയറാൻ ഈയടുത്തകാലത്തൊന്നും സാധ്യമല്ല. ❐

*(37-ൽ നിന്ന് തുടർച്ച)*

ക്കൊണ്ടിരിക്കുന്ന വർഗ്ഗീയ കലാപങ്ങൾക്കും കാരണക്കാർ ഇവർ തന്നെ. കാരണം, ഇവർ മുസ്‌ലിംകളെ പല തട്ടുകളിലാക്കി ഭിന്നിപ്പിച്ചു കൊടുത്തു. അപ്പോൾ മുസ്‌ലിംകളുടെ ശത്രുക്കൾക്ക് വളരെ എളുപ്പമായി. ബാബരി പള്ളി തകർത്തതിനും ഉത്തരവാദികൾ ഇവർ തന്നെ. ഒരു നേതാവിന്റെ പിന്നിൽ ഒന്നിച്ചിരുന്നുവെങ്കിൽ പള്ളി തകർക്കാൻ അക്രമികൾ ധൈര്യപ്പെടുമായിരുന്നില്ല. ബാബരി സംരക്ഷണ കമ്മിറ്റി പത്തിൽ കൂടുതലാണെന്നോർക്കുക. നേതാക്കൾ ഒരു കാര്യം മനസ്സിലാക്കുന്നത് നന്ന്. നിങ്ങളെ സ്നേഹിക്കുന്ന മുസ്‌ലിംകൾ കേരളത്തിൽ 20% മാത്രമെ വരൂ. 80% നിങ്ങളെ വെറുക്കുന്നു. ഈ അവസ്ഥ വരാൻ പാടില്ല. ഈമാനുള്ള മുസ്‌ലിംകൾ നിങ്ങളെ സ്നേഹിക്കുന്ന അവസ്ഥ വരണം. അതിന് നാം ഒന്നാവണം.

ഇസ്‌ലാമിക സംഘടനകൾ എന്ന ഒന്ന് ഇല്ല. അല്ലാഹുവുകൾ, കഅ്ബകൾ, ഇസ്‌ലാം ദീനുകൾ എന്നൊക്കെ പറയുന്നതുപോലെയാണ് ഇസ്‌ലാമിക സംഘടനകൾ എന്നു പറയുന്നതും. ഇസ്‌ലാമിനെ അറിയുക. അൽജമാഅഃ ഉണ്ടാക്കാനുള്ള ചർച്ചകളാണ് നടക്കേണ്ടത്.

ഒരു നേതാവിനെ തെരഞ്ഞെടുക്കണം. ആ നേതാവ് ഒരു പൊട്ടനാണെങ്കിലും ഇന്നത്തേതിനെക്കാൾ ആയിരം മടങ്ങ് നേട്ടമുണ്ടാവും. ജീർണ്ണതകൾ ആയിരം മടങ്ങ് കുറയും. ഈ ലോകത്തേക്കും പരലോകത്തേക്കും നേട്ടമായിരിക്കും. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും എല്ലാവരും ആദരിക്കും. വർഗ്ഗീയ കലാപങ്ങളും പള്ളിപൊളിയും ഇല്ലാതാവും. വ്യവസ്ഥാപിത സകാത്ത് നടപ്പിൽ വരുത്തുക കൂടി ചെയ്താൽ, സാമ്പത്തിക രംഗം ചർച്ച ചെയ്യുന്ന ഭൗതിക ഇസങ്ങൾ ഇസ്‌ലാമിന്റെ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങും. അതെല്ലാം കണ്ടും അനുഭവിച്ചും സന്തോഷത്തോടെ പരലോകത്തേക്ക് യാത്ര തിരിക്കാം. ഒരു നേതാവിനെ തെരഞ്ഞെടുത്ത് ഒന്നിക്കാൻ തയ്യാറല്ലെങ്കിൽ മൗലവി മുസ്‌ലിയാക്കന്മാരെ കൈവെടിയുക. ഒറ്റയ്ക്ക് നിൽക്കാനാണ് റസൂൽ പറഞ്ഞത്. അൽജമാഅഃ നടപ്പിൽ വരാൻ ശക്തമായി പ്രവർത്തിക്കുക. ഭിന്നാഭിപ്രായങ്ങൾ ചന്തയിൽ ചർച്ച ചെയ്യാതിരിക്കുക. അതാണ് ഇസ്‌ലാം അനുശാസിക്കുന്നത്.

ബലിയാടാക്കപ്പെടുന്ന മുസ്‌ലിം ഉമ്മത്തിനു വേണ്ടി ഇത് സമർപ്പിക്കുന്നു. ***(ദൗത്യം മാസിക – റജബ് 1431 – ജൂൺ-ജൂലായ് 2010) മുത്തപറമ്പ്, പന്നിക്കോട്, കോഴിക്കോട് ജില്ല – 673 602.)*** ❐

# പാകിസ്താനിൽ മന്ദഗതിയിലുള്ള സുനാമി

**ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനമായ ന്യൂയോർക്കിൽ പാകിസ്താൻ പ്രളത്തോടനുബന്ധിച്ച് സെക്രട്ടറി ജനറൽ ബാൺ കി മൂൺ 20 ആഗസ്റ്റ് 2010ന് വിളിച്ചു ചേർത്ത പ്രത്യേക യോഗത്തിന്റെ റിപ്പോർട്ട്.**

യുണൈറ്റഡ് നേഷൻസ് (ന്യൂയോർക്ക്): താൻ കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് പാകിസ്താനിലെ പ്രളയം എന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ ബാൺ കി മൂൺ പറഞ്ഞു. ദുരിതം ഏറ്റവും ബാധിച്ച ഈ മേഖലയിൽ വീണ്ടും പേമാരി പെയ്യുകയാണ്. ആദ്യത്തെ കോളറ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. വിദേശ രാജ്യങ്ങളോട് അവരുടെ സംഭാവനകൾ വർദ്ധിപ്പിക്കാൻ സെക്രട്ടറി ജനറൽ ആവശ്യപ്പെട്ടു. 3 ലക്ഷം ആളുകൾക്ക് കോളറയും 7 ലക്ഷം പേർക്ക് അതിസാരവും പിടിപെട്ടിട്ടുണ്ടെന്ന് ലോകാരോഗ്യസംഘടനയെ ഉദ്ധരിച്ച് 1,600 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. 20 ലക്ഷം ആളുകൾ ഭവനരഹിതരായി. ലോകസമൂഹത്തിന്റെ ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ട സന്ദർഭമാണിത്. പാകിസ്താനിപ്പോൾ 'സാവകാശത്തിലുള്ള സുനാമി' (Slow motion tsunami) യാണ് നേരിടുന്നത്.

ഐക്യരാഷ്ട്രസഭ വീണ്ടും 10 ലക്ഷം ഡോളർ പാകിസ്താന് അടിയന്തിര സഹായം അനുവദിച്ചിട്ടുണ്ട്. ബാൺ കി മൂൺ പറഞ്ഞു. ഇതൊരു ഹൃദയഭേദകമായ ദിനമാണ്. ഞാനൊരിക്കലും ഇത്തരത്തിലുള്ള ദുരന്തത്തിനും മനുഷ്യയാതനകൾക്കും സാക്ഷ്യം വഹിച്ചിട്ടില്ല എന്ന് പാകിസ്താൻ സന്ദർശിച്ചുവന്ന ബാൺ പറഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ ലോകത്തുണ്ടായ പല ദുരന്തങ്ങളും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ഇത്പോലെയൊന്ന് ഞാൻ ദർശിച്ചിട്ടില്ല' ഈ പരീക്ഷണത്തിന്റെ ഘട്ടത്തിൽ ഐക്യരാഷ്ട്രസഭയുടേയും അനുതാപവും ഐക്യദാർഢ്യവും പാകിസ്താൻ ജനതയോടും ഭരണകൂടത്തോടും ഞാൻ പങ്കുവെക്കുന്നു. പാകിസ്താനുവേണ്ടി ലോകരാഷ്ട്രങ്ങൾ അവരുടെ സംഭാവനകൾ ത്വരിതപ്പെടുത്തണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

സിന്ധുനദിയിൽ നിന്നും ഇരച്ചുകയറുന്ന പുതിയ ജലതരംഗങ്ങൾ തെക്കൻ സിന്ധിലുള്ള നഗരങ്ങളേയും ഗ്രാമങ്ങളേയും വിഴുങ്ങുമെന്ന ഭീഷണിയിലാണ്. മുതിർന്ന കാലാവസ്ഥ ശാസ്ത്രജ്ഞന്മാർ മുഹമ്മദ് അജ്മൽ സാദ് പറഞ്ഞു. സിന്ധ് മേഖലയിലെ ജേക്കോബാബാദ് ഹൈദരാബാദ്, താറ്റ, ഗോത്കി, ലാർക്കാനാ പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണിയെ തുടർന്ന് ജനങ്ങൾ ഒഴിഞ്ഞുപോയിക്കഴിഞ്ഞു.

പാകിസ്താനോടൊപ്പം ലോകവും നിർണ്ണായകമായ നിമിഷങ്ങളാണ് പിന്നിടുന്നതെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി ഹിലാരി ക്ലിന്റൺ പറഞ്ഞു. അമേരിക്കയും ബ്രിട്ടനും കൂടെ 250 ദശലക്ഷം ഡോളറിന്റെ സഹായധനം പാകിസ്താനുവേണ്ടി പ്രഖ്യാപിച്ചിട്ടുണ്ട്.

ജലപ്രളയത്തിൽ ദുരിതത്തിലകപ്പെട്ട 2 കോടി പാകിസ്താനികൾക്ക് വേണ്ടിയാണ് ഞാൻ നിങ്ങളുടെ മുന്നിൽ നില്ക്കുന്നതെന്ന് ഐക്യരാഷ്ട്രസഭയുടെ ധനസമാഹരണ സെഷനിൽ പ്രസംഗിച്ച പാകിസ്താൻ വിദേശകാര്യമന്ത്രി ഷാ മെഹ്മൂദ് ഖുറൈഷി പറഞ്ഞു. പ്രളയക്കെടുതി മൂലമുണ്ടായ ദുരിതവും സാമ്പത്തികനഷ്ടവും ഉടൻ പരിഹരിക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം പാകിസ്താനിലെ തീവ്രവാദികൾ ഈ അവസരം മുതലെടുക്കുമെന്നും ഖുറൈഷി പറഞ്ഞു.

17 കോടി ജനങ്ങളുള്ള ഈ ന്യൂക്ലിയർ രാജ്യം ഭീകരവാദികളുടെ നിരന്തരഭീഷണിയിലാണ്. അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തയത്ര ഭയാനകമാണ് പാകിസ്താനിലെ പ്രളയക്കെടുതിയെന്ന് ഹിലാരി ക്ലിന്റൺ പറഞ്ഞു. ഞങ്ങൾ വീക്ഷിച്ചപ്പോൾ സഹോദരന്മാരും സഹോദരിമാരും മാതാക്കളും പിതാക്കളുമടങ്ങിയ സഹായമർഹിക്കുന്ന 20 ദശലക്ഷം മനുഷ്യകുടുംബം തന്നെയാണ് കണ്ടത്. അമേരിക്ക 90 ദശലക്ഷം ഡോളറിൽ നിന്നും 150 ദശലക്ഷം ഡോളറായി സഹായധനം വർദ്ധിപ്പിക്കുന്നുവെന്നും മിസിസ് ക്ലിന്റൺ പറഞ്ഞു.


'ഞാൻ പാകിസ്താനിൽ നിന്നും നേരിട്ടാണ് ന്യൂയോർക്കിലേക്ക് വരുന്നത്' അടിയന്തിരമായി നൽകേണ്ട സഹായത്തിന്റെ ആവശ്യകതയാണ് ഞാനവിടെ കണ്ടത്. ബ്രീട്ടിഷ് വികസനകാര്യസെക്രട്ടറി ആൻഡ്രൂ മിഷൻ പറഞ്ഞു. 40 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് പാകിസ്താൻ ദുരിതാശ്വാസ ധനസമാഹരണ പ്രത്യേക സമ്മേളനത്തിൽ പങ്കെടുത്തത്.

(AP/C News.www.aptnews.com) ❐

അനുസ്മരണം

# അപ്രശസ്തിയുടെ പ്രസക്തി : പ്രൊഫ. എം. മുഹമ്മദ്

## കെ.എ. സാലിഹ് സാഹിബ്



*"ആദ്യകാല പത്രപ്രവർത്തകൻ ഉദുമ മുല്ലച്ചേരിയിലെ കെ.എ. സാലി (85) അന്തരിച്ചു. മംഗലാപുരത്ത് നടന്ന കയ്യൂർ കേസ്സിന്റെ വിചാരണ പത്രങ്ങളിലൂടെ പുറംലോകത്ത് എത്തിച്ചത് സാലിയാണ്. മാതൃഭൂമി, ഹിന്ദു, ദേശാഭിമാനി, പൗരശക്തി, തുടങ്ങിയ പത്രങ്ങളിൽ ഇദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ലോകസഭയിൽ എ.കെ.ജി. പ്രതിപക്ഷനേതാവായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു." ഇത്രയുമാണ് ഈ കഴിഞ്ഞ ആഗസ്റ്റ് 16ന് കാലത്ത് അന്തരിച്ച കെ.എ. സാലിഹ് സാഹിബിനെ കുറിച്ച് പത്രചരമകോളം പറഞ്ഞത്.*

"ഖാദിയായിയായതു കാരണം ആരോരും തിരിഞ്ഞു നോക്കാതെ പോയ ഒരു സാധു മനുഷ്യൻ" – ഒരു മുസ്ലിം സുഹൃത്ത് പറഞ്ഞു. അതെ, അതങ്ങിനെ തന്നെയായിരുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിൽ ചേർന്നത് കാരണം ഭൂരിപക്ഷ മുസ്ലിം സമൂഹം പിന്നെ ഈ മനുഷ്യനെ തിരിഞ്ഞുനോക്കിയില്ല. എന്നാൽ ഒറ്റയാനായി ജീവിക്കാനുള്ള അസാമാന്യകരുത്ത് ഈ മനുഷ്യന് ജന്മസിദ്ധമായിരുന്നു. ആദർശനിഷ്ഠയെന്തെന്ന് പ്രസംഗത്തിലൂടെയല്ലാതെ സ്വജീവിതത്തിൽ തെളിയിച്ചുകാണിച്ച ഒരു ഗ്രാമീണൻ.

പോസ്റ്റ്കാർഡുകളിലാണ് അദ്ദേഹവും ഞാനുമായുള്ള ബന്ധം കഴിഞ്ഞ കുറെ വർഷങ്ങളായി നിലനിന്നത്. ആ ബന്ധം തുടങ്ങിയതാകട്ടെ 1963ൽ.

ഒരു ജൂനിയർ ലക്ചററായി ഞാൻ ഫാറൂക്ക് കോളേജിൽ പ്രവേശിച്ച വർഷം തന്നെയാണ് ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. എന്റെ സഹധർമ്മിണിയെ ആദ്യമായി കണ്ട വർഷവും. ടി.പി. മുഹമ്മദ് കുഞ്ഞി സാഹിബ് (തളിപ്പറമ്പ് സർ സയ്യദ് കോളേജിലെ ഇംഗ്ലീഷ് പ്രൊഫസ്സറും പിന്നീട് പ്രിൻസിപ്പലും), പരേതനായ ടി.സി. അബൂട്ടി സാഹിബ് (കൂത്ത്പറമ്പ് നിർമലഗിരി കോളേജ് ഇംഗ്ലീഷ് പ്രൊഫസ്സർ). കെ.എ. സാലിഹ് സാഹിബ് തുടങ്ങിയ അനർഘവ്യക്തിത്വങ്ങളെ എനിക്ക് ആത്മമിത്രങ്ങളായി ലഭിച്ച വർഷം – 1963.

ആർജ്ജവമിയന്ന ആ നോട്ടവും ജാടകളില്ലാത്ത ആ പെരുമാറ്റവും ആദായത്തിനുവേണ്ടി താൻ ആദർശം ബലികഴിക്കുന്നില്ലെന്ന് തെളിയിച്ച് അദ്ദേഹം നടന്നുപോയ വഴികൾ, തേടിയ തൊഴിലുകൾ, നഷ്ടപ്പെടുത്തിയ അവസരങ്ങൾ. അദ്ദേഹം പണം നേടിയില്ല, പ്രശസ്തിയും പേരും പെരുമയും നേടിയില്ല. പക്ഷെ എ.കെ.ജി.യെപ്പോലുള്ള മഹത്വമുള്ളവരുടെ ശ്രദ്ധ നേടി. കറകളഞ്ഞ കമ്മ്യൂണിസ്റ്റായിരുന്ന അദ്ദേഹത്തെ എ.കെ.ജി. ഏറെ സ്നേഹിച്ചു. തന്റെ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചു.

ഞാൻ കാണുമ്പോൾ സാലിഹ് സാഹിബ് രാഷ്ട്രീയപ്രവർത്തകനായിരുന്നില്ല. അദ്ധ്യാപകനായിരുന്നു. വേണമെങ്കിൽ ഉയർച്ചയുടെ പടവുകൾ നേടി രണ്ടും അദ്ദേഹത്തിന് ഒന്നിച്ചുകൊണ്ടുപോകാമായിരുന്നു. പക്ഷെ അദ്ദേഹം അത് ചെയ്തില്ല. അവസരം നഷ്ടപ്പെടുത്തി. സാലിഹ് സാഹിബിന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടനായ മറ്റൊരു മഹദ് വ്യക്തി അൽ അസ്ഹർ യൂനിവേഴ്സിറ്റി ബിരുദധാരിയും ഇസ്‌ലാമിക പണ്ഡിതനുമായിരുന്ന അബുസ്സബാഅ് മൗലവിയായിരുന്നു. ഫറൂക്കിലെ റൌളത്തുൽ ഉലൂം അറബിക് കോളേജിൽ സാലിഹ് സാഹിബിനെ അദ്ധ്യാപകനായി നിയമിച്ചത് അദ്ദേഹമായിരുന്നു. നമസ്കാരങ്ങൾ നയിക്കാനും സാലിഹ് സാഹിബ് നിയോഗിതനായി. എന്നാൽ ഈ കാലയളവിൽ 'ലൈറ്റ്' എന്ന മാഗസിനിലൂടെ അഹ്മദിയ്യത്ത് മനസ്സിലാക്കിയ അദ്ദേഹം മാസികയുടെ വരിക്കാരനായിരുന്നു. വൈകുന്നേര നടത്തങ്ങളിൽ മാസിക എനിക്ക് തരും. ഞാൻ 'ഖാദിയാനി'യാണെന്ന് കോളേജധികൃതർക്കറിയാമായിരുന്നു. സാലിഹ് സാഹിബും അതാണെന്ന കാര്യം കുറെകഴിഞ്ഞാണവർ മനസ്സിലാക്കുന്നത്. എന്റെ ഒപ്പമായിരുന്നു അദ്ദേഹത്തിന്റെ ബൈഅത്തും. ഇതോടെ ഫാറൂക്ക് പള്ളിയിലെ നമസ്കാരനേതൃത്വത്തിൽ നിന്നും അദ്ദേഹത്തെ അവർ ഒഴിവാക്കി. ഒരു വർഷത്തിനുശേഷം അറബിക് കോളേജിലെ അദ്ധ്യാപകജോലിയും അദ്ദേഹത്തിന് നഷ്ട

പ്പെട്ടു. ആദർശപീഠത്തിൽ ബലി യർപ്പിക്കപ്പെട്ടു ആദായം.

ഉപജീവനമാർഗം തേടി സാലി ഹ് സാഹിബ് നാട്ടിലേക്കാണ് മടങ്ങി യത്. കാഞ്ഞങ്ങാടിന് വടക്ക് കോട്ട ച്ചേരി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സിൽ ഒരു ജീവനക്കാരനായി അദ്ദേഹം മാറി. വ്യാപാരി-വ്യവസായി സംഘ ടനയുടെ പ്രസിഡണ്ടായിരുന്ന മർഹൂം പൂക്കുഞ്ഞ് സാഹിബിന് സാലിഹ് സാഹിബിനോടുണ്ടായി രുന്ന പ്രത്യേക മമത അദ്ദേഹത്തി ന്റെ പല ചരക്കുകടയിൽ റൈറ്ററായി ജോലി സ്വീകരിക്കാൻ സാലി ഹ് സാഹിബിനെ പ്രേരിപ്പിച്ചു. അവിടെ "സാലിഹ് സാഹിബ് മുതലാളിയും പൂക്കുഞ്ഞ് സാഹിബ് തൊഴിലാളി യുമായിരുന്നു"വെന്നു സുഹൃത്തു ക്കൾ തമാശ പറയുമായിരുന്നു.

എഴുത്തും വായനയും അധ്യാ പനവുമായിരുന്നു രാഷ്ട്രീയം വിട്ട സാലിഹ് സാഹിബിന്റെ കർമമണ്ഡ ലങ്ങൾ. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഇസ്ലാമിയാ കോളേജി ലും മലപ്പുറം ജില്ലയിലെ ശാന്തപുരം ഇസ്ലാമിയാ കോളേജിലും റൌള ത്തുൽ ഉലൂം അറബി കോളേജിലും അദ്ദേഹം അധ്യാപകനായിരുന്നു. ഇവ കൂടാതെ കുണ്ടോട്ടി എ.ഇ.എ. കോളേജിലും അദ്ദേഹം പ്ര വർത്തി ച്ചു. ഈ അവസരത്തിലാണ് പ്രൊ ഫ. ടി.പി. മുഹമ്മദ് കുഞ്ഞി സാഹി ബുമായി അദ്ദേഹം ഏറെ അടുത്ത ത്. പ്രൊഫ. ടി.പി. അന്നവിടെ പ്രിൻ സിപ്പലായിരുന്നു. "ഇത്രയും സത്യ സന്ധനായ ഒരു മനുഷ്യനെ ഞാ നെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ഇദ്ദേഹം നിശ്ചയമായും നിങ്ങളുടെ ജമാഅത്തിനൊരു മുതൽകൂട്ടാണ്" എന്ന ടി.പി.യുടെ വാക്കുകൾ ഞാ നിവിടെ ഓർക്കട്ടെ.

അഹ്മദികളാരുമില്ലാത്തതു കൊണ്ട് കോട്ടിക്കുളം പ്രദേശത്തു ള്ള താമസം ഇഷ്ടപ്പെടാതിരുന്ന ഭാര്യയോട് എല്ലാം അല്ലാഹുവി ലർപ്പണം ചെയ്തു ധൈര്യമവലം



അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ എറണാകുളം മേഖല സമ്മേളനം ടൗൺഹാ ളിൽ അഖിലേന്ത്യാ പ്രസിഡണ്ട് മൗലാനാ മുനീർ അഹ്മദ് സാഹിബ് ഖാദിം ഉദ്ഘാ ടനം ചെയ്യുന്നു. യു. മൻസൂർ സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ്, മൗലവി സഫീർ അഹ്മദ് ശമീം സാഹിബ് , പി.കെ. ശാഹുൽ ഹമീദ് സാഹിബ്, പി.കെ. മുഹമ്മദ് ശരീഫ് സാഹിബ്, ഇ.എച്ച്. നജീബ് സാഹിബ് എന്നിവർ സമീപം.

ബിക്കാനാണ് സാലിഹ് സാഹിബ് ഉപദേശിച്ചത്. തന്റെയും കു ടുംബ ത്തിന്റെയും സുരക്ഷ പോലും മക്ക ളില്ലാത്ത സാലിഹ് സാഹിബ് പരിഗ ണിച്ചില്ല. ഈയൊരു നിലപാടെടു ക്കാൻ അടുത്ത സുഹൃത്തായ എൻ. കുഞ്ഞഹമ്മദ് മാസ്റ്റർ (മാ ട്ടുൽ) അവർകളുടെ പ്രചോദനവു മുണ്ടായിരുന്നു. ഭാര്യയുടെ വേവ ലാതി അവതരിപ്പിച്ച സാലിഹ് സാ ഹിബിനോട് മാസ്റ്റർ ഇങ്ങനെ പ്രതി കരിച്ചു: "ഭക്ഷണമോ താമസസൗക ര്യമോ ഇല്ലാത്തതിനാൽ സ്കൂൾ ഓഫീസ് മുറി പകൽ അടുക്കളയും രാത്രി കിടപ്പറയും എല്ലായ്പ്പോഴും പ്രാർത്ഥനാ ഇടവുമായികണ്ട് മലമ്പ്ര ദേശത്തുള്ള ഒരു സ്കൂളിൽ പ്രധാ നാധ്യാപകനായി കഴിഞ്ഞുകൂടുന്ന എന്നെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു? എന്റെ അവസ്ഥയേ ക്കാൾ മോശമാണോ ഹിന്ദു-മുസ് ലിം സഹോദരങ്ങൾക്കിടയിൽ സുന്ദ രമായൊരു ഗ്രാമപ്രദേശത്തുള്ള താങ്കളുടെ താമസം?" ഈ വാക്കു കൾ ഉള്ളിൽ തട്ടിയ സാലിഹ് സാ ഹിബ് ഭാര്യയുടെ ഇംഗിതം നടപ്പാ ക്കിയില്ല.

വാർധക്യസഹജമായ രോഗ ങ്ങൾ കാരണം ഭാര്യമാതാവ് മക ളുടെ കൂടെ താമസിക്കാനാണ് ഇഷ് ടപ്പെട്ടത്. അഹ്മദിയല്ലാത്ത അവർ അഹ്മദിയായ മകളുടെ കൂടെ കഴി ഞ്ഞുകൂടാനെടുത്ത തീ രുമാനം മുസ്ലിം പുരോഹിതരെ പ്രകോപി പ്പിച്ചു. "അവർ മരിക്കട്ടെ കാണിച്ചു കൊടുക്കാമെ"ന്നായി അവർ. എ ന്നാൽ ആ മരണം സംഭവിച്ചപ്പോൾ പഴയങ്ങാടി ജമാഅത്ത് ജനറൽ സെക്രട്ടറിയായിരുന്ന കുഞ്ഞഹമ്മദ് മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു പറ്റം അഹ്മദിയുവാക്കൾ പഴയങ്ങാടി യിൽ നിന്നും മുല്ലച്ചേരിയിലെത്തി മൃതദേഹം ഏറ്റെടുത്തു മറവുചെ യ്യാൻ ഒരുമ്പെട്ടതോടെ എതിർപ്പു കൾ കെട്ടടങ്ങി. സമാധാനാന്തരീക്ഷ ത്തിൽ മൃതദേഹം മറവുചെയ്യപ്പെട്ടു.

ഈ മനുഷ്യൻ ജീവിതാന്ത്യവേ ളയിൽ ഏറെ പരീക്ഷിക്കപ്പെട്ടുവെ ങ്കിലും മുൻമന്ത്രി കെ.പി. നുറുദ്ദീൻ സാഹിബിനെപോലുള്ള മനുഷ്യ സ്നേഹികളുടെ പരിശ്രമഫലമായി സാമ്പത്തിക ഞെരുക്കങ്ങളിൽ നി ന്നും രക്ഷപ്പെട്ടു. യു.ഡി.എഫ്. സർക്കാറാണ് അദ്ദേഹം ഏറെ ആഗ്ര ഹിച്ചിരുന്ന പത്രപ്രവർത്തക പെൻ ഷൻ അദ്ദേഹത്തിന്നനുവദിച്ചു ഉത്ത രവിട്ടത്. ത്യാഗധന്യനായ തന്റെ വിശിഷ്ടദാസന് സർവേശ്വരനായ റബ്ബ് പരലോകത്ത് അതിരറ്റ അനു ഗ്രഹങ്ങൾ നല്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ കുറിപ്പ് അവ സാനിപ്പിക്കട്ടെ. ❐